Date of publication: 9 നവംബർ 2017
വോള്യം 13 / ലക്കം 5 / വില 20₹
ISSN 2319 – 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



## പെൺകുട്ടിക്കാലം

# പെൺകുട്ടിക്കാലം


സംഘടിത

സംഘടിത | നവംബർ 2017 | വോള്യം 13 | ലക്കം 5




കവർചിത്രം കടപ്പാട്:
**ആറുവയസ്സുകാരി നിയ മെഹ്റിയുടെ ഗ്ലാസ്സ് പെയ്ന്റിങ്ങ്**


6 നിഴലും നിലാവും — **പുണ്യ സി.ആർ.**

8 കൗമാരകാലം — **മാനസ കെ.എസ്.**

9 മനസ്സറിയാതെ — **അഞ്ജിത**

10 സ്ത്രീയോട് — **നിരഞ്ജന**

11 പെൺകുട്ടിയായി പറന്നുയരാൻ — **മെഹാ ജലീൽ**

12 പകൽ — **അനുമോൾ സി.എ.**

13 നിലാവ് — **ജന്നത്തുൽ ഫിർദൗസ് പി.കെ.**

14 തോരാത്ത ഓർമ്മകൾ — **ദേവിന പി.എസ്.**

16 അവൾ — **നവിത എസ്.**

18 ഒന്നും കാണാതെ — **അൻസൽന**

19 പേടിയില്ല — **നന്ദന രാജീവ് പി.**

23 വീണ്ടുകിട്ടുന്ന ജീവിതം — **ഉമ വി.എൻ.**

26 ഒരുവട്ടംകൂടി — **സന്ധ്യ പഴനി**

28 അധ്യാപകർ ആധുനികരാകേണ്ടതുണ്ട് — **എം.സുൽഫത്ത്**

35 ഞാനും ഒരു പെണ്ണ് — **കീർത്തന പ്രസീന**

36 ജീവിതപാഠം — **ലക്ഷ്മി വന്ദന കെ.**

38

41 പെണ്ണായിരിക്കാൻ — **നൈന സിത്താര**




**ഫോട്ടോ ഫീച്ചർ : പെൺകുട്ടിച്ചിത്രങ്ങൾ**


43 വാസ്തവം — ഡോ.ജാൻസി ജോസ്

38 വഴിത്താരകൾ — ജാനകി

42 കഥ — ജിസ ജോസ്

51 സിനിമ — സൗമ്യ

62 ശാസ്ത്രം — സീമ ശ്രീലയം



**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ**:ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ** : ഭദ്രഅജിത്ത് **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഗാർഗി ഹരിതകം, അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, അമീറ വി.യു, ഡോ.ഷർമ്മിള.ആർ, സോണിയ ജോർജ്, മിനിസു കുമാർ **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

വിലക്കയറ്റവും ജി.എസ്.ടി.യും ദുരിതക്കയങ്ങളിലേക്കെടുത്തെറിയുന്ന സാധാരണക്കാരുടെ ജീവിതവും വെച്ച് പന്താടുകയാണ് കേന്ദ്ര സർക്കാർ. കുടുംബത്തിനകത്തെ പട്ടിണിയുടെ ഭാരമേറെയും താങ്ങുന്നത് സ്ത്രീകളാകയാൽ ഈ നയങ്ങൾ സ്ത്രീജീവിതങ്ങളെ അനുദിനം കൂടുതൽ കൂടുതൽ ദു:സ്സഹമാക്കുകയാണ്. ഹിന്ദുത്വ ശക്തികൾ തങ്ങളുടെ സാമ്പത്തിക അഴിമതികളിൽ നിന്നും കോർപ്പറേറ്റ് താൽപര്യങ്ങളിൽ നിന്നും ജനശ്രദ്ധ തിരിച്ചുവിടാൻ ലോകാത്ഭുതങ്ങളിലൊന്നായ താജ് മഹൽ ഹിന്ദുക്ഷേത്രമാക്കി 'തിരിച്ചുപിടിക്കാൻ' ഭീഷണി മുഴക്കുകയാണിപ്പോൾ. മോദിയുടെ ഭരണത്തകർച്ചയും ഹിന്ദുത്വത്തിന്റെ ഭീഭത്സരൂപങ്ങളും നിരന്തരം വെളിപ്പെടുന്നുണ്ടെങ്കിലും പ്രതിരോധങ്ങൾ ശക്തിയാർജ്ജിക്കുന്നില്ല. ഇടതുപക്ഷം ശക്തമായ പ്രതിപക്ഷമായി വർത്തിക്കുമെന്ന വലിയ പ്രതീക്ഷയിലാണ് നാം.

കേരളത്തിൽ വിപ്ലവാത്മക ചുവടുവെപ്പ് എന്ന മട്ടിൽ ദലിത് മേൽശാന്തിമാരെ ക്ഷേത്രങ്ങളിൽ നിയമിക്കുകയുണ്ടായി. യാഥാസ്ഥിതിക കോട്ടകളിൽ നിന്ന് ഇതിനെതിരെ സമരാഹ്വാനങ്ങൾ ഉയർന്നു കഴിഞ്ഞു. എന്നാൽ ഹിന്ദു എന്നത് ബ്രാഹ്മണ്യപരിസരങ്ങളിൽ നിലകൊള്ളുന്ന സ്വത്വസ്ഥാനമാണെന്ന ദലിത് വിമർശനങ്ങളുടെ മുനയൊടിച്ച് ദലിതന്റെ വിധേയത്വപരമായ 'ഹിന്ദു പ്രവേശന' മല്ലേ ഇത് ലക്ഷ്യമിടുന്നതെന്ന സന്ദേഹവും ഇതോടൊപ്പം ഉയരുന്നുണ്ട്.

രാഷ്ട്രത്തിന്റെ പ്രധാനമന്ത്രി എന്ന ഉന്നതസ്ഥാനത്തിരിക്കെ ലോകമെമ്പാടുമുള്ള കുട്ടികൾക്ക് പ്രിയപ്പെട്ട 'ചാച്ചാ' നെഹ്റു എന്നറിയപ്പെടുക - തന്റെ ലിബറൽ ആശയങ്ങൾക്ക് പിൽക്കാലത്ത് ഏറെ വിമർശനങ്ങൾക്ക് വിധേയനായെങ്കിലും ജവഹർലാൽ നെഹ്റുവിന് കുട്ടികളോടുണ്ടായിരുന്ന ഈ പരിഗണന മുന്നോട്ടു വെയ്ക്കുന്നൊരു മാതൃകയുണ്ട്. ഒരു വ്യവസ്ഥയും അതിന്റെ സ്ഥാപനങ്ങളും കുട്ടികളോട് കാണിക്കേണ്ടുന്ന കരുതലിന്റെയും സ്നേഹത്തിന്റേയുമാണത്. ആധുനികകാലം യുക്തിയെ മുറുകെപ്പിടിച്ച് മുന്നേറുമ്പോൾ ബാല്യകൗമാരങ്ങളുടെ ജൈവമായ 'അയുക്തി'കൾ കഠിനമായ സമ്മർദ്ദത്തിലാവുന്നു.മുതിർന്നവരെപ്പോലെ ചിന്തിക്കാനും പെരുമാറാനും വ്യവസ്ഥയുടെ കാർക്കശ്യങ്ങളിലേക്ക് ഒതുങ്ങാനും ഒരു പക്ഷേ ആൺകുട്ടികളേക്കാൾ കൂടുതൽ പെൺകുട്ടികളാവും നിർബന്ധിതരാകുന്നത്. ആൺകോയ്മ നിഷ്ക്കർഷിക്കുന്ന സദാചാരത്തിന്റെ കാവലാളുകളാകാനുള്ള പരുവപ്പെടുത്തലുകൾക്ക് പെൺകുട്ടികൾ നിരന്തരം വിധേയരാവുന്നു. വീടിന്റെ ചിട്ടകളും വിദ്യാലയത്തിലെ ചട്ടങ്ങളും പരസ്പരപൂരകങ്ങളായി ഈ ദൗത്യം ഏറ്റെടുക്കുന്നു. ലിംഗഭേദത്തിന്റെ , തമ്മിൽ ചേരാത്ത ലോകങ്ങളായി ആൺകുട്ടികളും പെൺകുട്ടികളും മാറ്റി നിർത്തപ്പെടുന്ന കാഴ്ചയാണ് വിദ്യാലയങ്ങളിൽ കാണാൻ കഴിയുന്നത്. ശിക്ഷയായി മാത്രം 'എതിർ' പക്ഷത്തിരുത്തുന്നു. പലവിധമായ ശാരീരികമാനസിക പീഡനങ്ങളും അവർക്ക് ചുറ്റും ഭീഷണമായ അന്തരീക്ഷം സൃഷ്ടിക്കുമ്പോൾ പെൺകുട്ടികൾക്ക് സ്വാതന്ത്ര്യം എന്നത് വിദ്യാലയ ജീവിതത്തിലേ റദ്ദായിപ്പോകുന്ന ഒരു മോഹനസ്വപ്നം മാത്രമായി അവശേഷിക്കുന്നു. കൊല്ലം ട്രിനിറ്റി ലൈസിയം സ്കൂളിലെ പത്താം ക്ലാസ്സ് വിദ്യാർത്ഥിനി ഗൗരി നേഘ സ്കൂൾ കെട്ടിടത്തിൽ നിന്ന് ചാടി (ചാടിയതു തന്നെയോ?) മരിച്ച സംഭവം ഹൃദയഭേദകമാണ്. അനിയത്തി നേരിടേണ്ടി വന്ന ശിക്ഷണനടപടി ചോദ്യം ചെയ്തതിന്റെ അനന്തരഫലമായിരുന്നു ഈ ദാരുണ സംഭവം. വ്യവസ്ഥയുടെ ഇരയാവുന്നതിൽ നിന്നും ആ പതിനഞ്ചു വയസ്സുകാരിയെ രക്ഷപ്പെടുത്താൻ കഴിയാത്തതിൽ ദുഃഖിതരും രോഷാകുലരുമാണ് നാം.

നാട്ടകം ഗവൺമെന്റ് കോളേജിലെ രണ്ട് ദലിത് വിദ്യാർത്ഥിനികളെ വിപ്ലവ വിദ്യാർത്ഥി സംഘടനാ നേതാക്കൾ മർദ്ദിക്കുകയും അസഭ്യം പറയുകയും ചെയ്ത സംഭവമുണ്ടായി. കാലടി സംസ്കൃത സർവ്വകലാശാലയിലെ മുതിർന്ന ഗവേഷക വിദ്യാർത്ഥിനിയും ഇതേ സംഘടനയിലെ അംഗങ്ങളിൽ നിന്ന് അസഭ്യവർഷങ്ങളും വധഭീഷണിയും വരെ നേരിടുകയുണ്ടായി. മഹത്തായ സ്വാതന്ത്ര്യമോഹങ്ങൾ വാഗ്ദാനം ചെയ്യുന്ന രാഷ്ട്രീയ കർമ്മപരിപാടികൾ ഏറ്റെടുക്കാൻ പ്രതിജ്ഞാബദ്ധരായവർ ലിംഗഭേദത്തിന്റെയും ജാതിയുടെയും രാഷ്ട്രീയം ഉൾക്കൊള്ളുന്നില്ലെന്നത് കഠിനമായ ആശങ്കയുളവാക്കുന്നു. ഭരണകക്ഷി സമം അധികാരഹുങ്ക് എന്നത് ഒരു ജനാധിപത്യസമൂഹത്തിന്റെ നീതിബോധമേയല്ല തന്നെ.

യാഥാർത്ഥ്യങ്ങൾ കഠിനമാണെങ്കിലും അതിലൂടെയൊക്കെ നീന്തിക്കടന്ന് പെൺകുട്ടികളും ജീവിതം ആസ്വദിക്കുന്നു. ചിരിച്ചും കളിച്ചും കലയിലൂടെയും സാഹിത്യത്തിലൂടെയും യാത്രകളിലൂടെയും ആത്മാവിഷ്ക്കാരങ്ങൾ നടത്തുന്നു. അതിജീവനമാതൃകകളായി സ്വയം തെളിയിക്കുന്നു. പതിനൊന്നാം ക്ലാസ്സുകാരിയും കവയിത്രിയുമായ ഭദ്ര അജിത്ത് അതിഥിപത്രാധിപയായ 'പെൺകുട്ടിക്കാലം' എന്ന വിഷയം ചർച്ച ചെയ്യുന്ന നവംബർ മാസം സംഘടിത നല്ലൊരു പെൺനാളേയ്ക്കുള്ള ശിശുദിനാശംസകളോടെ സമർപ്പിക്കുന്നു.

# അതിഥിപത്രാധിപക്കുറിപ്പ്



ഭദ്ര അജിത്ത്

സ്വപ്നം ഞങ്ങളുടെ വിമാനമാണ്
ഞങ്ങൾ അതിൽ കയറിയിരുന്നതേയുള്ളൂ
അവർ വന്നു
കണ്ണും കൈയും കാണിക്കാൻ തുടങ്ങി
അപകട സാധ്യതകളെപ്പറ്റി
ആവർത്തിച്ചു വിവരിക്കാൻ തുടങ്ങി
'ദേ... എക്സിറ്റ് ഉണ്ട്'
എന്നറിയിക്കാൻ തുടങ്ങി.
ഞങ്ങളിറങ്ങുന്നില്ല.
സീറ്റ് ബെൽറ്റ് മുറുക്കി
ജാലകങ്ങളടച്ചു
ഞങ്ങളുടെ 'സ്വപ്നം'
'ടേക്ക് ഓഫ് ' ചെയ്യുകയാണ്.

കുട്ടിക്കാലം എപ്പോഴും ആകർഷകവും ഗൃഹാതുരത്വം നിറഞ്ഞതുമായാണ് കലകളിലും എഴുത്തിലും ചിത്രീകരിക്കപ്പെടാറുള്ളത്. എന്നാൽ ഒന്നു ചികഞ്ഞുനോക്കിയാൽ കുട്ടിക്കാലത്തിന്റെ എത്ര വകഭേദങ്ങളാണീ ലോകത്തുള്ളത്! എത്ര തരങ്ങൾ! അതിനെല്ലാം എത്രയെത്ര നിറങ്ങൾ ! എണ്ണാൻ തുടങ്ങിയാൽ എണ്ണിത്തീർക്കാൻ കഴിയില്ല. കുട്ടിക്കാലത്തെ സമഗ്രമായൊന്ന് നോക്കിക്കാണാൻ ശ്രമിക്കുമ്പോഴും അവിടെ പെൺകുട്ടിക്കാലം വേറിട്ടു തന്നെ നിൽക്കുന്നു.

ഇന്ത്യയിലെ തന്നെ ഒരിടത്ത് അടുക്കളയിൽ നിന്ന് തളികയെടുത്ത് കൊട്ടിയാണ് പെൺകുഞ്ഞിന്റെ ജനനം അറിയിക്കുന്നതെന്ന് എവിടെയോ വായിച്ചതായി ഓർക്കുന്നു. പിന്നീട് കുഞ്ഞുടുപ്പുകളുടെ കാലത്തും പൂമ്പാറ്റയെ പിടിക്കാൻ ഓടിനടക്കുമ്പോഴും മരക്കൊമ്പിലേറാൻ ശ്രമിക്കുമ്പോഴും സഹയാത്രികളോട് ഇണങ്ങുമ്പോഴും പിണങ്ങുമ്പോഴും അവളുടെ ആ കാലം കുട്ടിക്കാലമെങ്കിലും പെൺകുട്ടിക്കാലം തന്നെ. കളികളിലും കളിപ്പാട്ടങ്ങളിലും പോലും പെൺകുട്ടിക്കാലം വേറിട്ടുനിൽക്കണമെന്ന് സമൂഹത്തിന് എന്നും നിർബന്ധമായിരുന്നിട്ടുണ്ട്.

അവൾക്ക് പൊന്നോമനയായി വളരാം, പക്ഷേ അവളുടെ കുസൃതികൾക്കും പൊട്ടിച്ചിരിക്കും പിന്നീട് മറുചോദ്യങ്ങൾക്കും ഉണ്ടാകുന്നു ഒരു പെൺകുട്ടിക്കാലത്തിന്റെ പരിമിതികൾ.

ഒരു ഗ്ലാസ്സ് വെള്ളം തുളുമ്പാതെ ഏട്ടന് നൽകുന്ന 'മിടുക്കി 'യായി, ചപ്പാത്തി പലകയിൽ ചപ്പാത്തിക്കും ദോശത്തട്ടിൽ ദോശയ്ക്കും 'പെർഫെക്ട് ഷേപ്പ് ' വരുത്തുന്ന അവൾ കൈയ്യടികൾ വാങ്ങിക്കൂട്ടുമ്പോൾ അവളറിയാതെത്തന്നെ 'ഷേപ്പ് ' ചെയ്യപ്പെടുന്നു അവളുടെ 'പെൺകുട്ടിക്കാലം'.

ചാടിത്തുള്ളി കളിച്ചു നടക്കുന്ന കാലത്തും തന്റെ കൂട്ടുകാരൻമാർക്കുള്ളതിൽ നിന്നും വ്യത്യസ്തമായി ഒരു സുരക്ഷാവലയം അവൾക്ക് ചുറ്റും ഒളിഞ്ഞും തെളിഞ്ഞും ഉണ്ടാകാറുണ്ട്. പിന്നീട് അവളുടെ വെള്ളക്കടലാസ്സിൽ ചുവന്നചായം കൊണ്ട് പൂക്കൾ വരച്ച്, കാലം സുരക്ഷിതത്വത്തിന്റെ ഭാഷയിൽ അസ്വാതന്ത്ര്യത്തിന്റെ ചാർത്ത് നീട്ടിയെഴുതി അവളുടെ കൈയ്യിൽ പിടിപ്പിക്കുന്നു.

എങ്കിലും, ഈ കുട്ടിക്കാലം -പെൺകുട്ടിക്കാലം - അതിൽ കൗതുകങ്ങൾ മുളപൊട്ടുന്നു, തളിർക്കുന്നു, പൂക്കുന്നു, അനുഭവങ്ങൾ വിരിയുന്നു - അതിന്റെ നിറങ്ങൾ ആർക്കും മറയ്ക്കാൻ കഴിയുന്നില്ല. അതിന്റെ മണമറിയാതെ കടന്നുപോകാൻ കഴിയുന്നില്ല.

ചിരിയായ്, കൊഞ്ചലായ്, മൊഴിയായ്, സ്നേഹമായ്, സന്തോഷമായ്, സങ്കടമായ്, അമർഷമായ്, പരിഭവമായ്, നിഷേധമായ്, വരിയിലൂടെ, വരയിലൂടെ, ചായക്കൂട്ടുകളിലൂടെ പൊതിഞ്ഞെടുത്തതെല്ലാം ഇവിടെ ഞങ്ങൾ കെട്ടഴിക്കുകയാണ്.

***കാലടി ബ്രഹ്മാനന്ദോദയം വിദ്യാലയത്തിലെ പ്ലസ് വൺ വിദ്യാർത്ഥിയാണ്. എഴുതിയ കവിതകൾ മുമ്പ് സംഘടിതയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.***

ചർച്ചാവിഷയം/ കഥ

പുണ്യ സി.ആർ.

പ്ലസ്ടു
എം.എൻ.കെ.എം.ജി.എച്ച്.എസ്.എസ്, പുലാപ്പറ്റ

# നിഴലും നിലാവും



നിലാവുള്ളതും നിഴലിക്കാത്തതുമായ ഒരു ലോകത്ത് ജനിക്കണമെന്ന് സ്വപ്നം കണ്ടിട്ടുണ്ട്.

അകലെ ചീറിപ്പാച്ചിലിലെ നിലവിളികളും... യാന്ത്രികതയുടെ നോട്ടങ്ങളും... വരണ്ടകെട്ടിടങ്ങളും.... സ്ട്രീറ്റ്ലൈറ്റുകളും... മരവിച്ചുറങ്ങിയ മഹാനഗരത്തിൽ നിന്നും ഒരുപാടകലെയാണിപ്പോൾ...

അമ്മമണമുള്ള  കുളിരാണിവിടെ കാറ്റിന്.... അച്ഛന്റെ വാത്സല്യമുഖം ഈ മണ്ണിലിന്നുമുണർന്നിരിപ്പുണ്ട്... കൊഴിച്ചുവിട്ടാലുരുണ്ടുപോകുന്ന കർപ്പൂര മണമുള്ള കഥകൾ... പതുങ്ങി ചിരിക്കുന്ന കുറുമ്പിൻ കുടുക്കകൾ...!

ഇവിടുത്തെ പടികൾ കയറിയെന്നാണ് പൊട്ടൻചാത്തൻ കുട്ടികൾക്കാശകൊടുത്തിരുന്നത്... പൗർണ്ണമി നാളിൽ തെക്കേപ്പുറത്ത് കുളത്തിനരികിൽ വന്നു നിൽക്കുമ്പോൾ നമ്മുടെ നിഴലിനു നിറമില്ലാതാകണമത്രെ!  ആ കുളക്കരയിൽ തെളിയാത്ത നിഴലുള്ളവർ തെറ്റുചെയ്തിട്ടുണ്ടാവില്ല. അവർക്കു മരിച്ചാലും മോക്ഷം കിട്ടും... സ്വർഗ്ഗത്തിൽ പോകും.

പൊട്ടൻചാത്തന്റെ നിഴലൊരിക്കലും ഏതു പൗർണ്ണമിയിലും ആ കുളത്തിൽ തെളിഞ്ഞിട്ടില്ലത്രെ..

'ഇതൊക്കെ വെറും പൊട്ടത്തരങ്ങളല്ലേ. നീയല്ലാണ്ട് വിശ്വസിക്കോ..?' എന്തെല്ലാം പലരും കളിയാക്കിയിട്ടും ആദ്യപ്രണയം മ

**ഇവിടുത്തെ പടികൾ കയറിയെന്നാണ് പൊട്ടൻചാത്തൻ കുട്ടികൾക്കാശകൊടുത്തിരുന്നത്... പൗർണ്ണമി നാളിൽ തെക്കേപ്പുറത്തെ കുളത്തിനരുകിൽ വന്നു നിൽക്കുമ്പോൾ നമ്മുടെ നിഴലിനു നിറമില്ലാതാകണമത്രെ!  ആ കുളക്കരയിൽ തെളിയാത്ത നിഴലുള്ളവർ തെറ്റു ചെയ്തിട്ടുണ്ടാവില്ല. അവർക്കു മരിച്ചാലും മോക്ഷം കിട്ടും... സ്വർഗ്ഗത്തിൽ പോകും.**



നസ്സിൽ മൊട്ടിട്ടതു മുതൽ ഞാനും കൊതിച്ചു തുടങ്ങി. നിഴലില്ലാത്തവളാകാൻ... നിഴലില്ലാത്തതും എന്നാൽ നിലാവിന്റെ വശ്യതയുള്ളതുമായൊരു ലോകത്തുപിറക്കാൻ.

പ്രണയത്തെയും ആശകളെയുമെല്ലാം ഉറക്കിക്കിടത്തിയാണ് ഇവിടെ നിന്നും യാത്രയായത്. നിബന്ധനകളും ബന്ധനങ്ങളുമുള്ളൊരു പുതിയ ജീവിതത്തിന് കഴുത്തുനീട്ടിക്കൊടുത്തത്.

അടിച്ചമർത്തിയാലും കറുത്തുവരുന്ന കനത്തമഷിയുള്ള തൂലികയെ ബലികഴിച്ച് അടങ്ങാത്ത മോഹങ്ങളെ ഇടനെഞ്ചിലൊടുക്കി. പൊരുത്തമില്ലായ്മകളുടെ വീർപ്പുമുട്ടലുകൾക്കിടയിൽ ഒരു പുത്തൻ ജീവിതം.

എല്ലാറ്റിനുമൊടുവിൽ ഈ മൂന്നാം വിവാഹവാർഷികത്തിന് ഹരി സമ്മാനിച്ച ആ കടലാസുകഷണത്തിൽ എല്ലാമവസാനിപ്പിക്കുമ്പോൾ... നിഴലുകൾ കറുത്തിരുണ്ട ഈ ലോകത്ത് താനൊറ്റക്കാണെന്നു മനസ്സിലാക്കാൻ ഇത്രത്തോളം സമയമെടുക്കേണ്ടി വന്നു.

ഇന്ന് പൗർണ്ണമിയാണ്. തന്റെ നിഴലിനും നിറമില്ലാതാകേണ്ട ദിനം. ഞാനാരെയും ദ്രോഹിക്കാറില്ലല്ലോ. സ്നേഹത്തെ അക്ഷരങ്ങളിലൂടെ കടഞ്ഞെടുക്കുകയല്ലേ ചെയ്തിട്ടുള്ളൂ. എന്റെ മനസ്സിലും നന്മയാണുള്ളത്!

ജീവിതം മുറിവേറ്റുണങ്ങിയ മൗനമാണെങ്കിലും സ്വർഗത്തിലെ സംഗീതത്തെ ഞാൻ പ്രണയിക്കുന്നു. ഞാൻ സ്വർഗത്തിൽ പോകേണ്ടവളാണ്. എന്റെ പേനയും ചലിക്കേണ്ടവയാണ്. നിബന്ധനകളില്ലാത്ത യഥാർത്ഥ സ്നേഹത്തിന്റെ ബന്ധനത്തിൽ എനിക്കും ജീവിക്കണം.

കുളത്തിലേക്കുള്ള വഴി കൂടുതൽ വിജനമായിരിക്കുന്നു. എത്ര വരൾച്ചയായാലും പ്രതീക്ഷയുടെ നനവ് കുളത്തിലവശേഷിക്കുന്നുണ്ട്. ഞാൻ കണ്ണുകളിറുക്കിയടച്ചു. എന്റെ നിഴലിന് നിറമുണ്ടാകുകയില്ല, മെല്ലെ കണ്ണുതുറന്നു. പിന്നെയും സൂക്ഷിച്ച് നോക്കി. കറുത്ത്... കറുകറുത്ത്... പതിവിനേക്കാൾ ഉയരത്തിൽ അട്ടഹസിച്ച്.. ഒരു സത്വത്തെ പോലെ അതെന്റെ മുന്നിൽ നിൽക്കുന്നു. എന്റെ നിഴൽ!

**പ്രണയത്തെയും ആശകളെയുമെല്ലാം ഉറക്കിക്കിടത്തിയാണ് ഇവിടെ നിന്നും യാത്രയായത്. നിബന്ധനകളും ബന്ധനങ്ങളുമുള്ളൊരു പുതിയ ജീവിതത്തിന് കഴുത്തുനീട്ടിക്കൊടുത്തത്. അടിച്ചമർത്തിയാലും കറുത്തുവരുന്ന കനത്തമഷിയുള്ള തൂലികയെ ബലികഴിച്ച് അടങ്ങാത്ത മോഹങ്ങളെ ഇടനെഞ്ചിലൊടുക്കി. പൊരുത്തമില്ലായ്മകളുടെ വീർപ്പുമുട്ടലുകൾക്കിടയിൽ ഒരു പുത്തൻ ജീവിതം.**

ചർച്ചാവിഷയം/കവിത

**മാനസ കെ.എസ്.**

**9-ാം ക്ലാസ്സ്**
**ജി.എച്ച്.എസ്.എസ്. എരിമയൂർ**

വര കടപ്പാട്: കന്യിക കിനി



# കൗമാരകാലം

ആയിരം കണ്ണുകൾക്കിടയിൽ
തലയുയർത്തി നടന്നാൽ
അച്ഛൻ പറയും
തല താഴ്ത്തി നടക്കണം
നൂറു നാവുകൾക്കിടയിൽ
എന്റെ നാവുയർന്നാൽ
അച്ഛൻ പറയും
നിനക്കെന്താണിതിൽ കാര്യം
കൊച്ചുകുട്ടികളോടൊപ്പം
അപ്പം ചുട്ടുനടന്നാൽ
അമ്മ പറയും
പോത്തുപോലെയായില്ലേ....

ചർച്ചാവിഷയം/കവിത

**അഞ്ജിത**

**പ്ലസ്ടു, ബ്രഹ്മാനന്ദോദയം എച്ച്.എസ്.എസ്. കാലടി**



# മനസ്സറിയാതെ

**പെ**ട്ടെന്നായിരുന്നു അവൾ ആ ബഹളത്തിൽ നിന്ന് ഞെട്ടിയെഴുന്നേറ്റത്. വീടുമൊത്തം ബഹളമാണ്. ആളുകളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. എത്രയായിട്ടും അവൾ ആ ബഹളങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ ആഗ്രഹിച്ചില്ല. വീട്ടിൽ ഇന്ന് ചേച്ചിയുടെ വിവാഹനിശ്ചയമാണ്. എന്തുകൊണ്ടാണ് എനിക്ക് എന്റെ പ്രിയസഹോദരിയുടെ സന്തോഷത്തിൽ പങ്കുകൊള്ളാൻ കഴിയാത്തത്. ഓർമ്മകൾ അവളുടെ മനസ്സിൽ വന്നുപോയിക്കൊണ്ടിരുന്നു. നിശബ്ദമായ, ഏകാന്തമായ  അന്തരീക്ഷം അവൾ ആഗ്രഹിച്ചു. എന്തുകൊണ്ടോ അതു കിട്ടില്ല എന്നറിഞ്ഞിട്ട് ഒരു ദീർഘനിശ്വാസം എടുത്തു കൊണ്ട് അവൾ കിടക്കയിൽ നിന്നു എഴുന്നേറ്റു. ഇടയ്ക്കൊക്കെ അമ്മ എന്തോ എടുക്കാൻ റൂമിലേക്ക് കയറി വന്നെങ്കിലും അവൾ ശ്രദ്ധിച്ചില്ല. അവൾ ജനലിന്റെ അരികെ വന്ന് നിന്നു. പ്രഭാതത്തിലെ ആ ഇളം കാറ്റ് അവളുടെ മുടിയിഴകളെ തട്ടി അകലുന്നുണ്ടായിരുന്നു. അവൾ ആഗ്രഹിച്ച ആ ഏകാന്തതയിലേക്ക് ഉറ്റുനോക്കിക്കൊണ്ടിരുന്നു.

പെട്ടെന്നാണ് ചേച്ചിയും ചേച്ചിയുടെ കൂട്ടുകാരികളായ അനുപമയും നന്ദനയും റൂമിലേക്ക് കയറി വന്നത്. വാതിൽ തുറന്നപ്പോൾ  പെട്ടെന്നുണ്ടായ ആ ശബ്ദം അവളെ ഞെട്ടിയുണർത്തി.

“നിനക്ക്  എന്താ പറ്റിയത്? ഇന്നലെ മുതൽ നിന്റെ ശ്രദ്ധ ഇവിടെയെങ്ങും അല്ലല്ലോ?”  കാർത്തിക അവരുടെ ഇടയിൽ നിന്നും മാറി അവളോട് ചോദിച്ചെങ്കിലും അവൾ അതിനു മറുപടി പറഞ്ഞില്ല.

അവൾ പെട്ടെന്നു തന്നെ വിഷയം മാറ്റാൻ ശ്രമിച്ചു. വിവാഹനിശ്ചയത്തിന്റെ തിരക്കിന്റെയിടയിൽ കാർത്തുവും ഒന്നും തുരന്നെടുക്കാൻ പോയില്ല. പിന്നീട് അവൾ കണ്ടത് അമ്മയെയായിരുന്നു. “എന്തുപറ്റി എന്റെ മോളെ” എന്നു ചോദ്യത്തിനു വേണ്ടി അവൾ കാതോർത്തിരുന്നു. എന്നാൽ അമ്മയും തിരക്കിൽ തന്നെ.

“നീ എന്താ ഇങ്ങനെ മടി പിടിച്ചിരിക്കുന്നത്? പോയി റെഡിയാവ്. സമയം എത്രയായിന്നാ വിചാരം. എന്നിട്ട് ചേച്ചിയെപ്പോയി ഒരുക്കിയെ... ഉം വേഗം ഒന്ന് ചെല്ല്...”

ആരും അവളെ അറിയുന്നില്ല.

ഇതിനിടയിൽ പലരും അവളുടെ മുന്നിലൂടെ കടന്നുപോയെങ്കിലും  പല ചോദ്യങ്ങൾ ഉയർന്നെങ്കിലും അവൾ കണ്ടില്ല ഒന്നും കേട്ടില്ല.

എന്തെങ്കിലും ചെയ്യാനുള്ള ശക്തി കുറഞ്ഞു പോകുന്നപോലെ. എനിക്ക് എന്താണ് സംഭവിച്ചത്! ഉറക്കെ കരയുന്ന മനസ്സിനെ അടക്കിപ്പിടിച്ചപ്പോൾ ശരീരം തളർന്നു പോകുന്ന പോലെ. കണ്ണുകൾ കരയാൻ അനുവദിക്കാത്ത പോലെ ആകെ മരവിച്ച പ്രതീതി...

ഒന്നു പൊട്ടിക്കരയണമെന്ന് കരുതി അവൾ വാഷ്റൂമിലേക്ക് കയറി കതകടച്ചു. കരയുന്നില്ല കരയാൻ എന്റെ ഹൃദയം അനുവദിക്കുന്നില്ല. കണ്ണുനീർ വരുന്നില്ലെങ്കിലും കരച്ചിൽ ഉയരുന്നില്ലെങ്കിലും അവൾ കരയുകയായിരുന്നു. ചിറകൊടിഞ്ഞ ഒരു പക്ഷിയെപ്പോലെ അവൾ തളർന്നു വീണു. ആ നിമിഷം ആ ഇരുണ്ട രാത്രിയിലേക്ക് അവളുടെ ഓർമ്മകളെ കൂട്ടിക്കൊണ്ടുപോയി. പെട്ടെന്ന് അവൾ ആ ഓർമ്മകളിൽ നിന്നു ഞെട്ടി എഴുന്നേറ്റു. അപ്പോഴെല്ലാം അവളുടെ കണ്ണുകളെ ആ ഓർമ്മകൾ നനച്ചിട്ടുണ്ടായിരുന്നു ആരും അറിയാതെ....

ആരോടും ഒന്നും പറയാൻ സാധിക്കുന്നില്ല... ആരും എന്നെ കേൾക്കാൻ ശ്രമിക്കുന്നില്ല. ഇപ്പോൾ ഇരുട്ടിനെ ഭയക്കുന്നു. അന്ന് ആ ദിവസം... എല്ലാം ഓർക്കാൻ ശ്രമിക്കുന്തോറും എല്ലാം തേടിയെത്തുന്നു. എല്ലാം അവസാനിപ്പിക്കണം എന്ന തോന്നൽ... ഇതു പുറത്തു പറഞ്ഞാൽ...? തന്റെ ഭാവി ജീവിതത്തെപ്പറ്റി അവൾ ആകുലയായിക്കൊണ്ടിരുന്നു.

എല്ലാം മനസ്സിൽ ഒതുക്കി അവൾ ആ ആഘോഷങ്ങളിലേക്ക് കടന്നു ചെല്ലുകയായിരുന്നു പിന്നീട്.

അന്ന് അവൾ ആ മൃഗത്തെ വീണ്ടും കണ്ടു. ആ രണ്ടു കണ്ണുകൾ അവളെ നോക്കി ഭയപ്പെടുത്തുകയായിരുന്നു. ഇപ്പോൾ അയാളുടെ നോട്ടം പോലും അവളുടെ ഹൃദയത്തെ മുള്ളിൽ തറയ്ക്കുന്നതുപോലെ അനുഭവപ്പെട്ടു. തന്റെ ശരീരം എന്തായാലും നശിച്ചു എന്നാൽ തന്റെ മനസ്സെങ്കിലും തിരികെ പിടിക്കണമെന്ന് അവൾ അതിയായി ആഗ്രഹിച്ചു. എന്നാൽ അതിനു തനിക്കു കഴിയുമോ? ഈ ചോദ്യം എപ്പോഴും അവളുടെ മനസ്സിൽ ഉയർന്നുകൊണ്ടിരുന്നു. എന്തു ചെയ്യും...?

നിഴലറ്റ ശരീരം വെറും മായ മാത്രമാണ്. ആ മായ ആകുവാൻ അവൾ ആഗ്രഹിച്ചില്ല. അവൾ കറുത്ത കൈകൾക്കു നേരെ പിച്ചിച്ചീന്തുന്ന മനുഷ്യമൃഗങ്ങൾക്കു നേരെ പ്രതികരിക്കാൻ തന്നെ തീരുമാനിച്ചു. തന്റെ മനസ്സിനെ വീണ്ടെടുക്കണം. എന്നെ പോറ്റുന്ന അമ്മക്കും അച്ഛനും എന്റെ പ്രിയ സഹോദരിക്കും വേണ്ടി മാത്രം. എന്നു മനസ്സിൽ ഉരുവിട്ടുകൊണ്ട് അന്ന് ആ ചടങ്ങിൽ വെച്ച് അവൾ അയാൾക്കു നേരെ വിരൽ ചൂണ്ടി ശബ്ദമുയർത്തി.

---



ചർച്ചാവിഷയം/ കവിത


**നിരഞ്ജന**

**9-ാം ക്ലാസ്സ്**
**സിൽവർഹിൽസ് പബ്ലിക് സ്കൂൾ , കോഴിക്കോട്**




# സ്ത്രീയോട്

എന്നിൽ നീ നിത്യവും നിൻ ഛായ കാണുന്നു,
മന്നിൽ നീ മിന്നുന്ന പ്രത്യാശ തൻ രൂപം,
നിൻ മിഴിയിലൂറുന്നു പൂക്കൾ തൻ കാന്തിയും
കാവ്യ ഭാവത്തിനുമതിരുകൾ മായുന്നു

ഞാനാകും കണ്ണാടിയിൽ നിൻ പ്രതിബിംബം
തേങ്ങുന്നു തമ്പുരു, നിൻ ഹൃദയ തമ്പുരു,
അടരാത്ത ത്വര നിന്നിൽ കനലുപോലെരിയുന്നു,
നിന്നുടെ ദർശനം മായാത്ത രചനകൾ!!

അന്ത്യമില്ലാത്ത പാതകൾ തേടും നീ,
താമരപ്പൊയ്കയും മുൾക്കാടും കാണുന്നു,
മായാത്ത ചായങ്ങൾ പൂശിയ നിൻ മിഴികൾ
അന്ധകാരത്തിന്റെ തപസ്സിൽ പതിയുന്നു.

ലോകമെന്തെന്നറിയാനുള്ളയാഗ്രഹം,
ജനാലകൾക്കപ്പുറം നിന്നവൾ ചൊല്ലുന്നു,
തന്നിൽ തൻ വിശ്വാസമർപ്പിച്ചുകൊണ്ടവൾ,
ഒരുങ്ങുന്നു തൻ സ്വപ്നച്ചിറകിൽ ചേക്കേറാൻ

എന്നിൽ നീ കാണുന്ന നിന്റെയീ പുഞ്ചിരിയ്-
ക്കടിയുറപ്പുള്ളതോ പ്രതിസന്ധിയാഴികൾ,
ഞാനെന്ന നിൻ ഛായയിൽ വെൺകപോലത്തിൽ
പടരുന്ന കണ്ണുനീർ നിൻ രക്തഭാവങ്ങൾ!!

കരങ്ങൾ തളച്ചിട്ട വിധിയുടെ കയറുകൾ
മുറിച്ചവൾ പൂഴിയിൽ കാലുകുത്തുമ്പോൾ
ഒരു നാൾ ജനാലകൾക്കപ്പുറം നിന്നവളെ
താനെയോർക്കുന്നു നീയെന്ന സത്യം

എത്രയോ മൃദുലമാകുന്നു നിൻ ചർമ്മവും
എത്രയോ കാഠിന്യമേറുന്നു നിൻ മനവും
കാലങ്ങൾ ശേഷം മുളക്കുന്ന വിത്തുപോൽ
ഒരുനാളുദിക്കും നീയും ശിരസ്സു താഴ്ത്താതെ.

ചർച്ചാവിഷയം


മേഹാ ജലീൽ

9-ാം ക്ലാസ്സ്
**സിൽവർഹിൽസ് പബ്ലിക് സ്കൂൾ, കോഴിക്കോട്**




# പെൺകുട്ടിയായി പറന്നുയരാൻ

കളിത്തോക്കു കൊണ്ട് ആഹ്ലാദത്തോടെ കളിച്ചുകൊണ്ടിരിക്കുന്ന ഒരു പെൺകുട്ടിയോട് നീ തോക്കുകൊണ്ടല്ല പാവകൊണ്ടാണ് കളിക്കേണ്ടത് എന്ന് പറയുന്നതിന്റെ പൊരുളെന്ത്?

ആണും പെണ്ണും അവരുടെ മാതാവിന്റെ ഗർഭപാത്രത്തിൽ യാതൊരു വ്യത്യാസവും കൂടാതെ ജീവിക്കുന്നു. എന്നാൽ ഈ ലോകത്തിലേക്ക് വരുമ്പോൾ മാത്രം അവർ ആണും പെണ്ണുമായി മാറുന്നു. ജൈവശാസ്ത്രപരമായ വ്യതിരിക്തതകൾക്കപ്പുറത്ത് ഒരു സാമൂഹികമായ ഒരു വൈജാർത്ത്യം ഉണ്ടാകുന്നതെങ്ങനെ? പിറന്നകുഞ്ഞ് പെണ്ണാണെന്നറിയുമ്പോൾ മുഖം വാടുന്നതെന്ത്? ആഹ്ലാദം കെട്ടടങ്ങുന്നതെന്ത്?

ജീവിതത്തിന്റെ കളിക്കളത്തിൽ പെൺകുട്ടികൾക്ക് അതിരുകളും അരുതുകളും ഒരുപാടുണ്ട്. സന്ധ്യമയങ്ങും വരെ മൈതാനത്ത് കളിക്കാൻ എനിക്കും ഇഷ്ടമാണ്. പക്ഷെ വിലക്കുകളുണ്ട്. വഴിയിൽ നടക്കുമ്പോൾ, ആളുകളോട് സംസാരിക്കുമ്പോൾ, പൊതുസ്ഥലത്ത് നിൽക്കുമ്പോൾ എല്ലാം പെൺകുട്ടിയാണെന്ന ഓർമ്മപ്പെടുത്തലുണ്ട്. എന്നേക്കാൾ രണ്ടുവയസ്സു കുറഞ്ഞ അനിയനു ലഭിക്കുന്ന സ്വാതന്ത്ര്യങ്ങളൊക്കെ എനിക്ക് നിഷേധിക്കപ്പെടുകയാണ്.

എന്റെ ഇഷ്ടത്തിന് വസ്ത്രം ധരിക്കാൻ പോലും പെണ്ണായതുകൊണ്ട് എനിക്ക് സ്വാതന്ത്ര്യമില്ല. ഒരുപാട് കൊതിച്ച വേഷങ്ങളണിഞ്ഞ് സന്തോഷത്തോടെ നടക്കുമ്പോൾ പലരുടേയും കുറ്റപ്പെടുത്തലും തുറിച്ചുനോട്ടങ്ങളും സഹിക്കേണ്ടിവരാറുണ്ട്. 'എന്റെ വസ്ത്രം എന്റെ സ്വാതന്ത്ര്യമാണ്' എന്നത് ഒരിക്കലും അംഗീകരിക്കപ്പെടുന്നില്ല.

വസ്ത്രം ധരിച്ചതിന്റെ പേരിലോ ധരിക്കാത്തതിന്റെ പേരിലോ അനിയൻ ഒരിക്കലും കുറ്റപ്പെടുത്തപ്പെട്ടിട്ടില്ല. വിവിധ മോഡൽ ബൈക്കുകളിലും കാറുകളിലും ചീറിപ്പാഞ്ഞു പോകാൻ ആൺകുട്ടികളെപ്പോലെ പെൺകുട്ടികൾക്കും ആഗ്രഹമുണ്ട്. എന്നാൽ ആ ആഗ്രഹം സാക്ഷാത്കരിക്കാൻ 100ൽ 10% പെൺകുട്ടികൾക്കേ കഴിഞ്ഞിട്ടുള്ളൂ എന്നതാണ് സത്യം. ഒരു പെണ്ണ് എനിക്ക് ബൈക്കോടിക്കണം എന്നു പറഞ്ഞാൽ അതു പുച്ഛിച്ചുതള്ളുകയും മറിച്ച് ഒരാൺകുട്ടി ഇതേ ആവശ്യം ഉന്നയിച്ചാൽ അത് സന്തോഷത്തോടെ ചെയ്തു കൊടുക്കുകയും ചെയ്യുന്ന ഈ സമൂഹം എന്നാണ് ആണിനെയും പെണ്ണിനെയും ഒരേ കണ്ണാലെ കാണുക?

റോഡരികിലും പീടികത്തിണ്ണയിലുമെല്ലാമായി ആൺകുട്ടികൾ കൂട്ടംകൂടുന്നതും സംസാരിക്കുന്നതും കളിക്കുന്നതുമെല്ലാം നാം കാണാറുണ്ട്. പക്ഷെ ഒരിക്കലും പെൺകുട്ടികളെ അവിടെ നമുക്ക് കാണാൻ കഴിഞ്ഞിട്ടില്ല. പെൺകുട്ടികൾക്ക് ആഗ്രഹമില്ലാഞ്ഞിട്ടല്ല. മറിച്ച് വികസിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിലെ വികസിക്കാത്ത സമൂഹത്തെ പേടിച്ചിട്ടാണ്.

വീട്ടുജോലി ചെയ്യുക, പാചകം ചെയ്യുക തുടങ്ങിയ ജോലികളൊക്കെ പെൺകുട്ടിചെയ്യേണ്ടതാണ് എന്ന് ലോകം മുദ്രകുത്തിക്കഴിഞ്ഞു. വളരെ ചെറുപ്പം മുതലേ അവരെ അതിന് പരിശീലിപ്പിക്കുകയും ചെയ്യുന്നു. ആൺകുട്ടികൾ വീട്ടുജോലികളൊക്കെ ചെയ്യുന്ന ഒരു സമൂഹത്തെക്കുറിച്ച് എന്തുകൊണ്ട് ലോകം ചിന്തിക്കുന്നില്ല? എന്നോട് പലപ്പോഴും എന്റെ മാതാപിതാക്കൾ വീട്ടുജോലികൾ ചെയ്യാനും പാചകം ചെയ്യാനുമൊക്കെ പ്രായം എനിക്കായി എന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. എന്റെ പ്രായത്തിലുള്ള ആൺകുട്ടികളോട് ഇതേ കാര്യം പറഞ്ഞതായി ഒരിക്കലും എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ ഏതൊരു കാര്യത്തിനും മറ്റൊരു മുഖം കൂടെയുണ്ടാവുമല്ലോ. ഒരു പെണ്ണായതിൽ ഞാൻ ഏറെ സന്തോഷിച്ച നിമിഷങ്ങളും എന്റെ ജീവിതത്തിലുണ്ട്. പെൺകുട്ടിയായ എനിക്ക് ലഭിച്ചതും ലഭിക്കുന്നതുമായ ശ്രദ്ധയും സ്നേഹവും ഒരിക്കലും ആൺകുട്ടികൾക്ക് ലഭിക്കുന്നില്ല എന്നതാണ് സത്യം. ഏതൊരു പൊതുപരിപാടിയിലും പങ്കെടുക്കുമ്പോഴും പെൺകുട്ടികൾക്കു നൽകുന്ന ബഹുമാനം ഒരാൺകുട്ടിക്കും സമൂഹം നൽകുന്നില്ല. കാലിൽ കൊലുസും കാതിൽ കമ്മലും കയ്യിൽ വളകളും വ്യത്യസ്തമായ വസ്ത്രങ്ങളുമണിയാനുള്ള അവസരം പെൺകുട്ടികൾക്കു മാത്രം ലഭിച്ച ഒന്നാണ്.ഒരു പട്ടം പോലെ ആൺകുട്ടികൾ പാറിപ്പറക്കുമ്പോൾ, പെണ്ണാവുന്ന പട്ടത്തിന്റെ നൂലറ്റിക്കുന്നതെന്തിന്? ആണും പെണ്ണും ദൈവത്തിന്റെ ജീവനുള്ള കളിപ്പാട്ടങ്ങൾ മാത്രം. എന്തിന് ഇതിനെ രണ്ടു കണ്ണാലെ കാണണം? ആണിനും പെണ്ണിനും ഒരേ സ്വാതന്ത്ര്യം നൽകുന്ന ഒരു സമൂഹം പടുത്തുയരട്ടെ.

പെൺകുട്ടികളുടെ ചിറകുകൾ മുറിച്ചു കളയാതെ നമുക്ക് സൂക്ഷിക്കാം. ഇനിയെങ്കിലും പെണ്ണിന് അവളുടെ സ്വാതന്ത്ര്യം നൽകിക്കൂടേ?

ചർച്ചാ വിഷയം/കവിത


**അനുമോൾ സി.എ.**

**പ്ലസ്‌വൺ**
**കെ.സി.പി.എച്ച്.എസ്.എസ്**
**കാവശ്ശേരി**

# പകൽ



രാത്രിയ്ക്ക്
എന്തൊരു മണമാണ്
കുറെ
അവകാശമില്ലാത്ത
കാൽപ്പാടുകളുടെ
ഇരുട്ടിൽ
വഴിപിരിഞ്ഞുപോയ
ഇടവഴികളുടെ
സ്വിച്ചിടാതെ കത്തുന്ന
മിന്നാമിനുങ്ങിന്റെ
കാറ്റാടിമരങ്ങൾ
ഒറ്റക്കൊമ്പിൽ
കെട്ടിതൂങ്ങുന്നതിന്റെ
അങ്ങനെ
സ്വപ്നങ്ങൾ വില്ക്കപ്പെടുന്ന
രാത്രിയ്ക്ക് എന്തൊരുമണം
ഇനി
എല്ലാം ഒരു കുപ്പിയിലാക്കണം
കുളിച്ചൊരുങ്ങിയ പകലിനെ
മണപ്പിക്കാൻ.



ചർച്ചാ വിഷയം/കവിത


**ജന്നത്തുൽ ഫിർദൗസ് പി.കെ.**
പ്ലസ്ടു
എ.എസ്.എം.എം.എച്ച്.എസ്.എസ്. ആലത്തൂർ


# നിലാവ്

ഞാനെന്നും നിലാവിനെ കാണാറുണ്ട്
പക്ഷേ
ഇരുട്ടിന്റെ കുത്തഴിഞ്ഞ
മുടിക്കെട്ടിനെ ഒതുക്കിവയ്ക്കുന്ന
മുടിപ്പിന്നിൽ നിലാവുണ്ട്
രാത്രിയുടെ പടവുകളിലൂടെ
അരിച്ചിറങ്ങുന്ന
തെരുവുപട്ടിയുടെ
നിശ്ശബ്ദതയിലും നിലാവുണ്ട്
തൊട്ടിലിൽ ചത്തൊടുങ്ങുന്ന
കരച്ചിലിലും നിലാവുണ്ട്
വിശപ്പിന്റെ തണുപ്പിൽ
ചായക്കോപ്പയിൽ ശേഷിച്ച
രണ്ടു തുള്ളിയിൽ മാത്രം ഒതുക്കുന്ന
ചായക്കാരന്റെ പഴകിയ പഴ്സിലും
നിലാവ് ഒളിച്ചിരിപ്പുണ്ട്.
ഒടുവിൽ
ഇര കിട്ടിയ രാത്രിയുടെ
അട്ടഹാസത്തിൽ
തേങ്ങുന്ന
പാദസരക്കിലുക്കത്തിലും
നിലാവുണ്ട്

ചർച്ചാവിഷയം

ദേവിന പി.എസ്.

10-ാം ക്ലാസ്സ്
ജി.ജി.എച്ച്.എസ്.സ്കൂൾ
പറവൂർ



# തോരാത്ത ഓർമ്മകൾ

അന്നൊരു അവിസ്മരണീയമായ ദിവസമായിരുന്നു. ഞാനെന്റെ ജീവിതത്തിൽ അമൂല്യമെന്ന് കരുതി സൂക്ഷിച്ച ഓർമ്മകളിലൊന്ന്. മെയ് 25-ാം തീയ്യതി എന്റെ അമ്മയുടെ പിറന്നാളായിരുന്നു. അന്ന് രാവിലെ ഞാൻ കുളിച്ച് അമ്പലത്തിൽ പോയി. ഞാനൊറ്റയ്ക്കായിരുന്നു പോയത്. അമ്പലത്തിൽ അമ്മയുടെ പേരിൽ ഒരു പുഷ്പാഞ്ജലി കഴിച്ചു. അവിടെ വെച്ചു തന്നെ ഒരു ചന്ദനക്കുറി നെറ്റിയിൽ ഞാൻ ചാർത്തിയിരുന്നു. തിരിച്ചു വീട്ടിലേക്ക് നടന്നു. മഴക്കാറുണ്ടായിരുന്ന സമയത്താണ് ഞാൻ അമ്പലത്തിൽ പോയത്. കുടയെടുക്കാൻ മറന്നതല്ല. ഞാൻ മറന്നു വെച്ചതാണ്. ഒരു മഴ നനയാൻ ആർക്കാണ് കൊതിയില്ലാത്തത്. വീടെത്താറായി ആകാശത്തിലെ മേഘങ്ങൾക്കിടയിൽ നിന്ന് ഒരു തണുത്ത തുള്ളി എന്റെ കവിളിലേക്ക് വീണു. മഴ പെയ്തു ഞാൻ പകുതി കുളിച്ച അവസ്ഥയിലായി. കയ്യിലെ പുഷ്പാഞ്ജലി കഴിച്ച വാഴയിലയിലെ തുളസികളിൽ വെള്ളത്തുള്ളികൾ പറ്റിപ്പിടിച്ചിരിക്കുന്നു. ചന്ദനവും കുങ്കുമവും കൂടിക്കലർന്ന് ഒഴുകി തുടങ്ങി. എന്റെ നെറ്റിയിലെ ചന്ദനവും ആ മഴ കൊണ്ടുപോയി.

ഞാൻ വീട്ടിലേക്കു പോയി. അമ്മ തോർത്താൻ തോർത്ത് തന്നു. ഞാൻ നെറുകയും കയ്യും മുഖവുമെല്ലാം തുടച്ചു. അമ്മ എന്നോട് പറഞ്ഞു, "ഉടുപ്പ്



മാറി വരൂ. ആഹാരം എടുക്കാം". എന്റെ അനിയത്തി 4-ാംക്ലാസ്സിലാണ്. അവൾ എന്നോടു പറഞ്ഞു നമ്മുടെ വീടിന്റെ മുറ്റമൊക്കെ നനഞ്ഞു കിടക്കുന്നതു നോക്കൂ. നമുക്ക് മഴയിൽ കുളിച്ചാലോ? ഇങ്ങനെ പറഞ്ഞ അവൾ മുറ്റത്തേക്ക് ഓടിയിറങ്ങി. പിറകെ ഞാനും. മഴയുടെ തണുപ്പ് ശരീരത്തിൽ മുഴുവൻ വ്യാപിച്ചു തുടങ്ങിയിരുന്നു. ആ സമയത്ത് എനിക്ക് എന്തെന്നില്ലാത്ത സന്തോഷമായിരുന്നു. ഒരുപാട് നേരം ഓടിക്കളിച്ചു. മഴയെക്കുറിച്ചുള്ള പാട്ടുപാടി. അന്ന് ആ മഴ എന്നെ നനച്ചപ്പോൾ എനിക്ക് തോന്നി എന്റെ ജീവിതത്തിലെ വിഷമങ്ങളെയും ദുഃഖങ്ങളെയും അത് ഒലിച്ചിറക്കുകയാണെന്ന്. പ്രകൃതി ആ മഴയിൽ ആടിയുലയുകയായിരുന്നു. അന്ന് ആദ്യമായി ഞാൻ ഒരു മഴ മുഴുവനും നനഞ്ഞു. മഴ എന്താണ് എന്ന സത്യം ഞാൻ അറിഞ്ഞു. മഴ കേവലം ആകാശത്തു നിന്നു വീഴുന്ന ഒരു ജലത്തുള്ളി മാത്രമല്ല, അതിനു പുറമെ മറ്റെന്തെല്ലാമോ ആണത്. ആ അനുഭവവും ആ മഴയുടെ തണുപ്പും തോരാത്ത ഓർമ്മകളായി എന്റെ മനസ്സിലെ ചില്ലുകൂട്ടിൽ ഇന്നും ജീവിക്കുന്നു. ആ അനുഭവമായിരുന്നു ജീവിതത്തിൽ ഞാൻ എന്റേതെന്നു കരുതിയ ഒരു സ്വത്ത്.

നവിത എസ്.
8-ാം ക്ലാസ്സ്
ജി.ജി.എച്ച്.എസ്.എസ്. ആലത്തൂർ




# അവൾ

നിറം മങ്ങിയ ഉടുപ്പ് അവൾക്ക്
കോടിയായിരുന്നു
കല്ലും മുള്ളും നിറഞ്ഞ ചോറ്
അവൾക്ക് പുത്തരിയായിരുന്നു
ചളി പുരണ്ട കവറിൽ പൊതി-
ഞ്ഞു കെട്ടിയ പുസ്തകം അവ-
ൾക്ക് അറിവിന്റെ ലോകമായിരുന്നു
നൂലു കൊണ്ടു പൊതിഞ്ഞ
ചെരുപ്പ് അവൾക്ക് ഏറെ
ഇഷ്ടമായിരുന്നു
പക്ഷെ
അവളുടെ കരയുന്ന വയറി-
നെ അവൾ വെറുത്തിരുന്നു.

ചർച്ചാവിഷയം/കവിതാപരിഭാഷ

**നന്ദന സി.എം.**

**പ്ലസ്‌വൺ**

**പി.എം.ജി.എച്ച്.എസ്.എസ്. പാലക്കാട്**



**ഗൗരി ലങ്കേഷിനെ അഭിവാദ്യം ചെയ്തുകൊണ്ട് ശ്രീ കെ. പി. ശശി എഴുതിയ കവിതയുടെ സ്വതന്ത്ര പരിഭാഷ.**

മൂന്ന് ബുള്ളറ്റുകൾ എന്റെ
മുഖത്തിനടുത്തേക്ക് വന്നു
മറ്റൊരാളുടെ ശ്വാസം കൂടെ നിലച്ചു .
ഗൗരി,നിന്റെ ചിരി
ഞങ്ങൾക്ക് നഷ്ടപ്പെടുന്നു
ഈ തണുത്തുറഞ്ഞ ശൈത്യത്തിൽ
വസന്തം പോലെ.
നീ ഒരു ഗാന്ധിയായിരുന്നില്ല,
കൽബുർഗിയായിരുന്നില്ല,
ധബോൽക്കറായിരുന്നില്ല,
പൻസാരെയുമായിരുന്നില്ല
എന്നാൽ ,നീ ഒരു സ്ത്രീയായിരുന്നു,
ധീരയായിരുന്നു.

ഗൗരി,നിന്റെ ശക്തി
ഞങ്ങൾക്ക് നഷ്ടപ്പെടുന്നു
നിന്റെ ശരീരം തണുത്തിരിക്കാം;
എന്നാൽ ഞങ്ങളുടെ ഹൃദയങ്ങളല്ല .
വെറുപ്പിന്റെ തടവുകാരെ വേട്ടയാടാൻ
മരണത്തിന്റെ ഊർജത്തിനായി
ഞങ്ങൾ കാത്തിരിക്കുന്നു,
ഒരു തടവറക്കും അവയെ
പിടിച്ചുനിർത്താനാവില്ല
ഒരു തോക്കിനോ, നിലപാടിനോ
മായ്ക്കാനാവുന്നില്ല - നിന്റെ ഓർമ്മകൾ ,
വാക്കുകൾ ,നീതി തേടിയുള്ള നിന്റെ യാത്ര.

ഗൗരി, ഐക്യത്തിനായുള്ള പോരാട്ടത്തിൽ
നിന്നോടൊത്തില്ലാത്തതിനാൽ
ഈ രാജ്യം അപമാനിതയായിരിക്കുന്നു.
മുറിവേറ്റൊരു ഭരണഘടനയ്ക്കൊപ്പം
ഭയത്തിന്റെയും ഭീതിയുടെയും തൂക്കുമരം
കാത്ത്
നിന്റെ നിഴലുകളായി ഞങ്ങൾ കഴിയുന്നു.
ചോരവാർന്ന എന്റെ രാജ്യം
ഈ ചെളിവെള്ളത്തിലും
ഒരു ചുവന്ന റോസാപ്പൂവിനായി
കാത്തിരിക്കുന്നു.

ഗൗരി, നിന്റെ ഊർജം
ഞങ്ങൾക്ക് നഷ്ടപ്പെടുന്നു,
ഞങ്ങളെ നയിക്കുന്ന നിന്റെ നിശ്ചയദാർഢ്യവും.
നിന്റെ കല്ലറയിലെ ഒരുകോടി പൂക്കളല്ല
ഉത്തരം,
നിനക്കായ് ചൊരിയുന്ന ഒരുകോടി
പ്രശംസകളും
മതിവരില്ല.
ഈ ലോകത്തെ കീഴ്മേൽ മറിക്കാൻ
നിന്റെ ഓർമ്മകളിൽ
ഒരായിരം കൈകളുയരട്ടെ.

**അൻസൽന**

**9–ാം ക്ലാസ്സ്**
**എ.എസ്.എം.എം.എച്ച്.എസ്.എസ്, ആലത്തൂർ**

# ഒന്നും കാണാതെ

ഉയരത്തിൽ പണിത മതിലുകൾ
കളിക്കാൻ കൂട്ടുകാരില്ല
ചില്ലിട്ട ജനാലയിൽ ഒരൊഴുക്ക് അവൾ-
കണ്ടു
ജനാല തുറന്നു
ഒരു കുഞ്ഞു മഴത്തുള്ളി അവളുടെ
കൈയിൽ വന്നു തൊട്ടു
താഴെക്കിറങ്ങി അമ്മയോട് ചോദിച്ചു
വാട്ട് ഈസ് ദിസ്



ചർച്ചാ വിഷയം/കവിത

നന്ദന രാജീവ് പി.

9-ാം ക്ലാസ്സ്

ജി.വി.എച്ച്.എസ്.എസ്. വട്ടേനാട്

# പേടിയില്ല!

പേടിയുണ്ടെനിക്ക് പേടിയുണ്ട്
ഗണിതോത്തര കടലാസിലൊളി
ഞ്ഞിരിക്കുന്ന അമ്മതൻ
ചീത്തയെ പേടിയുണ്ട്

റോഡിനരികിലൂടൊറ്റയ്ക്കു നിക്കുമ്പോൾ
പട്ടികടിക്കോന്ന് പേടിയുണ്ട്

കുത്തിക്കയറി ബസ്സ് കയറുമ്പോൾ കിളി
ചീത്തപറയുമോന്ന് പേടിയുണ്ട്

അടുക്കള മുറിയിലെ ചില്ലുഭരണിയിൽ
മുങ്ങിക്കിടക്കുന്ന നെല്ലിക്ക വാരുമ്പോൾ
ഭരണിയുടയുമോ എന്ന് പേടിയുണ്ട്

എപ്പഴും മേലോട്ട് നോക്കുമ്പോ
കാണുന്ന ആകാശത്തിലൂടെ
പറക്കുന്ന പക്ഷികൾ താഴോട്ട് വീഴോന്ന് പേടിയുണ്ട്
ഇത്രയും പേടികൾ ഉണ്ടെനിക്കെങ്കിലും
പേടിയെ ഓർക്കുമ്പോൾ പേടിയില്ല.

ചർച്ചാവിഷയം

ലാവണ്യ

7ാംക്ലാസ്സ് ജി.ടി.എച്ച്.എസ്.എസ് ഷോളയൂർ





# കുന്നും കാടുമുള്ള സ്കൂൾ ജീവിതം

**ഞാ**ൻ ലാവണ്യ. ഷോളയൂർ ഗവ: ഹയർ സെക്കൻഡറി സ്‌ക്കൂളിൽ ഏഴാം തരം വിദ്യാർത്ഥിനി . അട്ടപ്പാടിയിൽ ജീവിക്കുന്ന ഒരു കുട്ടി എന്ന നിലയ്ക്ക് എന്റെ ജീവിതം കുറച്ച് പ്രത്യേകതകൾ നിറഞ്ഞതാണ് .

ഇത്ര കാലം ഞാനിങ്ങനെ ചിന്തിച്ചിരുന്നില്ല. ടീച്ചർ സൂചിപ്പിച്ചപ്പോഴാണ് ഇക്കാര്യത്തെപ്പറ്റി ആലോചിക്കുന്നത്.

മറ്റ് ഇടങ്ങളുമായി തട്ടിച്ചു നോക്കിയാൽ ഞങ്ങളുടെ പ്രദേശം സുഖകരമായ തണുപ്പുള്ള കാലാവസ്ഥ ഉള്ളതാണ്; ശുദ്ധമായ വായു ശ്വസിക്കാനാവുന്നു. ധാരാളം മലകളും അരുവികളും പച്ചപ്പും ഇവിടെയുണ്ട്. ഊരിൽ എല്ലാരും ഒന്നിച്ചു കഴിയുന്നതു കാരണം കളിക്കാൻ കൂട്ടുകാരും കുറെയുണ്ട്.കളിച്ചു നടക്കാൻ പുൽമേടുകളും കാടുകളുമുണ്ട്. ശരിക്കു പറഞ്ഞാൽ ഞങ്ങൾ മലമുകളിലാണ് താമസിക്കുന്നതെന്ന് ടീച്ചർ പറഞ്ഞിരുന്നു. അതെനിക്ക് ശരിക്ക് മനസ്സിലായത് സ്‌ക്കൂളിൽ നിന്ന് വിനോദയാത്ര പോയപ്പോഴാണ്. വളഞ്ഞു തിരിഞ്ഞുള്ള ‘ചുരംറോഡിലൂടെ’ എത്രയോ ഇറങ്ങിയപ്പോഴാണ് ഞങ്ങൾ മണ്ണാർക്കാട് എത്തിയത്.

മറ്റു സ്ഥലങ്ങളിൽ, പ്രത്യേകിച്ച് നഗരങ്ങളിൽ കുട്ടികൾ കഴിയുന്നതെങ്ങനെയെന്ന് ടീച്ചർ ഇടയ്ക്ക് പറഞ്ഞു തരാറുണ്ട്. ചില യാത്രകളിൽ ഞാൻ കണ്ടിട്ടുമുണ്ട്. അവർക്ക് ഞങ്ങളുടെ അത്ര സ്വാതന്ത്ര്യം ഇല്ലെന്നാണെനിക്ക് തോന്നിയിട്ടുള്ളത്. കളിക്കാൻ നേരവും സ്ഥലവും കുറവാണെന്ന് തോന്നുന്നു. ഞങ്ങൾക്ക് സ്‌ക്കൂൾ ഇല്ലാത്ത ദിവസങ്ങളിൽ ഇഷ്ടം പോലെ കളിച്ചു നടക്കാം.



**എന്റെ ജീവിതം പലവിധ അനുഭവങ്ങളും ഒത്തുചേർന്നതാണ്. എനിക്ക് അമ്മയും അച്ഛനും മൂന്നു സഹോദരങ്ങളുമുണ്ട്. അച്ഛനും അമ്മയും ഞങ്ങളെ നന്നായി നോക്കുന്നുണ്ട്. അവർ കഷ്ടപ്പെട്ടാലും ഞങ്ങൾക്ക് വേണ്ടതൊക്കെ തരും. ഇടയ്ക്ക് ഞാനും സഹോദരങ്ങളും വഴക്കു കൂടും. നിലവിളിയും ബഹളവും കേട്ട് അമ്മ കണ്ണുരുട്ടും. ചിലപ്പോൾ ഞങ്ങൾക്ക് മധുരവും കിട്ടും - ലഡു ,ജിലേബി ഒന്നുമല്ല. നല്ല പെട !**

ഊരിലെ ചെറിയ കുട്ടികളെ ഞങ്ങൾ മുതിർന്ന കുട്ടികൾ എടുത്തു നടന്ന് നന്നായി നോക്കും.

എന്റെ ജീവിതം പലവിധ അനുഭവങ്ങളും ഒത്തുചേർന്നതാണ്. എനിക്ക് അമ്മയും അച്ഛനും മൂന്നു സഹോദരങ്ങളുമുണ്ട്. അച്ഛനും അമ്മയും ഞങ്ങളെ നന്നായി നോക്കുന്നുണ്ട്. അവർ കഷ്ടപ്പെട്ടാലും ഞങ്ങൾക്ക് വേണ്ടതൊക്കെ തരും. ഇടയ്ക്ക് ഞാനും സഹോദരങ്ങളും വഴക്കു കൂടും. നിലവിളിയും ബഹളവും കേട്ട് അമ്മ കണ്ണുരുട്ടും. ചിലപ്പോൾ ഞങ്ങൾക്ക് മധുരവും കിട്ടും - ലഡു , ജിലേബി ഒന്നുമല്ല. നല്ല പെട ! എന്നാലും പിന്നീട് അതൊക്കെ ആലോചിക്കുമ്പോൾ ചിരിയാണ് വരിക.

രാവിലെ 6 മണിക്ക് അമ്മയെന്നെ വിളിച്ചുണർത്തും. 'ലാവൂ' എന്ന വിളി! ആറേകാൽ വരെ ഞാൻ കിടക്കും. പിന്നെ എണീറ്റ് അടുത്ത വീട്ടിലെ കൂട്ടുകാരോടൊത്ത് 'പല്ലുതേപ്പു ചടങ്ങ്' നടത്തും. പിന്നെ വേഗം കുളിയും മറ്റും കഴിഞ്ഞ് ഞാൻ നല്ല കുട്ടിയായി മാറും.

എന്റെ സ്ക്കൂൾ ... സുന്ദരമായ സ്ക്കൂൾ ! ബസ്സിറങ്ങി ആ ഗേറ്റു കടക്കുമ്പോഴേ ഞാൻ സന്തോഷവതിയാവും. അദ്ധ്യാപകരെല്ലാം ഞങ്ങളോട് വളരെ സ്നേഹത്തോടെയാണ് ഇടപെടുന്നത്. സ്ക്കൂളിൽ പോവാനും പഠിക്കാനും എനിക്ക് മടിയേ ഇല്ല.സ്നേഹമുള്ള വീട്ടുകാരും എല്ലാ കാര്യത്തിലും സഹായിക്കാൻ മനസ്സുള്ള ടീച്ചർമാരും കൂട്ടുകാരും ഒക്കെയുള്ള ഞാൻ ഭാഗ്യവതിയാണെന്ന് സ്വയം തോന്നാറുണ്ട്.പക്ഷേ, ഈ ഭാഗ്യങ്ങളൊന്നും കിട്ടാത്ത എത്രയോ കുട്ടികൾ ഇവിടെയുണ്ട്. അച്ഛനമ്മമാരില്ലാത്തവർ. ചിലരെ അച്ഛനുമമ്മയും ഉപേക്ഷിച്ചു പോയിരിക്കുന്നു. ചിലരുടെ അച്ഛനമ്മമാർ മരിച്ചു പോയി. പലരെയും നോക്കുന്നത് മുത്തശ്ശിമാരാണ്.
പഠനകാര്യത്തിലൊന്നും വീട്ടിൽ നിന്ന് സഹായം കിട്ടാത്ത എത്രയോ കുട്ടികളുണ്ട്. സ്ക്കൂളിൽ നിന്ന് യൂണിഫോമും പുസ്തകങ്ങളും ഭക്ഷണവും ഒക്കെ കിട്ടുന്നത് കുട്ടികൾക്ക് വലിയ സഹായം തന്നെയാണ്. പണ്ടുകാലത്ത് അതൊന്നും ഇല്ലാത്തതു കൊണ്ടാവും ഇവിടെ പഴയ ആളുകൾക്ക് പഠിക്കാൻ കഴിയാതെ പോയത്. സ്ക്കൂളും ഇന്നത്തെ രീതിയിൽ ഹൈസ്ക്കൂളും ഹയർ സെക്കൻഡറിയും ഒക്കെ ആയത് എത്രയോ ആളുകൾ ശ്രമിച്ചിട്ടാണെന്ന് ഇവിടെ മീറ്റിംഗുകളിൽ

പ്രസംഗിക്കുന്നവർ പറഞ്ഞ് കേട്ടിട്ടുണ്ട്.

കുറെ കുട്ടികൾ താമസിക്കുന്നത് ഹോസ്റ്റലിലാണ്. അവിടെ വലിയ ചിട്ടയാണ്. പെൺകുട്ടികളുടെ ഹോസ്റ്റലിൽ കളിക്കാനൊന്നും സ്ഥലമില്ല.കുറച്ചു മുമ്പൊക്കെ കുട്ടികൾ സ്ക്കൂളിലേയ്ക്ക് കുറെ ദൂരം നടന്നാ വന്നിരുന്നത്. കഴിഞ്ഞ മൂന്നു വർഷമായി ITDP യുടെ 'ഗോത്രസാരഥി' പദ്ധതിയും ഞങ്ങളുടെ സ്ക്കൂൾ ബസ്സും ഉള്ളതിനാൽ കുറെ കുട്ടികൾക്ക് സൗകര്യമായി.

കാട്ടിൽ പേരയ്ക്കയും നെല്ലിക്കയും മറ്റും പറിക്കാൻ പോവാറുണ്ട് ഞങ്ങൾ. കൂട്ടുകൂടി പോയാൽ ആ നേരത്ത് പേരയ്ക്കയ്ക്കും നെല്ലിക്കയ്ക്കും രുചി കൂടുതൽ തോന്നും. പങ്കുവെച്ചു കഴിക്കുന്നതു കൊണ്ടാവും.


അതുപോലെ സ്ക്കൂളിൽ നിന്നുള്ള വിനോദയാത്രകൾ ഞാൻ ഏറെ ആസ്വദിക്കാറുണ്ട്. ഓരോ ഇടവും ഏറെ നന്നായിത്തോന്നുന്നത് കൂട്ടുകാരുടെ കൂടെ ആയതു കൊണ്ടു തന്നെയാവും.

അപ്പോഴൊക്കെ ടൂറിന് വരാൻ പണമില്ലാത്ത കുട്ടികളെപ്പറ്റി ഞാനോർത്ത് സങ്കടപ്പെടാറുണ്ട്. അങ്ങനെ നോക്കിയാൽ എനിക്കുചുറ്റും സുഖവും ദുഃഖവും കാണാം.. ചിലപ്പോഴൊക്കെ ജീവിതത്തെ വെറുത്തു പോവാറുണ്ട്. ചുറ്റുപാടുമുള്ള ദുഃഖങ്ങൾ കാണുമ്പോൾ .

പക്ഷേ, എന്തൊക്കെയായാലും ഞാൻ ഈ ജീവിതം ജീവിച്ചു തന്നെ തീർക്കുമെന്ന് ആലോചിക്കും. ടീച്ചർ പലപ്പോഴും ഞങ്ങൾക്ക് പറഞ്ഞു തരാറുണ്ട് ചെറിയ കാര്യങ്ങളിൽ തളർന്നു പോവരുതെന്ന് . ഞാൻ നന്നായി പഠിച്ച് വലിയൊരാളാവും. എല്ലാരെയും കഴിയുന്ന വിധം സഹായിക്കും...

## കാർട്ടൂൺ : പാർവ്വതി

**10-ാം ക്ലാസ്സ്,**
**വിവേകാനന്ദ വിദ്യാലയം, കടാദി, മൂവാറ്റുപുഴ**



അനുഭവം

ഉമ വി.എൻ.



# വീണ്ടുകിട്ടുന്ന ജീവിതം

നമുക്കൊരു കാര്യം ചെയ്യാം...ഒരു കുപ്പി വിഷം വാങ്ങിക്കാം...അത് കഴിച്ച് എല്ലാവർക്കും കൂടി ആത്മഹത്യ ചെയ്യാം...പുതപ്പിനടിയിൽ ചുരുണ്ടു കിടന്നുറങ്ങുന്നതിനിടയിൽ ഇടയ്ക്കെപ്പോഴോ ചെറുതായി ഉണർന്നപ്പോൾ ഞാൻ കേട്ട വാക്കുകളാണ് അത്. അച്ഛൻ അമ്മയോട് പറയുന്നതാണ്....

ഞാൻ ശരിക്കും ഞെട്ടി!... അമ്മയുടെ മറുപടി എന്തായിരിക്കും? ഞാൻ അതൊന്നു കേൾക്കാൻ കൊതിച്ചു. "ഇല്ല, നമ്മുടെ കുഞ്ഞുങ്ങൾക്ക് വിഷം കൊടുക്കാൻ എനിക്ക് പറ്റില്ല. നമുക്ക് നോക്കാം. എന്തെങ്കിലും ഒരു വഴി തെളിയാതിരിക്കില്ല." അമ്മ പറയുകയാണ്. പറയുന്നതിനിടയിൽ അമ്മ കരയുന്നതും എനിക്ക് കേൾക്കാം. ചേച്ചിയെയും അനിയത്തിയേയും ഉണർത്താതെ, ഞാൻ ഉണർന്നു കിടക്കുകയാണെന്ന് അമ്മയെയും അച്ഛനെയും അറിയിക്കാതെ ഞാൻ അവരുടെ സംഭാഷണം കേട്ടുകൊണ്ടു കിടന്നു.

അച്ഛൻ പറഞ്ഞു. "എല്ലാം എന്റെ തെറ്റാണ്. എത്രയോ പേർ എന്നോട് പറഞ്ഞതാണ്. അവനു വേണ്ടി ജാമ്യം നില്ക്കരുതെന്ന്. ഞാൻ കേട്ടില്ല. അവനെ ഞാൻ അത്രയ്ക്ക് വിശ്വസിച്ചു. പക്ഷെ, അവൻ. അതെല്ലാം പൂങ്കണ്ണീരായിരുന്നു എന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചില്ല. അവന്റെ അമ്മയ്ക്ക് ഹാർട്ട് ഓപ്പറേഷന് വേണ്ടിയാണ് പണം എന്ന് പറഞ്ഞു എന്റെ കാലു പിടിച്ചു കരഞ്ഞപ്പോൾ, അവന്റെ കയ്യിൽ വിഷക്കുപ്പി കണ്ടപ്പോൾ, ഞാൻ അവനെ സഹായിക്കാൻ തീരുമാനിച്ചു. അവൻ എന്നെ മുൻനിർത്തി ഒരു ലക്ഷം രൂപയാണ് കടമെടുത്തത്. അവനും എന്റെ കൂടെ റെയിൽവേ കാന്റീനിലെ ജോലി ചെയ്യുന്നവനാണ്. പക്ഷെ അവൻ പെർമനന്റ് ആയിട്ടില്ല. അപ്പോൾ എന്നെക്കൊണ്ട് പറ്റുന്ന സഹായം. അവൻ തിരിച്ചടയ്ക്കാമെന്നു വാക്ക്



തന്നു. ഇപ്പോൾ കുറച്ചു ദിവസം മുൻപ് എന്നെ അന്വേഷിച്ച് ആ പലിശക്കാരൻ വന്നിരുന്നു. അവൻ ഇതുവരെ ഒരു പൈസ പോലും അടച്ചിട്ടില്ല. പലിശകൂടിക്കൂടി. ഇപ്പോൾ രണ്ടു ലക്ഷത്തിൽ എത്തി നിൽക്കുകയാണ്...

അയാൾ പറഞ്ഞു, അത് ഞാൻ അടച്ചു തീർക്കണമെന്ന്. ഞാൻ അയാളോട് അവൻ പറഞ്ഞ കാര്യങ്ങൾ പറഞ്ഞു. പക്ഷെ, ഞാൻ ഒപ്പിട്ടുകൊടുത്തിട്ടുണ്ടല്ലോ. അയാൾ അതെടുത്തു കാണിച്ചു. ഞാൻ അവനെ അന്വേഷിച്ച് അവന്റെ വീടുവരെ പോയി. വീട് പൂട്ടിക്കിടക്കുകയാണ്. അവർ താമസം മാറിപ്പോയെന്നും എവിടേക്കാണ് പോയതെന്ന് പറഞ്ഞില്ലെന്നുമാണ് അയൽക്കാരിൽ നിന്നും കിട്ടിയ മറുപടി. എനിക്ക് കിട്ടുന്ന ശമ്പളത്തിൽ നിന്നും ഒരു നല്ല തുക അവർ കഴിഞ്ഞ മാസം മുതൽ വാങ്ങാൻ തുടങ്ങി. നമ്മൾ എങ്ങനെ ഇനി ജീവിക്കും? സ്വന്തമായി വീട് പോലുമില്ല.വീടിന്റെ വാടക കൊടുക്കണം, കുട്ടികളുടെ പഠിത്തം, ആഹാരം. ആൺകുട്ടികളാണെങ്കിൽ പിന്നെയും. ശരി എന്ന് പറയാം. ഇത് മൂന്നും പെൺകുട്ടികൾ." അമ്മ പറഞ്ഞു. "മതി നിർത്തു. പെൺകുട്ടികളാണെങ്കിലും അവർ മൂന്നുപേരും മാലാഖമാരാണ്. എന്റെ കുട്ടികൾ എല്ലാ സാഹചര്യത്തിലും ജീവിക്കാൻ പഠിച്ചവരാണ്. നാളെ നേരം വെളുക്കട്ടെ. ഞാൻ പറഞ്ഞു മനസ്സിലാക്കാം എന്റെ കുട്ടികളെ. നമ്മുടെ ഈ അവസ്ഥയെപ്പറ്റി. ആ പലിശക്കാരനെ കാണാൻ ഞാനും വരാം. എന്റെ പേരിൽ നാട്ടിൽ ഒരു രണ്ടു സെന്റ് സ്ഥലം ഉണ്ടല്ലോ. നാട്ടിൻപുറമായത് കൊണ്ട് സ്ഥലത്തിന് വലിയ വിലയൊന്നും കാണില്ല. എന്നാലും അയാൾക്ക് ഒരുറപ്പിനു ഞാൻ അത് കൊടുക്കാം."

ശരിക്കും എനിക്ക് അമ്മയോട് ഏറ്റവും ഇഷ്ടം തോന്നിയ സമയമായിരുന്നു അത്. ഞാൻ നോക്കുമ്പോൾ ഒരു ചെറിയ കരച്ചിലിന്റെ ശബ്ദം. എന്റെ ചേച്ചിയാണ്. അവളും കരഞ്ഞുകൊണ്ട് കിടക്കുകയാണ്. ഞാനും അവളും കൈകൾ ചേർത്തുപിടിച്ചു കിടന്നു. അങ്ങനെ എപ്പോഴോ ഉറങ്ങിപ്പോയി.

അടുത്ത ദിവസം ശനിയാഴ്ചയായതുകൊണ്ടു വളരെ പതുക്കെയാണ് ഉണർന്നത്. ഞങ്ങൾ ഒന്നുമറിയാത്തതുപോലെ പല്ലുതേച്ച് മുഖം കഴുകി രാവിലത്തെ കാപ്പിക്കായി അടുക്കളയിലേക്ക് ചെന്നു. അമ്മ ദോശ ചുടുകയാണ്. ഞങ്ങളെ കണ്ടതും അമ്മ പറഞ്ഞു. "ആഹ് എണീറ്റോ? ദാ കാപ്പി അവിടെയിരിപ്പുണ്ട്. രണ്ടുപേരും എടുത്തു കുടിച്ചോ" ഞാൻ കാപ്പികുടിച്ചുനോക്കി..മധുരം തീരെയില്ല. ഒന്നും പറയാതെ ഞങ്ങൾ ആ കാപ്പി മുഴുവനും കുടിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ അനിയത്തി എണീറ്റ് വന്നു. അവൾ ആ കാപ്പി ഒരു കവിൾ കുടിച്ചപ്പോൾ തന്നെ തുപ്പിക്കളഞ്ഞു.

**ശരിക്കും എനിക്ക് അമ്മയോട് ഏറ്റവും ഇഷ്ടം തോന്നിയ സമയമായിരുന്നു അത്. ഞാൻ നോക്കുമ്പോൾ ഒരു ചെറിയ കരച്ചിലിന്റെ ശബ്ദം. എന്റെ ചേച്ചിയാണ്. അവളും കരഞ്ഞുകൊണ്ട് കിടക്കുകയാണ്. ഞാനും അവളും കൈകൾ ചേർത്തുപിടിച്ചു കിടന്നു. അങ്ങനെ എപ്പോഴോ ഉറങ്ങിപ്പോയി.**

അമ്മേ. ഇതിൽ തീരെ മധുരമില്ല..അമ്മ പറഞ്ഞു. "മോളെ അത് പഞ്ചസാര തീർന്നു.ഞാൻ നാളെ വാങ്ങിക്കാം. ഇതുതന്നെയല്ലേ അമ്മ ഇന്നലെയും പറഞ്ഞത്."

അവൾ ചോദിച്ചു. അമ്മയുടെ മുഖത്ത് സങ്കടം കണ്ടു ഞങ്ങൾ രണ്ടുപേരും അവളെയും വിളിച്ചു മുൻപിലത്തെ മുറിയിൽകൊണ്ടുപോയി ഇരുത്തി. എന്നിട്ട് പറഞ്ഞു. "മോളെ, കാപ്പിയിൽ മധുരം ഇടാതെ കുടിക്കുന്നതാ നല്ലത്. അപ്പോൾ നമുക്ക് വലുതാകുമ്പോൾ അസുഖമൊന്നും വരില്ല." അവൾ ഞങ്ങൾ പറയുന്നത് ശ്രദ്ധിച്ചു കേട്ടു. "ആണോ, എങ്കിൽ ശരി" എന്നും പറഞ്ഞ് അവൾ ഓടി അടുക്കളയിൽ ചെന്നു. അമ്മയോട് പറഞ്ഞു. "അമ്മേ, എനിക്ക് ഇനി മുതൽ കാപ്പിയിൽ പഞ്ചസാര വേണ്ട." അമ്മയുടെ മുഖത്ത് കരച്ചിലും ചിരിയും ഒരുമിച്ചുവരുന്നത് ഞങ്ങൾ കണ്ടു..

എന്റെ ചേച്ചി പ്രീഡിഗ്രിക്കും ഞാൻ പത്താം ക്ലാസ്സിലും അനിയത്തി നാലാം ക്ലാസ്സിലും പഠിക്കുന്ന സമയമാണ് അത്. അമ്മ ഞങ്ങളെ വിളിച്ചിരുത്തി വീട്ടിലെ അവസ്ഥയെക്കുറിച്ചു പറഞ്ഞു തന്നു. അച്ഛൻ കാന്റീൻ മാസ്റ്റർ ആയതുകൊണ്ട് അവിടെ പാൽ കൊണ്ടുവരുന്ന ഏജൻസിക്കാരുമായി എന്തോ ഒരു ഏർപ്പാട് ഉണ്ട്. അതുകൊണ്ടു ദിവസവും പാൽ രണ്ടുനേരം വീട്ടിൽ കിട്ടിയിരുന്നു. അച്ഛന്റെ ശമ്പളത്തിൽ ആ പലിശക്കാരൻ നല്ലൊരു ഭാഗം എല്ലാ മാസവും വാങ്ങിക്കൊണ്ടു പോയിരുന്നു. ബാക്കി വന്നത് വാടക കൊടുക്കാൻ മാത്രമെ ഉണ്ടായിരുന്നുള്ളു..

ആ സമയത്ത് ഞങ്ങളുടെ സഭയിൽ (ബ്രാഹ്മണ സഭ) പഞ്ചസാരയും അരിയും ഫ്രീയായി കൊടുക്കുന്ന ഏർപ്പാട് ഉണ്ടായിരുന്നു. ഞങ്ങൾ ആദ്യമേ അതിനു അപേക്ഷ കൊടുത്തിരുന്നു. ഭാഗ്യം. ഞങ്ങൾക്കതു ലഭിച്ചുതുടങ്ങി. അപ്പോൾ

അമ്മ ദിവസവും പാൽ കാച്ചി പച്ചരി വേവിച്ച് പാലിൽ ഒഴിച്ച് പഞ്ചസാര ഇട്ട് പാൽപായസം എന്ന പേരിൽ ഞങ്ങൾക്ക് തന്നിരുന്നു.

ഒരു ദിവസം അമ്മയുടെ കൂട്ടുകാരി വീട്ടിൽ വന്നു. "ഇന്നെന്താ കറി?"ആ ആന്റി ചോദിച്ചു. ഞാനും ചേച്ചിയും പറഞ്ഞു "ഇന്ന് അവിയലും. സാമ്പാറും" കുട്ടിത്തം വിട്ടുമാറാത്ത ഞങ്ങളുടെ അനിയത്തി - "കള്ളം പറയാതെ ഇവിടെ പാൽപായസമല്ലേ" എന്നു ചോദിച്ചു. ആ ആന്റി പാത്രം തുറന്നു നോക്കി. എന്റടുത്തു പറയാത്തതെന്താ എന്നും ചോദിച്ചുകൊണ്ട് വീട്ടിൽ നിന്നും സാധനങ്ങൾ കൊണ്ട് തന്നു. അങ്ങനെ എത്രയോ ദിവസങ്ങൾ.

ഇതിനിടയിൽ വീടൊഴിഞ്ഞു തരണം എന്ന് പറഞ്ഞ് ഉടമസ്ഥനും ബഹളം കൂട്ടാൻ തുടങ്ങി. ഞങ്ങൾക്ക് ഒരു ചെറിയ വീട് ലഭിച്ചു. ഞങ്ങൾ താമസം അങ്ങോട്ട് മാറ്റി. ആ സമയത്താണ് ഞങ്ങളുടെ അച്ഛമ്മ ചെറിയച്ഛന്റടുത്തു നിന്നും ഞങ്ങളുടെ കൂടെ താമസിക്കാൻ വന്നത്. അച്ഛമ്മയ്ക്ക് ഗർഭപാത്രം എടുത്തുമാറ്റുന്ന ഓപ്പറേഷൻ കഴിഞ്ഞിരുന്ന സമയമായിരുന്നു അത്. ആ പ്രായത്തിലും അച്ഛമ്മ ഞങ്ങൾക്ക് വേണ്ടി വീട്ടുജോലിക്ക് പോകാൻ തുടങ്ങി.

പത്താം ക്ലാസ് കഴിഞ്ഞതും ഞാൻ പഠിത്തം നിർത്തി. ചേച്ചിയും പ്രീഡിഗ്രി ഫലം വന്നതും ജോലിക്ക് പോകാൻ ആരംഭിച്ചു. തുണിക്കടയിലാണ് ഞാനും എന്റെ ചേച്ചിയും ജോലിക്കു പോയത്. കഷ്ടപ്പാടുകൾക്കിടയിലും ചേച്ചി കറസ്പോണ്ടൻസായി ഡിഗ്രി എഴുതിയെടുത്തു. അവൾക്ക് കുറച്ചുകൂടി നല്ല ജോലി ലഭിച്ചു. അനിയത്തിയെ പഠിപ്പിച്ചു. പക്ഷെ അവൾ പ്രീഡിഗ്രിക്ക് ശേഷം പഠിക്കാൻ താത്പര്യം കാണിച്ചില്ല. ഞങ്ങളുടെ കഷ്ടപ്പാടിൽ അവൾക്കും പങ്കാളിയാകണം എന്ന് വാശി പിടിച്ചു ജോലിക്ക് പോകാൻ തുടങ്ങി.

അങ്ങനെ ഞങ്ങൾ എല്ലാവരും കൂടി ഒത്തു പിടിച്ചപ്പോൾ പതുക്കെ പതുക്കെ ഞങ്ങളുടെ കുടുംബവും രക്ഷപ്പെടാൻ തുടങ്ങി. അച്ഛൻ റെയിൽവേ കാന്റീൻ ജോലി രാജി വച്ചു. അപ്പോൾ കിട്ടിയ പിഎഫ് പൈസയിൽ നിന്നും അച്ഛന്റെ കടം അടച്ചുതീർത്തു. അമ്മയുടെ പ്രമാണം ആ പലിശക്കാരന്റെ കയ്യിൽ നിന്നും തിരിച്ചുവാങ്ങി. അതുവിറ്റ് കിട്ടിയ കാശും പിന്നെ ഞങ്ങളുടെ കൊച്ചു സമ്പാദ്യവും ചേർത്ത് ഞങ്ങൾ സിറ്റിയിൽ തന്നെ ഒരു ചെറിയ വീട് വാങ്ങിച്ചു.ഇപ്പോൾ അച്ഛനും അമ്മയും ആ വീട്ടിലാണ്. സ്വസ്ഥമായി.

ഇപ്പോൾ ആരും ഇറക്കിവിടാൻ ഇല്ല. വാടക കാലാവധി കഴിഞ്ഞു എന്നും പറഞ്ഞ്, കടം കൊടുത്തവർ വന്നു നിൽക്കാറില്ല. മൂന്നു നേരവും നല്ല രീതിയിലുള്ള ഭക്ഷണം. അമ്മയുടെ കൈകൊണ്ടുണ്ടാക്കിയ വറുത്തരച്ച തീയൽ

**പത്താം ക്ലാസ് കഴിഞ്ഞതും ഞാൻ പഠിത്തം നിർത്തി. ചേച്ചിയും പ്രീഡിഗ്രി ഫലം വന്നതും ജോലിക്ക് പോകാൻ ആരംഭിച്ചു. തുണിക്കടയിലാണ് ഞാനും എന്റെ ചേച്ചിയും ജോലിക്കു പോയത്. കഷ്ടപ്പാടുകൾക്കിടയിലും ചേച്ചി കറസ്പോണ്ടൻസായി ഡിഗ്രി എഴുതിയെടുത്തു. അവൾക്ക് കുറച്ചുകൂടി നല്ല ജോലി ലഭിച്ചു. അനിയത്തിയെ പഠിപ്പിച്ചു. പക്ഷെ അവൾ പ്രീഡിഗ്രിക്ക് ശേഷം പഠിക്കാൻ താത്പര്യം കാണിച്ചില്ല. ഞങ്ങളുടെ കഷ്ടപ്പാടിൽ അവൾക്കും പങ്കാളിയാകണം എന്ന് വാശി പിടിച്ചു ജോലിക്ക് പോകാൻ തുടങ്ങി.**

കഴിക്കാൻ ഞാനും ചേച്ചിയും ഓടിയെത്തും ഞായറാഴ്ചകളിൽ. അനിയത്തിയെ അടുത്ത് തന്നെയാണ് വിവാഹം ചെയ്തുകൊടുത്തത്. ഇപ്പോൾ ഞങ്ങൾ മൂന്നുപേരും ഒന്നിച്ചുകൂടുമ്പോൾ കഷ്ടപ്പാടുകളുടെ കാര്യം ചർച്ചയിൽ വരാറില്ല.

ഇത്രയും കഷ്ടപ്പാടുകൾ എന്താണ് പഠിപ്പിച്ചത്? ആത്മഹത്യ ഒന്നിനും ഒരു പരിഹാരമല്ല. കുടുംബം എന്ന ചങ്ങല ബലമുള്ളതാകണം. അപ്പോൾ ഏതു പ്രതിസന്ധിയും നമ്മുക്ക് നേരിടാൻ സാധിക്കും, എല്ലാവരെയും കണ്ണടച്ച് വിശ്വസിക്കരുത്. പിന്നെ. പ്രവൃത്തിയിലൂടെ ഞങ്ങൾക്ക് കാണിച്ചുകൊടുക്കാൻ സാധിച്ചു. പെണ്ണെന്നു പറഞ്ഞാൽ പ്രാരാബ്ധമല്ല എന്ന്.

ചർച്ചാവിഷയം

സന്ധ്യ പഴനി

7-ാംക്ലാസ്സ്, ജി.യു.പി. കാരറ





# ഒരുവട്ടംകൂടി

**ഞാ**ൻ ഒന്നാം ക്ലാസ്സു മുതൽ പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിലെ കാരറ ഗവ.യു.പി സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥിനിയാണ്. ഇവിടുത്തെ  പഠന കാലം എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കുവാൻ സാധിക്കാത്ത കുറെ നല്ല ഓർമ്മകളും അനുഭവങ്ങളും നൽകിയിട്ടുണ്ട്. എനിക്ക് ഒരിക്കലും മറക്കാൻ സാധിക്കാത്ത അനുഭവമാണ് നല്ലപാഠം പരിപാടിയെ സംബന്ധിച്ച് ഞങ്ങളുടെ സ്കൂളിൽ നാടൻ പാട്ടിന്റെ രാജാവായ ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ അവർകൾ വരികയുണ്ടായത്. നല്ലപാഠം പരിപാടിയിൽ പങ്കെടുക്കാൻ എന്നെയും എന്റെ കൂട്ടുകാരികളെയുമാണ് തെരഞ്ഞടുത്തത്.ആ അനുഭവം എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല



ജനപ്രിയ നായകനോടൊപ്പം വേദിയിൽ എന്റെ സ്കൂളിന്റെ തുടക്കം മുതലുള്ള കാര്യങ്ങൾ ഇംഗ്ലീഷിൽ പ്രസംഗിക്കുവാൻ കഴിഞ്ഞത് അഭിമാനത്തോടെ ഞാൻ ഇന്നും ഓർക്കുന്നു. പിന്നെ ഞങ്ങളുടെ സ്കൂളിന് മികവുത്സവം പദ്ധതിയിൽ സംസ്ഥാന തലത്തിൽ യു.പി വിഭാഗത്തിൽ ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി. അതിൽ ഞങ്ങളുടെ സ്കൂളിന് സമ്മാനം നൽകിയത് സിനിമ സീരിയൽ താരമായ ഷോഭിതിലക് ആയിരുന്നു. ജൈവവൈവിധ്യ പുരസ്കാരം, അക്ഷയശ്രീ അവാർഡ് തുടങ്ങിയ പുരസ്കാരങ്ങളും ഞങ്ങളുടെ സ്കൂളിനു കിട്ടിയതിലും ഈ സ്കൂളിൽ പഠിക്കാൻ സാധിച്ചതിലും ഞാൻ വളരെയധികം അഭിമാനിക്കുന്നു. ഇത് കൂടാതെ എന്റെ സ്കൂളിൽ ആദിവാസികളുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും അവർ ഉപയോഗിച്ചിരുന്ന വീട്ടുപക രണങ്ങളും ശേഖരിച്ച് ഞങ്ങൾ ട്രൈബൽ മ്യൂസിയം തന്നെ തയ്യാറാക്കി. പിന്നെ ഞങ്ങൾ ഗരുഡ പച്ച ഔഷധത്തോട്ടം നിർമ്മിച്ചു. റാങ്ക് ശീങ്കെ ഏറ്ശീങ്കെ, ഊതു വാഴ, മരവാഴ, പസാട്ടി തുടങ്ങിയ ആയിരക്കണക്കിന് ഔഷധ

നല്ലപാഠം റിയാലിറ്റി ഷോയിൽ നല്ല പ്രകടനം കാഴ്ചവയ്ക്കാൻ എനിയ്ക്ക് സാധിച്ചു ആദ്യമായിട്ടാണ് ഒരു റിയാലിറ്റി ഷോയിൽ പങ്കെടുക്കുന്നത്. കൂടാതെ സംസ്ഥാനത്ത് ഒന്നാം സമ്മാനം എന്റെ സ്കൂളിനാണ് കിട്ടിയത്. അത് അറിഞ്ഞപ്പോൾ സന്തോഷം കൊണ്ട് എന്റെ കണ്ണുകൾ നിറഞ്ഞു. അത്രയും വലിയ ഒരു വേദിയിൽ മുൻ ഐ.എസ്.ആർ.ഒ. ചെയർമാൻ രാധാകൃഷ്ണൻ സാറിന്റെ കയ്യിൽ നിന്ന് സമ്മാനം ഏറ്റുവാങ്ങിയതിൽ ഞാൻ അഭിമാനിക്കുന്നു. കൂടാതെ നല്ല പാഠം പുരസ്കാരം കിട്ടിയതിന്റെ ഭാഗമായി ഞങ്ങളുടെ സ്കൂളിൽ മലയാളത്തിന്റെ പ്രശസ്ത നടി മഞ്ജുവാര്യർ വരികയുണ്ടായി. മഞ്ജുവാര്യരോടൊപ്പം നിന്ന് ഫോട്ടോയെടുക്കുവാനും അടുത്ത് കാണുവാനും സാധിച്ചത് എന്റെ ജീവിതത്തിലെ ഒരു ഭാഗ്യമാണ്. യു.പി. സ്കൂൾ ഉദ്ഘാടന ചടങ്ങിൽ കേരളത്തിലെ

സസ്യങ്ങൾ വെച്ചുപിടിപ്പിച്ചു. ചാത്തിവൈദ്യർ ആണ് ഞങ്ങൾക്ക് ഔഷധസസ്യങ്ങൾ പറഞ്ഞു തന്നത്. ഇതുപോലെത്തന്നെ ഞങ്ങൾ നിഘണ്ടു തായ്യാറാക്കി. 192 ഊരുകളിലും പോയി സർവ്വേ നടത്തിയാണ് ഞങ്ങൾ നിഘണ്ടു തയ്യാറാക്കിയത്. ക്യാൻസർരഹിത അട്ടപ്പാടിയും, ഗ്രീൻ കാരറ, ക്ലീൻ കാരറ എന്ന പരിപാടി ഉദ്ഘാടനം ചെയ്തത് എം. ബി. രാജേഷ് അവർകൾ ആയിരുന്നു. ഈ കാര്യങ്ങൾക്കെല്ലാം നേതൃത്യം നൽകിയത് പ്രധാനധ്യാപകൻ ശ്രീ. ജയിംസ് മാസ്റ്ററും മറ്റ് അധ്യാപകരുമാണ്. ഞങ്ങളോടൊപ്പം രക്ഷിതാക്കളും, നാട്ടുകാരും സഹായത്തിനെത്തിയിരുന്നു ഇത്രയും നല്ലൊരു സ്കൂളിൽ പഠിക്കാൻ സാധിച്ചതിൽ ഞാൻ ഏറെ അഭിമാനിക്കുന്നു. എല്ലാവരോടും ഒരിക്കൽ കൂടി നന്ദി അറിയിച്ചു കൊണ്ട് ഞാൻ നിർത്തുന്നു.

ചർച്ചാവിഷയം

**എം.സുൽഫത്ത്**

പ്രധാനദ്ധ്യാപിക
ജി.എൽ.പി.എസ്., കടന്നപ്പള്ളി




# അധ്യാപകർ ആധുനികരാകേണ്ടതുണ്ട്

**കൊ**ല്ലം ട്രിനിറ്റി ലൈസിയം സ്കൂളിലെ പത്താംക്ലാസ്സ് വിദ്യാർത്ഥിനി ഗൗരിനേഘയുടെ ദാരുണമരണം നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം, അധ്യാപകർ, കുട്ടികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന മാനസികസംഘർഷങ്ങൾ ഇവയെക്കുറിച്ചൊക്കെ നിരവധി ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. ജീവിതത്തിന്റെ തുറസ്സുകളും ഊഷ്മളതയും അറിഞ്ഞു തുടങ്ങുന്ന പ്രായത്തിൽ മരണത്തിലേക്ക് പടിയിറങ്ങിക്കൊണ്ട് നമുക്ക് മുന്നിൽ ചില ചോദ്യങ്ങളും ഓർമ്മപ്പെടുത്തലുകളുമാണ് അവൾ അവശേഷിപ്പിച്ചത്.

ഒരു തെറ്റല്ല, ആവർത്തിക്കപ്പെട്ട പല തെറ്റുകളാണ് ഗൗരിയുടെ മരണത്തിന് കാരണക്കാരായ രണ്ട് അധ്യാപകരും അവളുടെ സ്കൂളും ചെയ്തത്. കുട്ടികൾ ക്ലാസ്സ് മുറിയിൽ ചെയ്യുന്ന ചെറിയ അച്ചടക്കലംഘനത്തിനും തെറ്റുകൾക്കും ആൺകുട്ടികളെ പെൺകുട്ടികളുടെ കൂടെ ഇരുത്തുക, തിരിച്ച് പെൺകുട്ടികളെ ആൺകുട്ടികളുടെ കൂടെ ഇരുത്തുക ഒക്കെ  പ്രാകൃത ശിക്ഷാരീതികളാണ്. തു



ല്യതയിലധിഷ്ഠിതമായ ആൺപെൺ ബന്ധങ്ങളെക്കുറിച്ചോ സമത്വത്തെക്കുറിച്ചോ ബോധ്യങ്ങളില്ലാതിരുന്ന പഴയകാലത്ത് സാധാരണമായിരുന്ന ഒരു ശിക്ഷയാണിത്. തങ്ങളെക്കാൾ പദവിയിൽ താഴ്ന്നവരുടെ കൂടെ ഇരിക്കുക എന്ന അപകർഷതാബോധം ആൺകുട്ടിയിലും സദാചാര ബോധത്തിന് മുറിവേൽപ്പിച്ച് വായടപ്പിക്കാൻ പെൺകുട്ടിയിലും ഈ ശിക്ഷകൾ ഉപയോഗപ്പെടുത്തിയിരുന്നു.

ആൺകുട്ടികളും പെൺകുട്ടികളും പരസ്പരം ഇടപഴകിയും ആശയസംവേദനം നടത്തിയും സൗഹൃദം പങ്കിട്ടും വളരുന്ന ബാല്യങ്ങളിലൂടെയാണ് ജനാധിപത്യപരമായ ആൺപെൺ ബന്ധങ്ങൾ വളർന്നു വരേണ്ടത്. നഴ്സറി ക്ലാസു മുതൽ വെവ്വേറെ ബെഞ്ചുകളിൽ ഇരുത്തി തമ്മിൽ മുട്ടാതെ വരി നിർത്തി വെവ്വേറെ ഗേറ്റുകളിലൂടെ സ്കൂളിനകത്തേക്കും പുറത്തേക്കും കടത്തിവിട്ട് നാം സൂക്ഷിക്കുന്ന സദാചാരമൂല്യങ്ങൾ ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. ഇത്തരം വിദ്യാലയങ്ങളിൽ അധ്യാപകർ സദാചാര പോലീസ് (ഗുണ്ട)കളുടെ റോളുകളാണ് കയ്യാളുന്നത്. ഒരാൺകുട്ടിയും പെൺകുട്ടിയും ഒന്നിച്ചൊരു ബെഞ്ചിൽ ഇരുന്നാൽ തകരുന്നതല്ല മാനം എന്ന് പഠിപ്പിക്കുന്നതിനു പകരം സൗഹൃദങ്ങൾ തെറ്റിനുള്ള ശിക്ഷയാണ് എന്ന് പഠിപ്പിക്കുന്ന അധ്യാപകരാണിവർ.

അധ്യാപിക ചെയ്ത തെറ്റ് രക്ഷിതാക്കൾ അറിയുകയും അവർ ഇടപെടുകയും ചെയ്തിട്ടും ആ തെറ്റ് വീണ്ടും ആവർത്തിക്കുകയാണ് അധ്യാപിക ചെയ്തത്. ഒരു പക്ഷേ ആൺകുട്ടികളുടെ ഇടയിൽ ഇരുന്നതു കൊണ്ട് എന്റെ മകൾക്ക് ഒരു ചുക്കും

സംഭവിക്കുന്നില്ല എന്ന് മക്കളെ ബോധ്യപ്പെടുത്തുന്നതിൽ മാതാപിതാക്കൾ വിജയിച്ചിരുന്നുവെങ്കിൽ ചിലപ്പോൾ ഇത്തരമൊരു മരണം സംഭവിക്കാതിരിക്കുമായിരുന്നിരിക്കാം.

തന്റെ അനുജത്തിക്ക് എന്തു സംഭവിച്ചു എന്ന് ചേച്ചി അന്വേഷിച്ചത് അച്ചടക്കലംഘനമായി കാണാൻ പാടില്ലായിരുന്നു. അധ്യാപകവിദ്യാർത്ഥി ബന്ധങ്ങൾ അധികാര വിധേയത്ത ബന്ധങ്ങളാണെന്നും അധികാരത്തെ ചോദ്യം ചെയ്യുകയാണ് പെൺകുട്ടി ചെയ്തതെന്നുമുള്ള ആധിപത്യബോധമാണ് ഭക്ഷണം കഴിച്ചുതീരാൻ പോലും കാത്തു നില്ക്കാതെ അവളെ കൂട്ടിക്കൊണ്ടുപോകാനും മരണത്തിലേക്ക് നയിക്കുന്ന തരത്തിൽ പെരുമാറാനും അധ്യാപികമാരെ പ്രേരിപ്പിച്ചത്.

നിസ്സാരകാര്യങ്ങൾക്കു പോലും ആത്മഹത്യ ചെയ്യുന്ന മാനസികാവസ്ഥയിലേക്ക് ചില കുട്ടികളെങ്കിലും എത്തുന്നത് എന്തുകൊണ്ടാണ്? കൂട്ടുചേർന്നിരുന്ന് പങ്കുവെക്കുകയും കലഹിക്കുകയും ആത്മരോഷം പ്രകടിപ്പിക്കുകയും ചെയ്ത് പെയ്തൊഴിഞ്ഞു പോകേണ്ട മാനസികസംഘർഷങ്ങൾ അവരുടേത് മാത്രമാക്കി അവരെ ആത്മഹത്യയിലേക്ക് നയിക്കുന്നത് ആരാണ്? തോല്ക്കുകയും കൂട്ടത്തിൽ ഒറ്റപ്പെടുകയും തോല്പിച്ചുകൊണ്ട് അപമാനിതരാവുകയും ചെയ്യുന്ന ഒട്ടനവധി കളികൾ മുൻബാല്യങ്ങൾക്കുണ്ടായിരുന്നു. പ്രതിസന്ധികളെ നേരിടാനുള്ള പരിശീലനകളരികളായിരുന്നു അത്തരം കളികൾ. കളികളും വിനോദങ്ങളും അവരിൽ നിന്ന് കവർന്നെടുത്ത് മത്സരവും പരീക്ഷയും ദുരഭിമാനവും പകരം കൊടുത്ത് രക്ഷിതാക്കളും അധ്യാപകരും ചേർന്ന് സംഘർഭരിതമാക്കുകയാണ് ബാല്യകൗമാരങ്ങളെ. അതുകൊണ്ട് ഈ മരണത്തിന് ഉത്തരവാദികൾ നമ്മളൊക്കെയാണ്.

ആധുനികകാലത്തിനനുസരിച്ച് ഏറ്റവും നവീകരിക്കപ്പെടേണ്ട വിഭാഗമാണ് അധ്യാപകർ. അതത് കാലത്തെ അധ്യാപകരുടെ കൈകളിലൂടെ കടന്നുപോകാത്ത  ഒരു തലമുറയും ഇല്ല. പൊതു വിദ്യാലയങ്ങളിലെ പ്രൈമറിക്ലാസുകളിൽ നിന്ന് അപ്രത്യക്ഷമായ ചൂരൽവടികൾ +2 ക്ലാസ്സിലെ അധ്യാപകരുടെ കയ്യിൽ കാണുന്നത് ആധുനികതയുടെ ലക്ഷണമല്ല.  കുട്ടികൾക്ക് ലഭിക്കുന്നതിനേക്കാൾ കൗൺസലിംഗ് ലഭിക്കേണ്ടത് അധ്യാപകർക്കാണ്. അതോടൊപ്പം തന്നെ ഇടിമുറികളുടെയും പ്രാകൃതശിക്ഷാരീതികളുടെയുമൊക്കെ വാർത്തകൾ കൂടുതലും വരുന്നത് പൊതുവിദ്യാലയങ്ങളിൽ നിന്നല്ല സ്വകാര്യ അൺ എയിഡഡ്, മാനേജ്മെന്റ് സ്കൂളുകളിൽ നിന്നാണെന്നതും കാണാതിരുന്നുകൂട.



## സംഘടിത കൂട്ടായ്മയിൽ കണ്ണി ചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകൾക്കെഴുതാനും വായിക്കാനും പ്രസിദ്ധീകരിക്കാനുമുള്ള വേദിയായ സംഘടിതയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, ഓർമ്മക്കുറിപ്പുകൾ, നർമ്മശകലങ്ങൾ, നിരീക്ഷണങ്ങൾ, അമ്മയനുഭവങ്ങൾ, നവമാദ്ധ്യമ അവലോകനങ്ങൾ, പഴയ കുടുംബഫോട്ടോകൾ, സ്ത്രീകളെ സംബന്ധിക്കുന്ന പഴയ പത്രവാർത്തകൾ - പ്രസിദ്ധീകരിക്കാൻ തോന്നുന്ന എന്തും - ക്ഷണിക്കുന്നു. താൽപര്യമുള്ളവർ **sheebakm@gmail.com** എന്ന വിലാസത്തിലേക്ക് സ്വന്തം ഫോട്ടോയും മേൽവിലാസവും ഫോൺ നമ്പറും ഉൾപ്പെടുത്തി അയക്കുമല്ലോ.

ചർച്ചാവിഷയം/ കഥ

**കീർത്തന പ്രസീന**
ചെറുതാഴം



# ഞാനും ഒരു പെണ്ണ്



ആണായി ജനിച്ചിരുന്നെങ്കിലെന്ന് ഒരിക്കലെങ്കിലും ആഗ്രഹിക്കാത്ത ഒരു പെണ്ണും ഉണ്ടാകില്ല. ചെറുപ്പം മുതൽക്കേ അവളനുഭവിക്കുന്ന സാഹചര്യങ്ങളാണ് അത്തരത്തിലുള്ള ഒരു തോന്നലിന് നിമിഷനേരത്തേക്കെങ്കിലും ഇടയാക്കുന്നത്. പെണ്ണെന്ന അലങ്കാരം ഓരോ പെണ്ണിനെയും തലമുറകളായി കൈമാറി വരുന്ന ഒരു ചട്ടക്കൂടിനുള്ളിലേക്കാണ് നയിക്കുന്നത്, ആൺകുട്ടിക്ക് ബാറ്റും ബോളും കാറും പെണ്ണിന് ചാന്തും പൊട്ടും കിച്ചൺസെറ്റും. അത്തരം പ്രാകൃതമായ ആചാരങ്ങളൊക്കെയും ഇന്നും അതുപോലെ തന്നെ കൈമാറിവരുന്നു എന്നതാണ് വിചിത്രം. എന്തുകൊണ്ട് ആ കളിപ്പാട്ടങ്ങൾ നൽകപ്പെടുന്ന രീതി തിരിച്ചായിക്കൂടാ? പെണ്ണെന്നാൽ അടുക്കളയിലേക്കുള്ള യാത്രക്കാരി മാത്രമാണോ? വീണ്ടും വീണ്ടും പുനർവിചിന്തനം നടത്തേണ്ടുന്ന ഒരു സമസ്യയാണത്.

വളരും തോറും അവൾ എത്രയെത്രയോ കണ്ണുകളിൽ നിന്ന് തിരിഞ്ഞ്

*ശേഷം പേജ് 37*

ചർച്ചാവിഷയം


**ലക്ഷ്മി വന്ദന കെ.**

**പ്ലസ്‌വൺ, കുണ്ടൂർകുന്ന് എച്ച്.എസ്.എസ്.**




# ജീവിതപാഠം

**അ**റിവിന്റെ ചിറകേറി സ്വപ്നങ്ങളുടെ കൂട്ടിൽ വസിക്കുന്ന ലക്ഷ്യത്തിനരികിലേക്ക് പറന്നുയരാൻ വെമ്പുന്ന പറക്കമുറ്റാത്തൊരു വിദ്യാർത്ഥിനിയാണ് ഞാൻ. സ്വപ്നങ്ങളും പ്രതീക്ഷകളും, നൊമ്പരങ്ങളും നിരാശകളും നിറഞ്ഞ എന്റെ ജീവിതമാകുന്ന പുസ്തകത്താളിൽ നിന്നും ചികഞ്ഞെടുത്ത ചില അനുഭവപാഠങ്ങൾക്ക് ഞാനിവിടെ തൂലികയിലൂടെ നിറം ചാർത്തുന്നു.

മാതാപിതാക്കളുടെ വിയർപ്പിന്റെ സുഗന്ധവും ഗുരുവാത്സല്യത്തിന്റെ മാധുര്യവും ദൈവസ്നേഹത്തിന്റെ മഹത്വവുമാണ് എനിക്കെന്നും പ്രചോദനം നൽകുന്നത്. തെരുവിൽ വിശപ്പിന്റെ തീവ്രതയിൽ വാടിത്തളർന്ന കുരുന്നു മുഖങ്ങൾ മനസ്സിൽ തെളിയുമ്പോൾ ഭാവിയിൽ അത്തരമൊരു യാഥാർത്ഥ്യത്തെ മായ്ച്ചുകളയാനുള്ള വ്യഗ്രതയാണ് എന്നെ

പഠിക്കാൻ പ്രേരിപ്പിക്കുന്നത്. മണ്ണെണ്ണ വിളക്കിന്റെ ഇത്തിരിവെട്ടത്തിലും എനിക്ക് പ്രകാശമേകിയത് എന്നിലേക്കൊഴുകിയ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും അമൃതപ്രവാഹങ്ങൾ ആത്മാവിൽ തെളിയിച്ച നെയ്ത്തിരിനാളങ്ങളായിരുന്നു.

അന്ധയോ മൂകയോ ബധിരയോ വികലാംഗയോ ഒന്നുമല്ലാതെ വേണ്ട കഴിവുകളെല്ലാം നൽകി ഈ ഭൂമിയിൽ എനിക്കൊരു ജന്മം നൽകിയ ദൈവത്തിന് തീർച്ചയായും എന്നെക്കുറിച്ച് ചില പദ്ധതികളുണ്ടായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതൊരിക്കലും സൗഭാഗ്യത്തിന്റെ മടിത്തട്ടിൽ വിരാജിച്ചുകൊണ്ട് സ്വാർത്ഥപൂർണമായ ആർഭാടജീവിതം നയിക്കാനുള്ളതല്ല മറിച്ച് അത് തീർച്ചയായും വിശക്കുന്ന ഒരു വയറിനെങ്കിലും ആഹാരം പ്രദാനം ചെയ്യാൻ, ഒരാളുടെയെങ്കിലും കണ്ണീർതുടയ്ക്കാൻ, ഒരു ഹൃദയത്തിലേക്കെങ്കിലും സാന്ത്വനത്തിന്റെ തണലായ് സ്വയമൊഴുകാൻ എന്നെ പ്രാപ്തമാക്കാൻ പര്യാപ്തമായിരിക്കും. ദുഃഖത്തിന്റെ മരുഭൂവിലും പ്രത്യാശയുടെ നീരുറവ തേടുന്ന ജിജ്ഞാസയാണെന്റെ ജീവവായു. പെണ്ണായ് പിറന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. പച്ചയായ സ്ത്രീജീവിത യാഥാർത്ഥ്യങ്ങളിലൂന്നി വറ്റാത്തപ്രതീക്ഷകളും നിറംമങ്ങാത്ത സ്വപ്നങ്ങളും ചിറകിലേറ്റി പരിമിതികളുടെ അതിർവരമ്പുകൾ ഭേദിച്ച് മുന്നേറാൻ ഞാനാഗ്രഹിക്കുന്നു.

ഇന്ന് ചോരുന്ന മൺചുവരുകൾക്കിപ്പുറം സ്നേഹത്തിന്റെ തണലിൽ വസിച്ചുകൊണ്ട് സത്യസന്ധതയുടെയും ആത്മാർത്ഥയുടെയും ദൃഢനിശ്ചയത്തിന്റെയും നിർഭയത്വത്തിന്റെയും പുതിയപാഠങ്ങളാൽ നിറഞ്ഞ നന്മയാൽ എന്റെ ചിന്താധാരയിൽ നവീനതയുടെ തരംഗങ്ങൾ സൃഷ്ടിച്ച പ്രിയ ഗുരുക്കന്മാരോടുള്ള സ്നേഹത്തിന്റെ ആദരവിന്റെ ശതകോടി പ്രണാമങ്ങളുടെ നേർസാക്ഷ്യമായി ഞാനെന്റെ ജീവിതം  മാറ്റിവയ്ക്കുന്നു. തെളിയും മുമ്പേ ഊതിയണയ്ക്കപ്പെട്ട എന്റെ സഹോദരങ്ങൾക്ക് ദീപനാളങ്ങൾക്കു വേണ്ടി.

കണ്ണീരുകൊണ്ടലങ്കരിക്കില്ല. സഹതാപത്തിന്റെ മറവിൽ അഹങ്കാരത്തിന്റെ കാപട്യത്താൽ കളങ്കപ്പെടുത്തില്ലയെങ്കിലും.

'പതിതരുടെ ദുഃഖങ്ങൾക്കൊപ്പം
പെയ്തൊഴിയാനാഗ്രഹിക്കുന്ന
കണ്ണുനീരാണെന്റെ ജീവിതം'.

*പേജ് 35 തുടർച്ച*

നടക്കാൻ പഠിക്കണം. ട്യൂഷൻ സെന്ററുകളേക്കാളേറെ  പെണ്ണിന് സ്വയരക്ഷയ്ക്കുള്ള മാർഗങ്ങൾ പറഞ്ഞുകൊടുക്കുന്ന സ്ഥാപനങ്ങൾ തുടങ്ങേണ്ടിയിരിക്കുന്നു. തല താഴ്ത്തിപ്പിടിച്ച് നടക്കാൻ ആണയിട്ടവരുടെ മുന്നിൽ തലയുയർത്തിപ്പിടിച്ച് നടക്കാൻ ഓരോ പെണ്ണും പ്രാപ്തയാകേണ്ടതുണ്ട്. നീയൊരു പെണ്ണാണെന്ന് നിരന്തരം ഓർമ്മിപ്പിക്കുന്നവരോട് എന്തുകൊണ്ട് പെണ്ണ് എന്ന് മറുചോദ്യം ചോദിക്കാനും പഠിക്കണം.

ആർത്തവം എന്നത് വളരെ മോശപ്പെട്ട ഒന്നായിട്ടാണ് പലരും കണക്കാക്കുന്നത്. എന്തിന്; സ്ത്രീകൾ പോലും. യഥാർത്ഥത്തിൽ സ്ത്രീകളുടെ ഏറ്റവും വലിയ സാധ്യതയും കരുത്തും അതാണ്. എന്നാൽ ആർത്തവം സംഭവിക്കുന്നതോടെ പല തരത്തിലുള്ള വിലക്കുകളും അവൾക്കുമേൽ വീഴുന്നു. അതുകൊണ്ടു തന്നെ ആ ജൈവപ്രക്രിയ ഒരു രഹസ്യമാക്കി വയ്ക്കുക എന്നത് സ്ത്രീയുടെ കടമയായി മാറ്റപ്പെടുന്നു.

രാത്രികാലങ്ങളിൽ സ്ത്രീകൾക്ക് പുറത്ത് നടക്കാൻ പോലും കഴിയാത്ത ഒരു ആസുരകാലത്തിലൂടെയാണ് നാമിന്ന് കടന്ന് പോയ്ക്കൊണ്ടിരിക്കുന്നത്. സൗമ്യയും ജീഷയുമെല്ലാം കാലം ബാക്കിവെച്ച രണ്ട് പേരുകൾ മാത്രമാകുന്നു. സ്വന്തം മകൾ വീടിനു പുറത്തെങ്ങാനും പോയാൽ തിരിച്ചെത്തും വരെ ആധിയോടെ കാത്തിരിക്കുന്ന മാതാപിതാക്കൾ ഇന്ന് പതിവുകാഴ്ചയാണ്. പെണ്ണെന്നത് ശാപമായിത്തീരുകയും അവൾ തൊടുന്നതിലൊക്കെയും അസ്വാതന്ത്ര്യത്തിന്റെ ചങ്ങലക്കണ്ണികൾ ഉടലെടുക്കുകയും ചെയ്യുന്നത് എത്ര പരിപാതപകരമാണ്! അഴിയാത്ത ചേലയായിരുന്നില്ല, പെണ്ണിനു നേരെ കയ്യോങ്ങുന്നവന്റെ കരമറുത്തു വീഴ്ത്താനുള്ള സുദർശന ചക്രമാണ് ശ്രീകൃഷ്ണഭഗവാൻ നൽകേണ്ടിയിരുന്നത്.

പെണ്ണെന്ന അവബോധം പലസന്ദർഭങ്ങളിലും വലിയ പേടിക്ക് കാരണമായിട്ടുണ്ട്. ഈ സമൂഹം തന്നെയാണ് ആ ഭയത്തിനു പിന്നിൽ. തലയിണക്കു കീഴെ വാക്കത്തിയൊളിപ്പിക്കുന്ന ശരീരത്തിൽ പെൻകാമറകളുമായി നടക്കുന്ന ഒരു പെൺസമൂഹം. ഒരു തുടർക്കഥയാവരുത്. അങ്ങനെയെങ്കിൽ പെൺകുഞ്ഞിന് ജന്മം കൊടുക്കാൻ ഭയപ്പെടുന്ന അമ്മമാരും ജനിച്ചു പോയി എന്ന കുറ്റത്തിന് നാളുകളെണ്ണുന്ന സഹോദരിമാരും വീണ്ടും വീണ്ടും ചോദ്യചിഹ്നങ്ങളാവും. സ്ത്രീ എന്നു പറയുന്നതെന്താണെന്നും അവളുടെ കഴിവുകളും പരിമിതികളും ഒക്കെയും ആദ്യം മനസ്സിലാക്കേണ്ടത് യഥാർത്ഥത്തിൽ പുരുഷന്മാരാണ്. ആ തിരിച്ചറിവിൽ നിന്നാണ് പുതിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുക.

**വഴിത്താരകൾ**

**ജാനകി**




# പെൺ പൂക്കും ഡിജിറ്റൽ യുഗങ്ങൾ

**സ്ത്രീയുടെ സർഗാത്മകത ഏതൊക്കെ രീതികളിലാണ് ഓരോരോ കാലങ്ങളിൽ നവീനങ്ങളായ രൂപഭാവങ്ങൾ സ്വയംതേടിപ്പിടിക്കുന്നത് എന്നതിലുള്ള കൗതുകവും ജിജ്ഞാസയും എന്നിലുണരുകയും , രണ്ടു സർഗ്ഗധനരായ യുവതികളോട് ഈ അനുഭവങ്ങളെക്കുറിച്ച് കൂടുതൽ സംസാരിക്കുവാൻ എന്നെ പ്രേരിപ്പിക്കുകയും ചെയ്തു.**

**സോ**ഷ്യൽ മീഡിയയിലൂടെ പുതിയ ശൈലികളും, നൂതനമായ എഴുത്തുകളും വരകളും പ്രചരിക്കുന്ന  കാലമാണിത്. സ്വയം ആവിഷ്കരിക്കാനും, ആശയങ്ങൾ പ്രചരിപ്പിക്കുവാനും വിഭിന്നങ്ങളായ മാധ്യമങ്ങളിലൂടെയും, മാധ്യമ മിശ്രണത്തിലൂടെയും, പലവിധ പരീക്ഷണങ്ങളിലൂടെയും ഇന്നത്തെ കലാകാരികൾ ശ്രമിക്കുന്നു. സമൂഹ മനസ്സിൽ വൻ ആഘാതങ്ങൾ സൃഷ്ടിക്കുന്ന സംഭവങ്ങളോട് അനുനിമിഷം പ്രതികരിക്കാനുള്ള ഉപാധിയായി മാത്രമല്ല യുവഭാവുകത്വം നവമാധ്യമങ്ങളിലൂടെ ശ്രമിക്കുന്നത് എന്നത്  ശ്രദ്ധേയമാണ്. 2017ന്റെ ആദ്യ മാസങ്ങൾ  നടുറോഡിൽ നടന്ന  രാത്രിനേരത്തെ ആക്രമണം  കേരളത്തെ ഞെട്ടിച്ചു കൊണ്ട് കടന്നുപോയപ്പോൾ ഒരു സാന്ത്വന സ്പർശം പോലെയാണ് രണ്ടു സംഗീത വീഡിയോ ആൽബങ്ങൾ  യൂട്യൂബിലൂടെ പ്രചരിക്കുകയും, അവയുടെ സങ്കൽപനത്തിലും ദൃശ്യശ്രാവ്യസംവിധാനത്തിലും മികവും, മൗലികതയും പുലർത്തി  പ്രേക്ഷകർക്ക് നവ്യമായൊരു ലാവണ്യാനുഭൂതി  പകരുകയും ചെയ്തത്. ശ്രുതി നമ്പൂതിരി രചിച്ച് സംവിധാനം ചെയ്ത 'ബാലെ' സിതാര കൃഷ്ണകുമാറിന്റെ 'എന്റെ ആകാശം' എന്നീ മ്യൂസിക് വീഡിയോകളെ പ്രത്യേകം പരാമർശിക്കുമ്പോൾ, പൂർവവിദ്യാർത്ഥിനികളുടെ കലാസപര്യയിൽ സദാ പങ്കുചേരുന്ന ഒരു അധ്യാപികയുടെ അഭിമാനവും ആനന്ദവും ഞാൻ തീർച്ചയായും ആസ്വദിക്കുന്നുണ്ട് എന്ന് എടുത്തുപറയട്ടെ. ഒപ്പം സ്ത്രീയുടെ സർഗാത്മകത ഏതൊക്കെ രീതികളിലാണ് ഓരോരോ കാലങ്ങളിൽ നവീനങ്ങളായ രൂപഭാവങ്ങൾ സ്വയംതേടിപ്പിടിക്കുന്നത് എന്നതിലുള്ള കൗതുകവും ജിജ്ഞാസയും എന്നിലുണരുകയും , രണ്ടു സർഗ്ഗധനരായ

യുവതികളോട്  ഈ അനുഭവങ്ങളെക്കുറിച്ച് കൂടുതൽ സംസാരിക്കുവാൻ എന്നെ പ്രേരിപ്പിക്കുകയുംചെയ്തു. തിരക്കേറിയ കലാകാരികളാണ് രണ്ടു പേരും. റിക്കോർഡിങ്ങിന്റെയും ഷൂട്ടിന്റെയും ഒക്കെ ഇടയിലൂടെ അവർ എനിക്കു വേണ്ടി നീക്കി വെച്ച സമയങ്ങൾ, ചില വിലപ്പെട്ട നിലപാടുകളോടുള്ള പ്രതിബദ്ധതയും ഐക്യപ്പെടലുമായി ഞാൻ വിലമതിക്കുന്നു.

സിതാരയുടെ 'എന്റെ ആകാശം' നമുക്ക് മുന്നിലെത്തുന്നത് മാർച്ച് എട്ടാം തീയതി തന്നെയാണ്. ഒരുപാട് നോവുകളുടെ നീറ്റലിന്റെ ഒപ്പവും പുഞ്ചിരി തൂവുന്ന സ്ത്രീസൗഹൃദത്തിന്റെ, സമഭാവനയുടെ അലകളാണ് ഈ മ്യൂസിക് വീഡിയോയെ ആർദ്രമാക്കുന്നത്. യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന കാലത്തു തന്റെ സഹപാഠിയായ ഗായത്രിക്കു വേണ്ടി എഴുതി വെച്ച ഒരു കുറിപ്പ് എത്രയോ വർഷങ്ങൾ കഴിഞ്ഞു എല്ലാ പെൺസുഹൃത്തുക്കൾക്കുമായുള്ള അതിമനോഹരമായ ദൃശ്യ സംഗീത ഉപഹാരമാക്കി മാറ്റാൻ സിതാരയെ പ്രേരിപ്പിച്ചത് എന്താണ്. മറ്റാളുകൾ ചിട്ടപ്പെടുത്തുന്ന ഈണങ്ങൾ പാടുന്ന ഗായികയായി മാത്രം ഒതുങ്ങാതെ, സ്വന്തം ചിന്തകൾക്ക്  സ്വയം ഈണം നൽകാനുള്ള വെമ്പലിന്റെ സ്വാഭാവിക പരിണാമമായിരുന്നു ഈ രചനയും ആലാപനവും എന്ന് സിതാര വിശ്വസിക്കുന്നു. തനിക്കേറ്റവും അടുത്തറിയുന്ന സ്ത്രീലോകത്തിൽ നിന്നും ഉൾക്കൊണ്ട ഊർജ്ജത്തെ ആ ലോകത്തിനു തിരിച്ചു നൽകാൻ തന്റെ ജന്മസിദ്ധികളെ വേറൊരു ചാലിലൂടെ തെളിച്ചുവിടുവാൻ സിതാര മുതിർന്നപ്പോൾ സമാനഹൃദയരായ ഒരുപാട് സുഹൃത്തുക്കൾ കൂട്ടിനെത്തി. ബാല്യകാല സുഹൃത്തും റാണിപദ്മിനിയുടെ തിരക്കഥ രചയിതാക്കളിൽ ഒരാളുമായ  രവിശങ്കർ പിന്തുണയിലെ സാന്നിധ്യമായിരുന്നു. രാത്രിയുടെ സൗന്ദര്യത്തെ ആവാഹിക്കുന്ന ഈ വിഡിയോയിൽ നക്തഞ്ചരികളായ മലയാളി സ്ത്രീകളുടെ ജീവിതതാളങ്ങളെയാണ് ഒപ്പിയെടുക്കുന്നതെന്നു ശ്രദ്ധേയമാണ്. ലോകമെമ്പാടുമുള്ള സ്ത്രീസമത്വത്തിനു വേണ്ടിയുള്ള സമരങ്ങളുടെ ഒരു പ്രധാന ആഹ്വാനം രാത്രികളെ സ്വന്തമാക്കുക എന്നതായിരുന്നു. പക്ഷെ സിതാര പറയുന്നു ,രാത്രി സ്വന്തമാക്കിയ സ്ത്രീകൾ നമുക്കിടയിൽ ഇപ്പോൾ തന്നെ  ഒരുപാടുണ്ട്. ഈ വീഡിയോ ഷൂട്ട് ചെയ്യുന്നതിലൂടെ താനും അത് തിരിച്ചറിഞ്ഞു. കലൂർ പള്ളിയുടെ മുന്നിൽ മെഴുകുതിരികൾ വിൽക്കുന്ന മേരി , നൈറ്റ്  ഡ്യൂട്ടിയിൽ വ്യാപൃതരായിരിക്കുന്ന നഴ്സുമാർ, ഷീ ടാക്സി ഓടിക്കുന്നവർ വൈകിയ വേളകളിൽ കടകളിൽ നിന്നിറങ്ങുന്ന സെയ്ൽസ്  ഗേൾസ്. പകലെന്ന

**പകലെന്ന പോലെ ഇരവിലും സ്ത്രീ ഇറങ്ങി നടക്കുന്നുണ്ട് . കാണുന്നില്ലെന്ന്  നടിക്കുന്നത് നമ്മളാണ് . ഹൃദ്യമായ ആലാപനത്തിലൂടെ, മൃദുലമായ നനുത്ത ശബ്ദസ്പർശങ്ങളിലൂടെ സൂക്ഷ്മമായ വികാരധ്വനികളുടെ ഒപ്പം ചലിക്കുന്ന ക്യാമറയുടെ പതിഞ്ഞ താളത്തിലൂടെ വിരിയുന്ന കാഴ്ചകളുടെ ഒതുക്കം വ്യത്യസ്തമായ ഒരു ലാവണ്യാനുഭവം പ്രദാനം ചെയ്യുന്നു.**




പോലെ ഇരവിലും സ്ത്രീ ഇറങ്ങി നടക്കുന്നുണ്ട് . കാണുന്നില്ലെന്ന്  നടിക്കുന്നത് നമ്മളാണ് . ഹൃദ്യമായ ആലാപനത്തിലൂടെ, മൃദുലമായ നനുത്ത ശബ്ദസ്പർശങ്ങളിലൂടെ സൂക്ഷ്മമായ വികാരധ്വനികളുടെ ഒപ്പം ചലിക്കുന്ന ക്യാമറയുടെ പതിഞ്ഞ താളത്തിലൂടെ വിരിയുന്ന കാഴ്ചകളുടെ ഒതുക്കം  വ്യത്യസ്തമായ ഒരു ലാവണ്യാനുഭവം പ്രദാനം ചെയ്യുന്നു. വീഡിയോ അവസാനിക്കുമ്പോൾ ഗായിക തന്റെ ആകാശത്തിൽ പൊട്ടിച്ചിരിക്കുന്ന നക്ഷത്രപ്രഭയെ സ്ത്രീകൾ തമ്മിൽ കോർക്കുന്ന സ്നേഹബന്ധങ്ങളുടെ പ്രകാശധാരയായി

കാണുന്നു. ആകാശനീലിമയുടെ മോഹിപ്പിക്കുന്ന കറുപ്പിലേക്കു ക്യാമറ നമ്മെ കൂട്ടികൊണ്ടു പോകുന്നു.ഓരോ ദിവസവും സ്ത്രീജീവിതത്തിന്റെ വെല്ലുവിളികളിലേക്കു ഉണരുന്ന നമ്മളിലേക്ക് സാന്ത്വനത്തിന്റെയും ഊഷ്മളതയുടെയും ഊർജ്ജമാണ് 'എന്റെ ആകാശ'ത്തിലൂടെ നിർമ്മാതാക്കൾ പ്രസരിപ്പിക്കുവാൻ ശ്രമിക്കുന്നത്. മ്യൂസിക് വീഡിയോവിനെ ആശയങ്ങൾ പ്രകാശിപ്പിക്കാനുള്ള ഒരു "ശക്തമായ വഴിയായി" കാണുന്ന സിതാര, ഒരു കലാരൂപമെന്ന രീതിയിലും അതിനു ഇന്നത്തെ കാഴ്ചയുടെ ലോകത്തു ഭദ്രമായ സ്ഥാനമുണ്ടെന്ന് വിശ്വസിക്കുന്നു. വളരെ പോസിറ്റീവ് ആയ പ്രതികരണങ്ങളാണ് തന്നിലേക്ക് എത്തിച്ചേർന്നതെന്നും, ഒരുപാട് സ്ത്രീകൾ ഈ ഈണത്തിൽ അവർ ചിട്ടപ്പെടുത്തിയ നൃത്തശില്പങ്ങളുടെ വീഡിയോ അയച്ചു കൊടുത്തു എന്നും സിതാര പറയുമ്പോൾ ഉറങ്ങിക്കിടക്കുന്ന അനവധി കലാവാസനകളെ ഓർക്കാൻ നമ്മൾ പ്രേരിതരാകുന്നു.പുരുഷന്മാർ സംഗീതസംവിധാനംചെയ്ത പാട്ടുകളാണ് നമുക്കിന്നു കൂടുതലായും ഉള്ളത് . സ്ത്രീകൾ രചിച്ചു ചിട്ടപ്പെടുത്തിയ പാട്ടുകളുടെ പാരമ്പര്യം തുലോം ശുഷ്കമാണെന്നു തന്നെ പറയേണ്ടി വരും. (ഇത് പറയുമ്പോൾ കുറച്ചു ദിവസങ്ങൾക്കു മുൻപ് തൃശൂരിൽ വയലിൻ കച്ചേരി നടത്തിയ ഏ. കന്യാകുമാരി നാരായണാർദ്രി രാഗത്തിൽ താൻ ചിട്ടപ്പെടുത്തിയ കൃതി അഭിമാനത്തോടെ സദസ്സിനു മുന്നിൽ അവതരിപ്പിച്ചത് ഓർക്കുന്നു) സ്ത്രീകൾ രചിക്കുമ്പോൾ സംഗീതത്തിന്റെ ഘടന തന്നെ മാറാൻ സാധ്യതയുണ്ട് എന്ന് സിതാര ധ്വനിപ്പിക്കുന്നു.

ആ സാധ്യതയാണ് ശ്രുതി നമ്പൂതിരി വരികൾ എഴുതി സംവിധാനം ചെയ്ത, സുദീപ് പാലനാട് സംഗീതമൊരുക്കി ആലപിച്ച വീഡിയോ ആൽബം നിർവ്വഹിക്കുന്നത്. താൻ കൂടി പങ്കാളിയായ വേൾഡ് മ്യൂസിക് ഫെസ്റ്റിവൽ കൂട്ടായ്മയിലെ സഹചാരികളായ വിഷ്ണു ദേവും നവീൻ മുല്ലമംഗലവും , സുദീപ് പാലനാടും ചേർന്ന് ഒരുക്കിയ 'ബാലെ' പെൺകുട്ടിയെ കേന്ദ്രീകരിച്ചു നെയ്ത അതിമനോഹരമായ ദൃശ്യാവിഷ്കാരമാണ്. സ്ത്രീത്വത്തെ ഒരു ആഘോഷമാക്കുന്ന ഈ ദൃശ്യസംഗീത വിരുന്ന് ഇന്ത്യൻ ക്ലാസ്സിക്കൽ നൃത്തത്തിലെ പ്രഗല്ഭകളായ കലാകാരികളേയും മികച്ച ഗായികമാരെയും പങ്കെടുപ്പിച്ചു കൊണ്ടു രണ്ടു രൂപഭാവങ്ങളിൽ ഇറങ്ങി. ചടുലതാളങ്ങളിൽ അഭിരമിക്കുന്ന ഒരു യുവത്വമാണ് സോഷ്യൽ മീഡിയയിൽ ഇരമ്പുന്നതെങ്കിലും, 'ബാലേ'ക്കും 'എന്റെ ആകാശ'ത്തിനും ആരാധകർ ഏറെയാണ്.മീനാക്ഷി ശ്രീനിവാസൻ, കപില വേണു, ആരുഷി മുദ്ഗൽ, ഹരിപ്രിയ നമ്പൂതിരി, നന്ദിത പ്രഭു, റിമ കല്ലിങ്ങൽ എന്നീ അനുഗ്രഹീത നർത്തകികളുടെ മുദ്രകളിലൂടെ, ലാസ്യഭാവങ്ങളിലൂടെ സ്ത്രീലോകത്തിന്റെ മനോഹാരിതയും, ഒരു പെൺകുഞ്ഞിന്റെ ജീവിതത്തിലെ പ്രസരിപ്പും ആനന്ദവും ആവിഷ്കരിക്കാനുള്ള ശ്രമം തന്നെ ആനന്ദദായകമാണ് . ബാലികയാണ് ഈ ആൽബത്തിന്റെ കേന്ദ്രബിന്ദു. "ഓരോ നർത്തകിയും അവളവളുടെ സ്ത്രി സങ്കൽപമാണ് ആവിഷ്കരിച്ചത്. ഒരമ്മയുടെ കാഴ്ചപ്പാടിലൂടെ മീനാക്ഷിയും ഹരിപ്രിയയും ആരുഷിയും ചിന്തിച്ചപ്പോൾ,കപിലയും, നന്ദിതയും റീമയും സ്വയം ബാലികമാരായി സങ്കല്പിച്ച് വ്യത്യസ്തമായ ഒരു വീക്ഷണകോണാണ് നൽകിയത്" , ശ്രുതി വിശദീകരിക്കുന്നു. ഈ സംഗീത ശിൽപം നിറച്ച ആഹ്ലാദാതിരേകത്തിൽ ഒരച്ഛൻ തന്റെ കുഞ്ഞു മകളെ അനവധി തവണ ആശ്ലേഷിച്ചു എന്ന് തന്നെ അറിയിച്ചത് ശ്രുതിയെ ഏറെ സന്തോഷിപ്പിക്കുന്ന ഓർമ്മയാണ്. റീമയുടെ contemporary ഡാൻസിനെ ഉൾപ്പെടുത്തിയിട്ടുള്ളത് പലർക്കും നീരസം ഉണ്ടാക്കി. പക്ഷേ മാറ്റത്തിന്റെ പ്രതീകമായാണ് താനവരെ കാണുന്നതെന്നും അതുകൊണ്ട് തന്നെയാണ് ഇത്തരമൊരു പരീക്ഷണത്തിന് തയ്യാറായത് എന്നും ശ്രുതി നിലപാട് വ്യക്തമാക്കുന്നു. ക്രിയാത്മകമായ വിമർശനങ്ങൾ കേൾക്കാനാണ് എനിക്ക് താത്പര്യം. 'ഈ നൃത്തരൂപങ്ങൾ സംയോജിപ്പിക്കരുതായിരുന്നു' എന്ന മട്ടിലുള്ള സങ്കുചിത വീക്ഷണങ്ങൾക്കു എനിക്ക് നേരമില്ല.'


'ബാലേ'യുടെ രണ്ടാം പതിപ്പ് അറിയപ്പെടുന്ന ഗായികമാരാൽ സമൃദ്ധമാണ്. കല്യാണി മേനോൻ, സുജാത, രഞ്ജിനി-ഗായത്രി സഹോദരിമാർ, ദീപ പാലനാട്, ശ്രേയ എന്നിവരാണ് ഈ പതിപ്പിനെ സമ്പന്നമാക്കുന്നത്. പരികൽപനയിലും, സംഗീതത്തിലുമുള്ള ബഹുസ്വരതയേയാണ് ആറു ഗായികമാരുടെ ആലാപന ശൈലികളിലൂടെ ആവിഷ്കരിക്കാൻ ശ്രമിക്കുന്നത്. "സ്ത്രീത്വത്തിനു തന്നെ അനവധി തലങ്ങളുണ്ടെന്ന് താൻ വിശ്വസിക്കുന്നുവെന്ന് ശ്രുതി അടിവരയിടുന്നു.

മറ്റേതൊരു ദൃശ്യരൂപത്തെക്കാൾ വേഗതയിൽ വീഡിയോ ആൽബങ്ങൾ പ്രേക്ഷകർക്കിടയിലൂടെ സഞ്ചരിക്കുന്നു. ബദൽ സന്ദേശങ്ങൾക്ക്, ആഗ്രഹങ്ങൾക്ക് , ഇടംനൽകുന്നു. കൂടുതൽ ആളുകളിലേക്ക് എത്താനുള്ള അനായാസ മാർഗമായി തെളിയുന്നു. വരുംകാലങ്ങളിൽ ഡിജിറ്റൽ വിനിമയങ്ങളുടെ പുതുവഴികൾ തുറക്കപ്പെടും. കലയും കാഴ്ചപ്പാടുകളും അപൂർവ ശൈലികളിൽ പരസ്പരം കൈകോർക്കും. ആ വഴികളിൽ എന്നെന്നും ഓർക്കപ്പെടുന്ന രണ്ടു സൃഷ്ടികളായിരിക്കും 'എന്റെ ആകാശവും' 'ബാലേ'യും എന്ന് നിശ്ചയമായും പറയാം.

ചർച്ചാവിഷയം


**നൈന സിത്താര**

**9-ാം ക്ലാസ്സ്,**
**സിൽവർഹിൽസ് പബ്ലിക് സ്കൂൾ, കോഴിക്കോട്**

# പെണ്ണായിരിക്കാൻ

ഒരു പെണ്ണായി ജനിച്ചതിൽ ഞാൻ അഭിമാനം കൊള്ളുന്നു കാരണം, എന്റെ ഉമ്മച്ചിയും ലോകജനനിയും എല്ലാ അമ്മമാരും സ്ത്രീകളാണല്ലോ. പറുദീസയിലെ ഹവ്വ തൊട്ട് ഇന്ന് ഗൗരി ലങ്കേഷ് വരെ എത്തിനിൽക്കുന്ന പരമ്പര!

ഇന്ന് സ്ത്രീകൾ ഒരുപാട് അക്രമങ്ങൾ നേരിടുന്നുണ്ടെങ്കിലും കഴിഞ്ഞ നൂറ്റാണ്ടിൽ അവർ അനുഭവിച്ച അവഗണനയും വെല്ലുവിളികളും ഇന്ന് മിക്ക സ്ത്രീകളും നേരിടുന്നില്ല എന്നതാണ് സത്യം. മാറ് മറക്കാനും വീട്ടിൽ നിന്ന് പുറത്തിറങ്ങാനും കഴിയാതെ, നാലുകെട്ടിന്റെ അടുക്കളയിലെ ഇരുട്ടിൽ നിന്ന് പുകയും കരിയുമേറ്റ് അന്തർജ്ജനങ്ങൾ ചത്തു ജീവിച്ച ഒരു കാലഘട്ടം ഉണ്ടായിരുന്നു. അവർ ഓലക്കുട മറച്ച് മുഖം മൂടിയായിരുന്നു അമ്പലങ്ങൾ സന്ദർശിച്ചത് പോലും. ലളിതാംബിക അന്തർജനത്തെ പോലുള്ള വിപ്ലവ-എഴുത്തുകാരികൾ ആ ഗതിക്ക് എത്രയോ മാറ്റങ്ങൾ വരുത്തി. പൗരോഹിത്യം അടിച്ചേൽപ്പിച്ച കോട്ടയിൽ നിന്ന് ഇന്നത്തെ മിക്ക സ്ത്രീകളും സ്വതന്ത്രരാണ്. അഭിപ്രായസ്വാതന്ത്ര്യത്തോടെ ജോലി ചെയ്യുകയും വാഹനങ്ങൾ ഓടിക്കുകയും ചെയ്യുന്നു. ഇന്ന് എല്ലാ രംഗത്തും തങ്ങളുടെ സാന്നിധ്യം അവർ അറിയിച്ചുകൊണ്ടിരിക്കുന്നു. മാധ്യമപ്രവർത്തകരംഗത്തെ ഷാനിപ്രഭാകരൻ മലയാളികളുടെ അഭിമാനമാണ് സുനിത വില്ല്യംസും പി.വി.സിന്ധുവും പി.ടി.ഉഷയും നമ്മുടെ അഭിമാനതാരകങ്ങളാണ്.

സൗന്ദര്യത്തിന്റെ കാര്യത്തിൽ മനംമയക്കുന്നത് സ്ത്രീകൾ തന്നെ. പുരുഷന്മാർക്കും സൗന്ദര്യമുണ്ട്. മയിൽ, ഫെസന്റ് എന്നീ വർഗ്ഗങ്ങളിൽ ആണിനാണ് ആകർഷണീയ സൗന്ദര്യമെങ്കിൽ മനുഷ്യജനുസ്സിൽ വശ്യ-സൗന്ദര്യത്തിൽ സ്ത്രീകൾ തന്നെയാണ് ഒരുപടി മുൻപിൽ.

ശാരീരിക-ശക്തി ഒരല്പം കുറവാണെങ്കിലും മാനസിക ശക്തി കൂടുതൽ സ്ത്രീകൾക്കാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ഒരേ സമയം ഒരുപാട് കാര്യങ്ങൾ ചെയ്യാനുള്ള കഴിവ് അവർക്കുണ്ട്. ഒരു കുട്ടിയുടെ വളർച്ച, സ്വഭാവരൂപീകരണം, സംസ്ക്കാരം എന്നിവ രൂപപ്പെടുന്നത് അമ്മയുടെ ശക്തവും അവിഭാജ്യവുമായ ഇടപെടൽ മൂലമാണ്. അതിനാൽ ആദ്യത്തെ ഗുരുവും അമ്മയാണ്. അമ്മയെ 'അമ്മേ' എന്ന് ആരും പഠിപ്പിക്കാതെ ഒരു കുഞ്ഞ് വിളിക്കും. പക്ഷേ, അച്ഛനെ അച്ഛാ എന്ന് വിളിക്കാൻ പഠിപ്പിക്കുന്നത് അമ്മയാണ്.

എന്നാൽ, എത്രയൊക്കെ പുരോഗമന ചിന്താശക്തിയുള്ള മാതാപിതാക്കളും സ്വന്തം പെൺമക്കളെ രാത്രി പത്തിനു ശേഷം പുറത്തുവിടാൻ ധൈര്യപ്പെടില്ല. സ്ത്രീകൾക്കു നേരെയുള്ള ലൈംഗിക അതിക്രമങ്ങൾ വളർന്നുവരുന്നു. ലാളനയോടെയും സ്നേഹത്തോടെയും ഒരു കുഞ്ഞിനെ ഓമനിക്കുന്നവനെ സംശയത്തിന്റെ കണ്ണുകളോടെ നോക്കുന്ന ഒരു വിഭാഗം ഉണ്ട്. സ്ത്രീകളെ മാധ്യമങ്ങളിൽ ഒരു കച്ചവടച്ചരക്കായും പ്രദർശനവസ്തുവായും കാണിക്കുന്നു. സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ ഒരു കൗതുകത്തോടെയാണ് മിക്കവരും നോക്കുന്നത്. അത് അവരുടെ ശരീരഘടനകൊണ്ടാവാം. ലൈംഗികചൂഷണങ്ങൾക്ക് സ്ത്രീകൾ ഇരയാകുന്നത് അവരുടെ വസ്ത്രധാരണം കൊണ്ടാണെന്ന് ചിലർ പറയുന്നു. എന്നാൽ താരാട്ടുപാടിയുറക്കേണ്ട കൈകൾ ഇന്ന് കുഞ്ഞുങ്ങളെ ക്രൂരമായി പീഡിപ്പിക്കുന്നു. എന്നാൽ, ഭൂരിഭാഗം പുരുഷന്മാരും സ്ത്രീകളെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. ഒരു വളരെ ചെറിയ വിഭാഗം പുരുഷന്മാരാണ് ഇത്തരം പ്രവർത്തികളിൽ ഏർപ്പെടുന്നതെങ്കിലും മാധ്യമങ്ങൾ അതൊരാഘോഷമാക്കുന്നു. ഇത് മറ്റുള്ളവർക്കൊരു പ്രചോദനമാണ്. വളർന്നു വരുന്ന ഈ ഭീകരസാഹചര്യം കഴിവുള്ള പല പെൺകുട്ടികളെയും ചില മേഖലകളിൽ നിന്ന് മാറ്റി നിർത്തുന്നു. സിനിമാപിന്നണി രംഗംപോലെയുള്ള വ്യവസായ മേഖലകളിലേക്ക് പെൺമക്കളെ ജോലിക്കുവിടാൻ മാതാപിതാക്കൾക്ക് ഭയമാണ്.


സ്ത്രീകൾക്ക് ഇടയിലും അക്രമസ്വഭാവം ഇന്ന് കൂടി വരുന്നു. സ്വന്തം ഭർത്താവിനെയും മക്കളെയും കൊല്ലുന്നു. സ്ത്രീകൾക്കും പെൺകുട്ടികൾക്കും സുരക്ഷിതമായ ജീവിതസാഹചര്യം സംസ്കാരസമ്പന്നരായി വളരുന്ന ആൺകുട്ടികൾക്ക് വാഗ്ദാനം ചെയ്യാം.

കഥ

ജിസ ജോസ്



# റെഡ് പോപ്പീസ് ആൻഡ് ഡെയ്സീസ്



സ്ലീപ് വെൽ ക്ലിനിക്കിനെക്കുറിച്ചുള്ള വിശദാംശങ്ങളടങ്ങിയ ബ്രോഷർ ഇപ്പോൾ നിങ്ങളുടെ കൈയ്യിലുണ്ട്. ഇങ്ങോട്ടു വരാനുള്ള വഴി വ്യക്തമായി മുന്നേ  നിർദ്ദേശിച്ചിരുന്നുവെങ്കിലും നിങ്ങളൽപം കുഴങ്ങിപ്പോയിട്ടുണ്ടാവുമെന്നുറപ്പാണ്. ഒരു ആശുപത്രി സ്ഥിതി ചെയ്യാൻ സാധ്യതയില്ലാത്തിടത്തോളം ഉള്ളിലാണിത്.മെലിഞ്ഞ നാട്ടുവഴികൾ, ഇരുവശവും മഞ്ഞകോളാമ്പിപ്പൂക്കൾ പൂത്തു മലർന്നു നിൽക്കുന്ന വേലികൾ. നിങ്ങൾ കാറിലാണു വന്നതെങ്കിൽ എത്രയോ മുമ്പേ വണ്ടി നിങ്ങൾക്കു പാർക്കു ചെയ്ത് നടക്കേണ്ടി വരും . നഗരത്തിൽ നിന്നിങ്ങോട്ടു പൊതുവാഹനങ്ങളുപയോഗിച്ചു വരുന്നതാണു നല്ലത്. ബസ് സ്റ്റോപ്പിൽ  നിന്നുള്ള നടത്തം നിങ്ങളെപ്പോലുള്ള നഗരവാസികൾക്ക് വേറിട്ടൊരു അനുഭവവുമായിരിക്കും.
ഇങ്ങനൊരു സ്ഥലം തന്നെ ഒരു ക്ലിനിക്കിനു വേണ്ടി തെരഞ്ഞെടുത്തതെന്തെന്ന് നിങ്ങൾ സംശയിച്ചേക്കും. എളുപ്പത്തിൽ ആക്സസബിൾ ആയ ഒരു സ്ഥലം നഗരത്തിൽ കണ്ടെത്താനാവാത്തതു കൊണ്ടല്ല അത്. സത്യത്തിൽ ഒരു പത്രപരസ്യമായിരുന്നു എന്നെ ഇവിടെയെത്തിച്ചത്. മധുവിധു ആഘോഷിക്കുന്നവർക്കും വൃദ്ധ ദമ്പതികൾക്കും അനുയോജ്യമായ വീടും പറമ്പും വില്പനയ്ക്ക് എന്ന റിയൽഎസ്റ്റേറ്റ് കോളത്തിലെ പരസ്യം എന്നെ ചിരിപ്പിച്ചതിനു കണക്കില്ല. ഈ രണ്ടവസ്ഥകളും ശാശ്വതമല്ല എന്നതു പോട്ടെ. അതിലെ യുക്തിരാഹിത്യമായിരുന്നു കൗതുകകരം. മധുവിധുക്കാർക്ക് എവിടെയും ഏതാൾക്കൂട്ടവും അവർ രണ്ടു പേർ മാത്രമുള്ള



തുരുത്തുകളാണ്. വൃദ്ധർക്കോ എല്ലായിടത്തും വിരസത, ഏകാന്തത. എന്തായാലും ആ മണ്ടൻ പരസ്യത്തിന്റെ പിന്നാലെ ഞാനിവിടെയെത്തി. നേരെയൊരു വണ്ടി പോലും വരാത്ത വഴി, ശരിയായ മെയിന്റനൻസ് ഇല്ലാത്തതു കൊണ്ട് പഴക്കം തോന്നിക്കുന്ന വലിയ വീട് ,വന്മരങ്ങൾ വളർന്നു മുറ്റിനിൽക്കുന്ന വിശാലമായ തൊടി. തണുപ്പ് ,ഇരുട്ട് ,പടിഞ്ഞാറൻ കാറ്റിന്റെ ധാരാളിത്തം. ശ്രദ്ധിച്ചു കേട്ടാൽ കടലിരമ്പുന്ന കാറ്റ്. കാര്യമായ മാറ്റങ്ങളൊന്നും ഞാൻ വരുത്തിയിട്ടില്ല. ഗേറ്റിൽ മോണിംഗ് ഗ്ലോറി പടർന്നു പകുതി മൂടിയ ആർച്ചിൽ സ്ലീപ് വെൽ ക്ലിനിക് എന്നെഴുതിയതു വായിക്കാൻ കഴിഞ്ഞാലുമില്ലെങ്കിലും ഇതു തന്നെയാണ് നിങ്ങളന്വേഷിച്ച സ്ഥലമെന്നൊരു ഫീൽ ഉണ്ടായില്ലേ? അതാണ് എന്റെ ലക്ഷ്യവും? ഉറക്കക്കുറവിന് ചികിൽസിക്കുന്ന കേരളത്തിലെ അപൂർവ്വം ഇടങ്ങളിലൊന്നാണിത്. ഷുവർ , എല്ലാ ആശുപത്രികളിലും ആവശ്യമുള്ളവർക്ക് ഉറക്കമില്ലായ്മക്കു മരുന്നു കൊടുക്കുന്നുണ്ടാവും. മിക്കവാറും സ്ലീപിങ്ങ് പിൽസ്, സെഡേറ്റീവ്സ്. അൽപ്രാക്സിന്റെയോ വാലിയത്തിന്റെയോ ഒക്കെ പല ഡോസുകൾ. ഒന്നിച്ചു കഴിച്ചാൽ സുഖമായി മരിക്കാൻ മാത്രം ഗുളികകൾ നിങ്ങൾ തിന്നു തീർക്കും. ഉറക്കക്കുറവിന്റെ അടിസ്ഥാന കാരണങ്ങളിലേക്കു കടന്നു ചെല്ലുന്നില്ലെന്നതു പോട്ടെ. അതൊരു രോഗമായിപ്പോലും നമ്മുടെ ചികിൽസകർ കരുതുന്നില്ല എന്നെനിക്ക് തോന്നിയിട്ടുണ്ട്. ഏതെങ്കിലും രോഗത്തിന്റെ പാർശ്വഫലമായി മാത്രം അതിനെക്കണ്ട് അവഗണിക്കുകയാണു പതിവ്. നിങ്ങൾ ഗൂഗിൾ സെർച്ചു ചെയ്യുമ്പോൾത്തന്നെ മനസിലായിരിക്കുമല്ലോ മൂന്നോ നാലോ ക്ലിനിക്കുകളിൽ മാത്രമാണ് ഉറക്കമില്ലായ്മക്കു ചികിൽസയുള്ളതെന്ന്. അതിൽത്തന്നെ ഇതൊഴിച്ച് മറ്റെല്ലാം വലിയ ആശുപത്രികളിലെ അനേകം ചികിൽസാ വിഭാഗങ്ങളുടെ അപ്രധാനമായ ഉപവിഭാഗങ്ങളിലൊന്നു മാത്രം. ഒരു ക്ലിനിക്കൽ സൈക്യാട്രിസ്റ്റ് പോലുമവിടെയുണ്ടാവണമെന്നില്ല. പരമാവധി ഒരു സൈക്കോളജിസ്റ്റ് കൗൺസിലിംഗിന്റെ ചൂണ്ടയുമെറിഞ്ഞ് അവിടെ ഇരിക്കുന്നുണ്ടാവും. ചിലേടത്ത് ഉറക്കമില്ലെന്നു പറഞ്ഞാലുടനെ മൈഗ്രേൻ പോലുള്ള രോഗങ്ങൾക്കു ചികിൽസ തുടങ്ങും. സ്ലീപ് വെൽ ക്ലിനിക് ആ രീതികളല്ല പിന്തുടരുന്നതെന്നു പറയാൻ മാത്രമാണു ഞാനുദ്ദേശിച്ചത്. .ഇവിടെ ഉറക്കമില്ലായ്മ മാത്രമാണു ചികിൽസിക്കുക. സാമ്പത്തികലാഭത്തിനു വേണ്ടി മറ്റു ചികിൽസാ വിഭാഗങ്ങളൊന്നും ഞാൻ കൂട്ടിക്കൂട്ടിച്ചേർത്ത് ഇതൊരു സാധാരണ ആശുപത്രി ആക്കുകയുമില്ല. വേണമെങ്കിൽ അതിനുള്ള സ്ഥലസൗകര്യങ്ങൾ ഇവിടെയുണ്ട്. എന്റേത് വ്യത്യസ്തമായ ചികിൽസാ രീതികളാണ്. തീർച്ചയായും നിങ്ങളെ കുറെ മരുന്നുകൾ തീറ്റിക്കില്ല എന്നതു തന്നെയാണതിന്റെ ഏറ്റവും വലിയ പ്ലസ് പോയിന്റ്. ഇവിടെ നേരിട്ട് ഞാൻ പേഷ്യന്റ്സിനെ എൻകറേജ് ചെയ്യാറില്ല. അപ്പോയിന്റ്മെന്റ് കൊടുക്കാറുമില്ല. ഉറക്കക്കുറവ് എന്ന രോഗമുണ്ടെന്നും ചികിൽസ ആവശ്യമെന്നും തിരിച്ചറിഞ്ഞാൽ നിങ്ങൾക്ക് ക്ലിനിക്കിലേക്കു വിളിക്കാം. ഇവിടെ നിന്നു തരുന്ന മെയിൽ ഐഡിയിലേക്കാണ് നിങ്ങൾ കേസ് ഹിസ്റ്ററി അയക്കുക. മെയിൽ ഞാൻ നിത്യവും പരിശോധിച്ച് പലപ്പോഴും നേരിൽക്കാണാതെ തന്നെ ചികിൽസ നിർദ്ദേശിക്കാറുമുണ്ട്. ചിലർക്ക് അത്രയേ ആവശ്യമുണ്ടാവുകയുള്ളൂ. നിങ്ങളുടെ മെയിലിൽ നിങ്ങൾക്ക് എന്തും തുറന്നു സംസാരിക്കാം. .എത്ര വേണമെങ്കിലും സംസാരിക്കാം.
നിങ്ങളെഴുതുന്നതെല്ലാം ഒരു വാക്കു വിടാതെ ശ്രദ്ധിച്ചു ഞാൻ വായിക്കുന്നുണ്ട്. പക്ഷേ നേരിട്ടുള്ള കൺസൾട്ടിംഗിൽ ഞാൻ മാത്രമാണു സംസാരിക്കുക. അതിനുള്ള കാരണവും ഞാൻ പറയാം. പൊതുവേ മിഡിൽക്ലാസ് മനുഷ്യർക്ക് തങ്ങൾക്കെല്ലാമറിയാമെന്ന ഒരു ധാരണയുണ്ട്. ഫ്രോയിഡിനെയും എറിക്സണെയുമൊക്കെ വായിച്ച് ഡോക്ടറെക്കാൾ അറിവുണ്ടെന്ന ബോധത്തിൽ നിന്നു സംസാരിക്കാൻ തുടങ്ങിയാലെങ്ങനെയുണ്ടാവും.? ഇക്കാര്യത്തിൽ നമ്മുടെ ആരോഗ്യ പ്രസിദ്ധീകരണങ്ങൾ , ആനുകാലികങ്ങളിലെ മനശാസ്ത്രജ്ഞന്റെ മറുപടികൾ , സ്വകാര്യ പ്രസാധകരുടെ വൈദ്യ നിഘണ്ടു .. ഇതിനൊക്കെ വലിയ പങ്കുണ്ട്, അതാണല്ലോ നിങ്ങളുടെ ഫസ്റ്റ് റെഫറൻസ്, .ഓറൽ സെക്സു ചെയ്താൽ ഗർഭിണിയാകുമോ എന്ന മാതിരി ചോദ്യങ്ങളും അവയ്ക്കു ഗൗരവത്തോടെ



ഡോക്ടർ കൊടുക്കുന്ന മറുപടിയും ഞാനതിൽ വായിച്ചിട്ടുണ്ട്. കാര്യങ്ങൾ ലളിതമാണ്. അതെല്ലാം വെറും ഇക്കിളിക്കു വേണ്ടി മാത്രം. പക്ഷേ നിങ്ങൾ അതൊക്കെ ആധികാരികമായി കണക്കാക്കുന്നു. സപ്പോസ് നിങ്ങൾക്ക് ഫ്രിജിഡിറ്റിയുണ്ടെന്നും അതിൽ നിന്നാണ് നിങ്ങളുടെ ഉറക്കക്കുറവുണ്ടാകുന്നതെന്നും സങ്കല്പിക്കുക. സങ്കല്പിക്കുകയെന്നു പറഞ്ഞാൽ നിങ്ങളങ്ങനെ ഗാഢമായി വിശ്വസിച്ചിരിക്കുന്നു എന്നേ അർത്ഥമുള്ളു. ഈ രണ്ടു സംഗതികളും തമ്മിൽ കാര്യമായ ഒരു ബന്ധവുമുണ്ടാവണമെന്നില്ല. പക്ഷേ നിങ്ങൾ എന്നോടു പറയുന്നു ,ഡോക്ടർ എന്താ പറയാൻ പോണേന്ന് എനിക്കറിയാം. ആങ്സൈറ്റി ,ചെറുപ്പത്തിലെ സെക്ഷ്വൽ അബ്യൂസ് തുടങ്ങി ഹോർമോണൽ ചേഞ്ചസിനെക്കുറിച്ചും പിറ്റ്യൂറ്ററി ഗ്ലാൻഡ്സിന്റെ പ്രശ്നത്തെക്കുറിച്ചും വരെ നിങ്ങൾ പറഞ്ഞു കളയും. ട്രീറ്റ്മെൻറിനെക്കുറിച്ചും നിങ്ങൾക്ക് നിർദ്ദേശങ്ങളുണ്ടാവും ,ടെസ്റ്റോസ്റ്റിറോൺ തെറാപ്പി ,ഈസ്ട്രജൻ തെറാപ്പി.. സെക്സ് ഡിസയർ കൂട്ടുന്ന ഭക്ഷണ സാധനങ്ങളെക്കുറിച്ച് നിങ്ങളെനിക്ക് ക്ലാസെടുത്തു തരും. ഇത്തരമൊരു സാഹചര്യം ഒരു കാരണവശാലും ഞാൻ ഇഷ്ടപ്പെടുന്നില്ല. നിങ്ങൾക്ക് നിങ്ങളുടെ പ്രശ്നത്തെക്കുറിച്ചും അതിന്റെ പ്രതിവിധിയെക്കുറിച്ചും എല്ലാമറിയുമെങ്കിൽ പിന്നെ ഒരു ഡോക്ടറുടെ ആവശ്യമെന്ത്? നിങ്ങളുടെ രോഗത്തെക്കുറിച്ചു മാത്രമേ എനിക്കു കേൾക്കേണ്ടൂ. നിങ്ങളുടെ നിഗമനങ്ങൾ ഒന്നും എനിക്കാവശ്യമില്ല. അതു ഞാൻ കണ്ടെത്തേണ്ടതാണ്. അതിനാണല്ലോ ഞാൻ ഡോക്ടറും നിങ്ങൾ പേഷ്യന്റും ആയിരിക്കുന്നത്. അതു കൊണ്ട് നിങ്ങൾ ഒന്നിലധികം മെയിലുകളിലൂടെ ദീർഘമായി എന്നോടു സംസാരിച്ചു കഴിഞ്ഞ സ്ഥിതിക്ക് ,ഇന്ന് എന്നെ സംസാരിക്കാൻ അനുവദിക്കുക. കഴിയുന്നതും പരമാവധി മൗനം ദീക്ഷിക്കുക .അതിനർത്ഥം നിങ്ങൾ വായ തുറക്കുകയേ അരുതെന്നല്ല എന്നും മനസിലാക്കുമല്ലോ.

ആദ്യമായി നിങ്ങൾ എന്നോടു സംസാരിച്ചത് ഐ മീൻ നിങ്ങളുടെ ആദ്യത്തെ മെയിൽ പതി നഞ്ചു ദിവസങ്ങൾക്കു മുമ്പായിരുന്നു. ഉറങ്ങിയിട്ട് ദിവസങ്ങളായി എന്നായിരുന്നു അന്നു നിങ്ങൾ പറഞ്ഞത്. പിന്നെയുള്ള ഈ ദിവസങ്ങളിലും നിങ്ങൾക്കുറക്കം വരുന്നില്ലെന്നു പറഞ്ഞപ്പോഴാണ് ഞാൻ ഇന്നത്തേക്ക് അപ്പോയിന്റ്മെന്റ് തന്നത്. അതൊരു ലളിതമായ സൈക്കോളജിയാണ്.പ്രശ്നങ്ങൾ തുറന്നു പറഞ്ഞു കഴിഞ്ഞാൽത്തന്നെ പലർക്കും മനസ്സിനയവു വരുന്നു. ആ അവസ്ഥയിൽ ഉറങ്ങരുത് എന്ന് വിചാരിച്ചാലും ചിലപ്പോൾ ഉറങ്ങിപ്പോവും. എന്നു വെച്ചാൽ നിങ്ങളുടെ രോഗം അവസാനിച്ചുവെന്നു

**ആദ്യമായി നിങ്ങൾ എന്നോടു സംസാരിച്ചത് ,ഐ മീൻ നിങ്ങളുടെ ആദ്യത്തെ മെയിൽ പതിനഞ്ചു ദിവസങ്ങൾക്കു മുമ്പായിരുന്നു. ഉറങ്ങിയിട്ട് ദിവസങ്ങളായി എന്നായിരുന്നു അന്നു നിങ്ങൾ പറഞ്ഞത്. പിന്നെയുള്ള ഈ ദിവസങ്ങളിലും നിങ്ങൾക്കുറക്കം വരുന്നില്ലെന്നു പറഞ്ഞപ്പോഴാണ് ഞാൻ ഇന്നത്തേക്ക് അപ്പോയിന്റ്മെന്റ് തന്നത്. അതൊരു ലളിതമായ സൈക്കോളജിയാണ്.പ്രശ്നങ്ങൾ തുറന്നു പറഞ്ഞു കഴിഞ്ഞാൽത്തന്നെ പലർക്കും മനസ്സിനയവു വരുന്നു.**

തന്നെയാണർത്ഥം. ഒരു രോഗിയാണെന്നു സ്വയം തോന്നിയാൽപ്പിന്നെ ,ഡോക്ടറെ നേരിൽ കാണുന്നതിനു മുമ്പ് ,ട്രീറ്റ്മെൻറ് തുടങ്ങുന്നതിനു മുമ്പ് അതവസാനിക്കരുതെന്നു ശാഠ്യം പിടിക്കുന്ന മാനസികാവസ്ഥയുള്ളവരെയും ഞാൻ കണ്ടിട്ടുണ്ട്.. മിക്കവാറും അവർ രോഗത്തിന്റെ പേരിൽ പല ആനുകൂല്യങ്ങളും അനുഭവിക്കുന്നവരായിരിക്കും. വീട്ടിലും തൊഴിൽ സ്ഥലത്തുമൊക്കെ പലതരം ഒഴികഴിവുകൾ. എനിക്കു സുഖമില്ലാഞ്ഞല്ലേ, രാത്രി ഉറക്കമില്ലാത്തതു കൊണ്ടല്ലേ ഞാൻ ഓഫീസ് ടൈമിൽ ഒന്നു മയങ്ങിപ്പോയത്. അങ്ങനെയങ്ങനെ. യഥാർത്ഥത്തിൽ അക്കൂട്ടർ രോഗവിമുക്തി ഇച്ഛിക്കുന്നില്ല. എന്തായാലും നിങ്ങൾ അങ്ങനെയല്ല. രാത്രി മുഴുവൻ ഉറങ്ങാൻ പറ്റാതെ തിരിഞ്ഞും മറിഞ്ഞും കിടന്ന് പകൽ നിങ്ങളുടെ മുഴുവൻ ജോലികളും തികഞ്ഞ ഉത്തരവാദിത്വത്തോടെ ചെയ്യുന്ന കൂട്ടത്തിൽ പെട്ട വ്യക്തി, നിങ്ങളുടെ കണ്ണുകളിൽ ക്ഷീണമുണ്ട്. പക്ഷേ ദിവസങ്ങളായി ഉറങ്ങാത്ത ഒരാളുടെ കണ്ണുകൾ പോലെയല്ല അവ. ഒരു പക്ഷേ പുലർകാലത്ത് നിങ്ങളറിയാതെ ഉറങ്ങിപ്പോവുകയും അങ്ങനെ ശരീരത്തിനാവശ്യമായ വിശ്രമം അല്പമെങ്കിലും നിങ്ങൾക്കു കിട്ടുന്നുമുണ്ടായിരിക്കും. പുലർച്ചേ മൂന്നു മണി മുതൽ അഞ്ചുമണി വരെ ഇമ ചിമ്മാൻ കഴിയാതെ ഉണർന്നിരിക്കുന്നവരെയാണ് ഞാൻ യഥാർത്ഥത്തിൽ രോഗികളായി പരിഗണിക്കുക. ഉറങ്ങാതിരിക്കാൻ ഏറ്റവും പ്രയാസമുള്ള സമയമാണത്. എന്നു വെച്ച് നിങ്ങളുടെ പ്രശ്നം

നിസാരമാണ് എന്നല്ല. പനിനീരിൽ മുക്കിയ പഞ്ഞി കൊണ്ട് നിങ്ങൾ കൺതടങ്ങൾ തുടയ്ക്കാറുണ്ടെന്നു വ്യക്തം. അല്ലെങ്കിൽ ഇത്രയും തളർച്ചയുള്ള കണ്ണുകൾക്കു താഴെ ഇരുണ്ട വരകൾ വരേണ്ടതാണ്. അതൊരു നല്ല സൈൻ ആണ്. അത്തരം കാര്യങ്ങളെക്കുറിച്ച് നിങ്ങൾ കോൺഷ്യസ് ആണല്ലോ. എന്തായാലും ചില വിഡ്ഢികളായ മനഃശാസ്ത്രജ്ഞരെപ്പോലെ, അവരെ നമ്മൾ മാസികകളിലെ ചോദ്യോത്തര പംക്തികളിലാണു കാണുക, ഉറക്കം വരാൻ ഒന്നു മുതൽ നൂറു വരെയും തിരിച്ചുമൊക്കെ എണ്ണാൻ ഞാൻ നിർദ്ദേശിക്കില്ല. അങ്ങനെ എണ്ണാൻ തുടങ്ങിയാൽ പുലരും വരെ എണ്ണിക്കൊണ്ടിരിക്കാം. നിങ്ങൾ എണ്ണം പഠിക്കുന്ന നഴ്സറി കുട്ടിയുമല്ല. ഏതെങ്കിലും സാഹചര്യത്തിൽ അങ്ങനെ ഒരു നിർദ്ദേശം കിട്ടുകയാണെങ്കിൽ, നിങ്ങൾ ഈശ്വരവിശ്വാസിയാണെങ്കിൽ ദയവു ചെയ്ത് രാമ രാമ എന്നു ജപിക്കൂ, ലളിതാസഹസ്രനാമം ഉരുവിടൂ.ഉറക്കം കിട്ടിയില്ലെങ്കിലും പുണ്യം കിട്ടും.സാധാരണ ഗതിയിൽ ലളിതമായ ചില മാർഗ്ഗങ്ങൾ ഞാൻ പറയാറുള്ളത് ,നന്നായി അധ്വാനിക്കൂ. നന്നായി ഭക്ഷണം കഴിക്കൂ. എന്നിട്ട് രാത്രി ഇഷ്ടമില്ലാത്തതെന്തെങ്കിലും ചെയ്യൂ എന്നൊക്കെയാണ്. ഇഷ്ടമില്ലാത്തതെന്നു വെച്ചാൽ ഫിലോസഫിക്കലായ ഒരു പുസ്തകം വായിക്കാം. അല്ലെങ്കിൽ നിങ്ങളുടെ പ്രായക്കാർക്ക് മെലഡിയായിരിക്കും കേൾക്കാൻ താല്പര്യം. ഒരു കാരണവശാലും അത്തരം പാട്ടുകൾ കേൾക്കരുത്. തലയിൽ കൂടം കൊണ്ടടിക്കുന്ന മാതിരിയുള്ള അടിപൊളി പാട്ടുകൾ മാക്സിമം ഒച്ചത്തിൽ കേൾക്കുക .നിങ്ങളുടെ മക്കളുടെ കൈയ്യിൽ അത്തരം പാട്ടുകളുടെ നല്ല കളക്ഷൻ ഉണ്ടാവും. ഒഫ് കോഴ്സ് ഞാൻ ആദ്യം തന്നെ ഇത്തരം ചില സജഷൻസ് തന്നിരുന്നല്ലോ. നിങ്ങൾ രാത്രി ഭക്ഷണമേ കഴിക്കുന്ന ശീലമില്ലാത്തവളായിരുന്നു. ഇനി രാത്രി ഭക്ഷണം അതും സമൃദ്ധമായ ഭക്ഷണം കഴിച്ചാൽ തടി കൂടുമെന്നു നിങ്ങൾ ഭയപ്പെടുന്നു. പിന്നെ രാത്രിയിലെ പാട്ട്. അത് ഭർത്താവിന്റെ ഉറക്കത്തെ ഡിസ്റ്റർബ് ചെയ്യുമെന്നതുകൊണ്ട് അതിനും നിങ്ങൾ തയ്യാറായില്ല. കിടപ്പറ വിട്ട് ഗസ്റ്റ് റൂമിലോ ഇരിപ്പുമുറിയിലോ ഇരുന്ന് നിങ്ങൾക്കു പാട്ടുകേൾക്കാം. പക്ഷേ ചില സ്ത്രീകൾക്ക് സ്വന്തം കിടപ്പറയുപേക്ഷിക്കുക ക്ലേശകരമാണെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. എത്ര അസ്വസ്ഥതയുണ്ടെങ്കിലും അതിനുള്ളിൽത്തന്നെയിരുന്നു വിങ്ങാനാണവർക്കു താല്പര്യം. നിർഭാഗ്യവശാൽ നിങ്ങളത്തരമൊരു സ്ത്രീയാണ്. കിടന്നയുടൻ കൂർക്കം വലിച്ചുറങ്ങുന്ന ഭർത്താവിനു കൂട്ടിരുന്ന് നിങ്ങൾ രാത്രി പകലാക്കും. അപ്പോൾ അത്തരം സാധാരണമായ സൊലൂഷൻസ് ഒന്നും നിങ്ങളെ സഹായിക്കാത്തതു കൊണ്ടാണല്ലോ നമുക്ക് നേരിൽക്കാണേണ്ടി വന്നത്.

നിങ്ങൾ പറഞ്ഞതനുസരിച്ച് കുട്ടിക്കാലം മുതൽക്കേ ഉറക്കം കുറവുള്ളയാളായിരുന്നു നിങ്ങൾ. എത്ര ഉറക്കമൊഴിയാനും മടിയില്ലാത്തയാൾ. അതു കൊണ്ട് കുടുംബത്തിലെ വൃദ്ധജനങ്ങളുടെ അന്തിമ നിമിഷങ്ങൾക്കു പലപ്പോഴും കൂട്ടിരുന്നതു നിങ്ങളായിരുന്നു. ആശുപത്രിവരാന്തകളിൽ മറ്റുള്ളവർക്കു വേണ്ടി നിങ്ങൾ ചെലവഴിച്ചിട്ടുള്ള രാത്രികളുടെ എണ്ണം റെക്കോർഡാണെന്നും പറഞ്ഞു. ഇപ്പോഴും ഇത്തരം ആവശ്യങ്ങൾക്കു വേണ്ടി ബന്ധുക്കൾ പലരും നിങ്ങളെ വിളിക്കാറുമുണ്ടല്ലോ. അങ്ങനെയൊരാൾ എനിക്ക് ഉറക്കമില്ല ,അല്ലെങ്കിൽ ഞാൻ ആവശ്യത്തിന് ഉറങ്ങുന്നില്ല എന്നു തിരിച്ചറിയാൻ വൈകും. നിങ്ങൾക്കും അതു സംഭവിച്ചിട്ടുണ്ട്. എന്നു മുതൽ എന്ന ചോദ്യത്തിന് കൃത്യമായൊരുത്തരം നിങ്ങളുടെയടുത്തില്ല. ചിലപ്പോഴത് കുട്ടിക്കാലം മുതൽക്കാവും. പക്ഷേ വളരെ പഴക്കമുള്ള രോഗമെന്നു ഭയപ്പെടേണ്ട കാര്യവുമില്ല. നിശ്ചിതമായ ചില സംഭവങ്ങളുമായി ബന്ധപ്പെട്ടാണ് നിങ്ങൾ ഉറക്കമില്ലായ്മയെന്ന അവസ്ഥ തനിക്കുണ്ടെന്നു തിരിച്ചറിഞ്ഞു തുടങ്ങിയത്. നിങ്ങളുടെ ഇരുപതാമത്തെ വിവാഹ വാർഷികദിനം. അതിനു മുമ്പുള്ള രണ്ടു ദിവസം നിങ്ങൾ ഐ.സി യു വിലുള്ള അമ്മായിക്ക് കൂട്ടിരിക്കുകയായിരുന്നു. എന്നു വെച്ചാൽ പുറത്ത് കസേരയിൽ മരണവാർത്ത

**ചില സ്ത്രീകൾക്ക് സ്വന്തം കിടപ്പറയുപേക്ഷിക്കുക ക്ലേശകരമാണെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. എത്ര അസ്വസ്ഥതയുണ്ടെങ്കിലും അതിനുള്ളിൽത്തന്നെയിരുന്നു വിങ്ങാനാണവർക്കു താല്പര്യം. നിർഭാഗ്യവശാൽ നിങ്ങളത്തരമൊരു സ്ത്രീയാണ്. കിടന്നയുടൻ കൂർക്കം വലിച്ചുറങ്ങുന്ന ഭർത്താവിനു കൂട്ടിരുന്ന് നിങ്ങൾ രാത്രി പകലാക്കും. അപ്പോൾ അത്തരം സാധാരണമായ സൊലൂഷൻസ് ഒന്നും നിങ്ങളെ സഹായിക്കാത്തതു കൊണ്ടാണല്ലോ നമുക്ക് നേരിൽക്കാണേണ്ടി വന്നത്.**

കാത്തിരിക്കുകയായിരുന്നു. അങ്ങനെയിരിക്കുന്നതിനിടയിൽ ഒന്നു മയങ്ങിപ്പോവുകയും ആശുപത്രി വരാന്തയിലെ സ്റ്റീൽ കസേരകൾ ഉറങ്ങാൻ എത്രയ്ക്കസൗകര്യമുള്ളതാണെന്ന് എനിക്കൂഹിക്കാം, ആ ചെറിയ മയക്കത്തിൽ ചെവി മുറിഞ്ഞുപോയി ചോരയൊലിക്കുന്ന മുഖവുമായി ഭർത്താവിനെ സ്വപ്നം കണ്ടു ഞെട്ടിയുണരുകയും ചെയ്തു.പൊതുവേ പുലർകാല സ്വപ്നങ്ങളെക്കുറിച്ചൊക്കെ പ്രശസ്തമായ ആ അന്ധവിശ്വാസം നിങ്ങൾക്കുമുള്ളതു കൊണ്ട് അല്പം കൂടുതൽ അസ്വസ്ഥയായി നിങ്ങൾ. പുലർച്ചെ അമ്മായിയുടെ വിദേശത്തുള്ള മകൾ എത്തിയതുകൊണ്ട് നിങ്ങൾ അമിതമായ ക്ഷീണത്തോടെ ഒന്നുറങ്ങാനുള്ള ആസക്തിയോടെ തിരിച്ചു വന്ന ഉടനെ കിടപ്പറയിൽ പുതച്ചുമൂടിക്കിടന്ന ഭർത്താവിന്റെ ചെവികൾ പരിശോധിച്ചുവെന്ന് ലജ്ജയോടെ സമ്മതിക്കുന്നു. ക്ഷീണവും ഉറക്കവും രാത്രിയിലേക്കു മാറ്റി വെച്ച് നിങ്ങൾ പതിവു ജോലികളിൽ മുഴുകുകയും ചെയ്തു. പതിവില്ലാതെ ഭർത്താവ് നിങ്ങൾക്ക് ഭംഗിയുള്ള ഗിഫ്റ്റ് പേപ്പറിൽ പൊതിഞ്ഞ് ഒരു സമ്മാനം തരികയും പക്ഷേ എല്ലാത്തവണയും തരുന്നത് ,പണച്ചെലവില്ലാത്ത സമ്മാനമെന്ന് നിങ്ങൾക്ക് പരാതി പറയാനും പിശുക്കനെന്ന് പരിഹസിക്കാനും അവസരം തരുന്ന ആ പതിവു സമ്മാനം കിട്ടാതിരിക്കുകയും ചെയ്ത ആ രാത്രിയാണ് എനിക്ക് ഉറങ്ങാൻ പറ്റുന്നില്ലല്ലോ എന്ന് നിങ്ങളാദ്യമായി തിരിച്ചറിഞ്ഞതെന്നു പറയുന്നു. തീർച്ചയായും തുടർദിവസങ്ങളിൽ കർശന നിരീക്ഷണങ്ങളിലൂടെ നിങ്ങൾ ഭർത്താവിനെ സംബന്ധിച്ച ചില ഞെട്ടിക്കുന്ന കാര്യങ്ങൾ കണ്ടെത്തിയെന്നും പറയുന്നു. അതാവട്ടെ അപൂർണവും അവ്യക്തവുമാണ്. രാത്രി മുഴുവൻ ഉറങ്ങാതിരിക്കുന്ന നിങ്ങൾക്ക് അയാളുടെ രഹസ്യജീവിതത്തിന്റെ ചുരുളഴിക്കുന്ന യഥാർത്ഥവസ്തുതകൾ ശേഖരിക്കാൻ കഴിയുന്നില്ല. പക്ഷേ സാങ്കല്പികമായ വിവരശേഖരണം തുടരുകയും ചെയ്യുന്നു. ഷുവർ ,അയാളുടെ ഫോൺ പാസ്‌വേർഡുപയോഗിച്ച് ലോക്ക്ഡ് ആണ്. അതു തുറക്കാനുള്ള ഏതു ശ്രമവും വിഫലമായിരിക്കും. പിന്നെ നിങ്ങളുടെ സംസ്കാരവും സാമൂഹിക നിലവാരവും ഭർത്താവിനെ സംശയിക്കുന്നത് ലജ്ജാകരമാണെന്ന തോന്നലുണ്ടാക്കുന്നുമുണ്ട്. പക്ഷേ അയാൾക്കൊരു പ്രണയ ബന്ധമുണ്ടെന്നും ആ അദൃശ്യ കാമുകി അയാളുടെ ഫോണിനുള്ളിലിരുന്ന് രാത്രി മുഴുവൻ നിങ്ങളെ വെല്ലുവിളിക്കുന്നുണ്ടെന്നും നിങ്ങൾക്കു തോന്നിപ്പോവുന്നു. ആ ഫോൺ നിങ്ങളാണയാൾക്കു പിറന്നാൾ സമ്മാനമായി കൊടുത്തത്. ആപ്പിൾ ഐഫോൺ എസ് ഇ.

നിങ്ങൾ അപ്രധാനമായി വിട്ടുകളഞ്ഞ ഒരു കാര്യം കൂടെയുണ്ടായിരുന്നു ,ഞാൻ എടുത്തു ചോദിച്ചപ്പോഴാണ് നിങ്ങളതു പറഞ്ഞത്. ചുവപ്പുഗിൽറ്റ് പേപ്പറിൽ പൊതിഞ്ഞു കിട്ടിയ ആ സമ്മാനം. നോർമലി നിങ്ങളൊരു സാരിയോ ചുരിദാറോ ആയിരിക്കും പ്രതീക്ഷിച്ചിട്ടുണ്ടാവുക. പക്ഷേ അതൊരു പെയിന്റിങ്ങായിരുന്നു. 'റെഡ് പോപ്പീസ് ആൻഡ് ഡെയ്സീസ്.' വിൻസന്റ് വാൻഗോഗിന്റെ പ്രശസ്തമായ പെയിന്റിംഗ്. .ഒറിജിനലിന്റെ പല മടങ്ങ് ദൂരെയുള്ള ഒരു പകർപ്പ്. ചിത്രകലയെക്കുറിച്ചൊന്നും വലിയ ധാരണയില്ലാത്തതു കൊണ്ട് നിങ്ങൾക്കാ ചിത്രത്തിന് പ്രത്യേകിച്ചു ഭംഗിയൊന്നും തോന്നിയില്ല. ചിത്രത്തിന്റെ പേരോ ചിത്രകാരന്റെ പേരോ നിങ്ങൾ അന്നു ശ്രദ്ധിച്ചതുമില്ല. പക്ഷേ പിറ്റേ ദിവസം നിങ്ങൾക്ക് ഗൂഗിളിൽ സെർച്ചു ചെയ്ത് ആ ചിത്രകാരനെക്കുറിച്ചും അയാളുടെ ചിത്രങ്ങളെക്കുറിച്ചും ചിലതെല്ലാം കണ്ടെത്തേണ്ടി വന്നു.ഞാൻ നിർദ്ദേശിച്ചതനുസരിച്ച് പിന്നീട് നിങ്ങൾ വാൻഗോഗിനെക്കുറിച്ചുള്ള ജീവചരിത്ര നോവലും വായിച്ചു.അതു കിട്ടിയത് അയാളുടെ പുസ്തക അലമാരയിൽ നിന്നു തന്നെയായിരുന്നു. പുതിയ എഡിഷൻ. അതയാൾക്കാരോ ഉപഹാരം കൊടുത്തതായിരിക്കുമെന്ന് നിങ്ങൾക്കേതാണ്ട് ഉറപ്പുമായിരുന്നു. എത്രയോ കാലമായി ബിസിനസ് മാഗസിനുകളും പുസ്തകങ്ങളും മാത്രം വാങ്ങുന്ന ആളുടെ അലമാരയിൽ ഒരു നോവൽ കാണുമ്പോൾ സ്വാഭാവികമായും സംശയിക്കാം. നോവലിലെ ഒരു സംഭവം നിങ്ങളെ വല്ലാതെ ഹോണ്ടു ചെയ്യുന്നുവെന്ന് എന്നോടു പറയുകയുണ്ടായി. അതെന്തെന്ന് എനിക്കൂഹിക്കാം. നിങ്ങൾ തുടർച്ചയായി കാണുന്ന സ്വപ്നം അതുമായി ബന്ധപ്പെട്ടിരിക്കുന്നു.

**പതിവില്ലാതെ ഭർത്താവ് നിങ്ങൾക്ക് ഭംഗിയുള്ള ഗിഫ്റ്റ് പേപ്പറിൽ പൊതിഞ്ഞ് ഒരു സമ്മാനം തരികയും പക്ഷേ എല്ലാത്തവണയും തരുന്നത് ,പണച്ചെലവില്ലാത്ത സമ്മാനമെന്ന് നിങ്ങൾക്ക് പരാതി പറയാനും പിശുക്കനെന്ന് പരിഹസിക്കാനും അവസരം തരുന്ന ആ പതിവു സമ്മാനം കിട്ടാതിരിക്കുകയും ചെയ്ത ആ രാത്രിയാണ് എനിക്ക് ഉറങ്ങാൻ പറ്റുന്നില്ലല്ലോ എന്ന് നിങ്ങളാദ്യമായി തിരിച്ചറിഞ്ഞതെന്നു പറയുന്നു.**

എന്തായാലും അന്ന് രാത്രി അല്പം നീരസത്തോടെ തന്നെ ആ സമ്മാനം കിടപ്പുമുറിയുടെ മൂലയിൽ അലക്ഷ്യമായി ചാരിവെച്ചു നിങ്ങളുറങ്ങാൻ കിടന്നു. പക്ഷേ ഉറങ്ങിയില്ല .അയാളന്നത്തെ ദിവസം തരാതിരുന്ന ആ പതിവുസമ്മാനം, കഴിഞ്ഞ 19വർഷവും അയാളതു മാത്രമായിരുന്നു തന്നിരുന്നത് , നിങ്ങളെ പ്രലോഭിപ്പിച്ചു കൊണ്ടിരുന്നു. സാധാരണഗതിയിൽ മടുപ്പിക്കുന്ന മുഷിപ്പൻ സംഗതി. പക്ഷേ കിട്ടാതായപ്പോൾ നിങ്ങൾക്കതു വേണമെന്ന വാശിയും കിട്ടാഞ്ഞപ്പോൾ നിരാശയുമായി. ഒപ്പം അതു മുടങ്ങിയിട്ട് കാലങ്ങളായല്ലോ എന്ന തിരിച്ചറിവും ആ രാത്രിയിലാണുണ്ടായത്. പിറ്റേ ദിവസം കിടപ്പുമുറിയിൽ ആ ചിത്രം തൂക്കാനായി ആണിയടിക്കുമ്പോൾ വാൻഗോഗിനെക്കുറിച്ച് അയാൾ ചില കാര്യങ്ങൾ പറഞ്ഞു .നിങ്ങളാവട്ടെ അയാൾ സംസാരിക്കുമ്പോഴൊക്കെ കാണിക്കാറുള്ള ആ പതിവുദാസീനതയോടെ മറ്റെന്തോ ജോലിയിൽ മുഴുകി. അയാൾ പണ്ട് ചിത്രങ്ങൾ വരച്ചിരുന്നു, ചില ചിത്രപ്രദർശനങ്ങൾക്ക് മുമ്പ് നിങ്ങൾ ഒരുമിച്ചു പോയിട്ടുമുണ്ട്. അതൊക്കെ പിന്നീട് സ്വാഭാവികമായിത്തന്നെ നിലച്ചുപോയി. അല്ലെങ്കിലും ചായങ്ങൾ തോന്നുംപടി കോരിയൊഴിച്ച അർത്ഥശൂന്യമായ ചിത്രങ്ങളുടെ ആ പ്രദർശനങ്ങളോടു നിങ്ങൾക്കു മടുപ്പായിരുന്നു താനും. പിന്നീട് അത്തരം വൈകുന്നേരങ്ങളിൽ എല്ലാവരെയും പോലെ നിങ്ങളും കുടുംബസിനിമകൾക്കു പോവാൻ തുടങ്ങി. പിന്നെയതും സ്വാഭാവികമായിത്തന്നെ നിലച്ചു. രാത്രി ഉറങ്ങാത്ത നിങ്ങൾ, പകൽ ഓഫീസിലിരുന്ന് എരിയുന്ന കണ്ണുകൾ തെല്ലൊന്നടയ്ക്കുമ്പോഴെല്ലാം മുറിഞ്ഞ ചെവികൾ ,ചെവിയില്ലാത്ത ഭർത്താവിന്റെ മുഖം ഒക്കെ കാണാൻ തുടങ്ങിയതും ആ ഇരുപതാം വാർഷികത്തിനുശേഷമാണ് .

ഞാൻ ഇനി പറയുന്നത് നിങ്ങളെ ക്ഷുഭിതയാക്കാനിടയുണ്ട്. അങ്ങനെ ദേഷ്യം വരികയാണെങ്കിൽ നിങ്ങൾക്കു തീർച്ചയായും പ്രതികരിക്കാം. മിണ്ടരുതെന്ന താക്കീത് കണക്കിലെടുക്കാതെ തന്നെ. നിങ്ങളുടെ ഭർത്താവിനൊരു രഹസ്യബന്ധമുണ്ടെങ്കിൽ നിങ്ങൾക്ക് കരഞ്ഞോ ശാസിച്ചോ പിണങ്ങിയോ അതവസാനിപ്പിക്കാനാവില്ല എന്നതൊരു സത്യമാണ്. അയാളതിനെയെല്ലാം നിസ്സാരമായി മറികടക്കും. കൂടുതൽ സ്നേഹിച്ചിട്ടോ? സ്റ്റുപിഡ്. നിങ്ങളുടെ സ്നേഹം അയാളെ സ്പർശിക്കുക പോലുമില്ല. അത് രാത്രി ഫ്രിഡ്ജിലെടുത്തു വെയ്ക്കാൻ മറന്ന പാലു പോലെയാണ്. പിരിഞ്ഞു തുടങ്ങിയത് ,വഴുവഴുപ്പുള്ളത്. അതു കൊണ്ട് ചായയുണ്ടാക്കാൻ പറ്റില്ല. പക്ഷേ വേണമെങ്കിൽ അതു ഉറയൊഴിച്ച് അത്ര നല്ല രുചിയില്ലാത്ത തൈരുണ്ടാക്കാം. തേങ്ങയരച്ച്

**ചിലപ്പോളയാൾ ഓർക്കാപ്പുറത്ത് അടുക്കളയിൽ നിൽക്കുന്ന നിങ്ങളെ പിന്നിൽ നിന്നു പുണരും. മക്കൾ വളർന്നതിനു ശേഷം നിങ്ങളുടെ ജീവിതത്തിൽ അത്തരം ആകസ്മിക പുണരലുകൾ തിരിച്ചുവന്നത് ഈയടുത്ത കാലത്താണെന്നു പറഞ്ഞത് ഞാനോർമ്മിക്കുന്നു. മുടിയിഴകളൊതുക്കി ,ചെവിത്തുമ്പിൽ നോവാതെ കടിച്ച് ചൂടുള്ള ചുണ്ടുകൾ കൊണ്ട് പിൻകഴുത്തിലെ ആ നനുത്ത ചുംബനം. അതാണു നിങ്ങൾക്കേറ്റവും പ്രിയപ്പെട്ടത്.**

പുളിശ്ശേരിയുണ്ടാക്കുമ്പോൾ അരുചി തീരെ അറിയില്ല. എന്നും നിങ്ങളതു തന്നെയാണു ചെയ്യുന്നത്. നിങ്ങൾ മാത്രമല്ല മിക്കവാറും എല്ലാ ദാമ്പത്യങ്ങളും ഈ പുളിശ്ശേരിയുണ്ടാക്കൽ മാത്രമാണ്. ഇത്തരം സന്ദർഭങ്ങളിൽ ഒന്നും അറിഞ്ഞിട്ടില്ല എന്ന ഭാവിക്കുന്നതാണ് സുരക്ഷിതവും സുഖകരവും .എന്തിനറിയണം? അയാൾ രാത്രി വീട്ടിൽ തിരിച്ചെത്തുന്നുണ്ടെങ്കിൽ, വീട്ടുകാര്യങ്ങൾ കൃത്യമായി നടത്തുന്നുണ്ടെങ്കിൽ, അയാളുടെ സാമ്പത്തിക കാര്യങ്ങൾ നിങ്ങളുടെ നിയന്ത്രണത്തിലാണെങ്കിൽ പിന്നെ അയാളുടെ മനസിൽ ആരായാലെന്ത്? ആരായാലും ഈ ഇരുപതാം വർഷം അതു നിങ്ങളായിരിക്കില്ല എന്നതു പകൽ പോലെ വ്യക്തം. അയാൾ സദാ സമയവും ഓൺലൈനിൽ ആവട്ടെ, ഫോണിൽ മണിയൊച്ച മുഴങ്ങുമ്പോഴൊക്കെ അയാൾക്ക് ചിരിയൂറട്ടെ ,അയാൾ കാത്തിരിക്കുന്ന സന്ദേശം വന്നതിന്റെ സൂചനയാണത്.എപ്പോഴും ഒരു മൂളിപ്പാട്ട് ചുണ്ടുകളിൽ ചിറകുവിടർത്താൻ കാത്തിരിക്കട്ടെ. അയാൾ സന്തോഷിക്കുകയാണ്. നിങ്ങളെയുമത് സന്തോഷിപ്പിക്കുകയല്ലേ വേണ്ടത്? അയാളുടെ സന്തോഷത്തിനു വേണ്ടി മാത്രം നിങ്ങളനുഭവിക്കുന്ന നൂറായിരം കഷ്ടങ്ങളെക്കുറിച്ചു വാചാലമായിത്തന്നെ എന്നോടു പറഞ്ഞിരുന്നല്ലോ? അപ്പോൾ അയാളുടെ സന്തോഷം നിങ്ങൾക്ക് പ്രധാനം തന്നെയാണ്. പിന്നെന്തിനതു നിഷേധിക്കുന്നു? ചിലപ്പോളയാൾ ഓർക്കാപ്പുറത്ത് അടുക്കളയിൽ നിൽക്കുന്ന നിങ്ങളെ പിന്നിൽ നിന്നു പുണരും. മക്കൾ വളർന്നതിനു ശേഷം നിങ്ങളുടെ ജീവിതത്തിൽ അത്തരം ആകസ്മിക പുണരലുകൾ തിരിച്ചുവന്നത് ഈയടുത്ത കാലത്താണെന്നു പറഞ്ഞത് ഞാനോർമ്മിക്കുന്നു.

മുടിയിഴകളൊതുക്കി ,ചെവിത്തുമ്പിൽ നോവാതെ കടിച്ച് ചൂടുള്ള ചുണ്ടുകൾ കൊണ്ട് പിൻകഴുത്തിലെ ആ നനുത്ത ചുംബനം. അതാണു നിങ്ങൾക്കേറ്റവും പ്രിയപ്പെട്ടത്. തീർച്ചയായും വിവാഹത്തിനു മുമ്പ് ഏഴാം നിലയിലേക്കുയരുന്ന ഒരു ലിഫ്റ്റിൽ വെച്ച് നിങ്ങൾ ആദ്യമായി ചുംബിക്കപ്പെട്ടത് അങ്ങനെയായിരുന്നു. ആ ഓർമ്മയിൽത്തന്നെ നിങ്ങൾ തരളിതയാവും. പക്ഷേ ഇപ്പോളയാൾ യഥാർത്ഥത്തിൽ നിങ്ങളെയല്ല ചുംബിക്കുന്നതെന്നു മനസിലാക്കാൻ കോമൺസെൻസു മാത്രം മതി. വേണമെങ്കിൽ കുതറി മാറാം. അല്ലെങ്കിൽ തിരിച്ചുകിട്ടിയ ഈ അയഥാർത്ഥ ഉന്മാദങ്ങളിൽ അഭിരമിക്കാം. പക്ഷേ വീട്ടുകുപ്പായമിട്ട് മുഷിഞ്ഞ മുഖവുമായി ആകെ അലങ്കോലപ്പെട്ട നിങ്ങളെ വയറു ചാടി നരച്ച മുടിയുമായി ഒരു മധ്യവയസ്കൻ ചുംബിക്കുന്നത് ഒരു വികൃത ചിത്രമാവുകയേയുള്ളു. സിനിമയിലൊക്കെ സാരിക്കിടയിലൂടെ നായികയുടെ ആലിലവയറിലേക്ക് നായകന്റെ കൈ ഇഴഞ്ഞു ചെല്ലുന്നത് നമ്മളെ ഉന്മത്തരാക്കും. സിനിമയിൽ മാത്രം . മാത്രമല്ല ,അച്ഛനമ്മമാർ ഇത്തരത്തിൽ പരസ്യചുംബനം നടത്തുന്നത് മക്കൾ കാണരുതെന്നാണെന്റെ പക്ഷം. ജീവിതത്തെക്കുറിച്ച് എന്തൊക്കെ അബദ്ധധാരണകളാണവരുണ്ടാക്കുക. ഇപ്പോഴത്തെ കുട്ടികൾക്കല്ല ,രക്ഷിതാക്കൾക്കാണ് ഒട്ടും അടക്കമില്ലാത്തത് എന്നെനിക്കു തോന്നാറുണ്ട്. എല്ലാ വികാരങ്ങളുടെയും അനിയന്ത്രിതമായ, അപക്വമായ പ്രകടനമാണു നിങ്ങളെപ്പോലെയുള്ള പേരന്റ്സിന്റെ സ്വഭാവം. അതു പ്രണയമായാലും കലഹമായാലും . മൂക്കാതെ പഴുത്തു പോയവർ.പരസ്പരം കെട്ടി പ്പുണരുന്ന അതേ നിങ്ങൾ ഒട്ടും വൈകാതെയൊരു സന്ദർഭത്തിൽ കടിച്ചുകീറുന്നതും എവിടെ നിന്നൊക്കെയോ അരൂപികളായ സ്ത്രീകൾ ,പുരുഷന്മാർ കലഹത്തിനിടയിലേക്കു നുഴഞ്ഞു കയറുന്നതും വാളും ചുരികയുമെടുത്ത് ഇരുപക്ഷത്തും നിന്നു യുദ്ധം ചെയ്യുന്നതും കുഞ്ഞുങ്ങൾ, അവരത്ര കുഞ്ഞുങ്ങളല്ല താനും , കാണുന്നു. ഭർത്താവിന്റെ പ്രണയബന്ധം സത്യമാണെന്നു നിങ്ങൾക്കുറപ്പുണ്ട്. ശരി. പക്ഷേ ആരോടാണ് ,ഒരാളാണോ ഒന്നിലധികം പേരുണ്ടോ എന്നതൊക്കെ തെളിഞ്ഞു കിട്ടാതിരിക്കുകയും ചെയ്യുന്നു. അതിനെക്കുറിച്ചു തല പുണ്ണാക്കാതിരിക്കുക എന്നതാണ് ഏറ്റവും ലളിതമായ പ്രതിവിധിയെന്നു ഞാൻ പറഞ്ഞു കഴിഞ്ഞു. പക്ഷേ നിങ്ങൾ ചോദിക്കുന്നു, അതെങ്ങനെ? ഡോക്ടറാണ് എന്റെ സ്ഥാനത്തെങ്കിൽ അതു സാധിക്കുമോ? ഒന്നാമത് ഞാൻ നിങ്ങളുടെ സ്ഥാനത്തല്ല. രണ്ടാമത് ഇത്തരം ഇഷ്യൂസ് സ്ത്രീകളും പുരുഷന്മാരും കൈകാര്യം ചെയ്യുന്നതു വ്യത്യസ്തമായിട്ടാണ്. ഇപ്പോൾ നിങ്ങളാണിവിടെ പ്രതിസ്ഥാനത്തു വരുന്നതെന്നും സംശയിക്കപ്പെടുന്നതെന്നുമിരിക്കട്ടെ. അയാൾ നിങ്ങളുടെ എല്ലാ കോൺടാക്ട്സും നിരീക്ഷിക്കും, നിങ്ങളുടെ ഫോൺ പിടിച്ചെടുക്കും. ഏറ്റവും മോശമായ വാക്കുകൾ കൊണ്ട് നിങ്ങളെ മരണം വരെയും നീറുന്ന വിധം മുറിവേൽപ്പിക്കും. ഉടമസ്ഥാവകാശത്തിൽ വിള്ളൽ വീഴുന്നത് , കുടുംബത്തിന്റെ സുരക്ഷ നഷ്ടപ്പെടുമെന്ന ഭീതി ഇതൊക്കെ അവരെയൊരു വന്യമൃഗമാക്കിത്തീർക്കും. നിങ്ങളോടുള്ള സ്നേഹം കൊണ്ടൊന്നുമല്ല അത്. നിങ്ങൾക്കു പുറമേ പത്തു സ്ത്രീകളോടെങ്കിലും അയാൾക്കു ബന്ധമുണ്ടെങ്കിലും ഇതാണു സംഭവിക്കുക. അയാളോടു പ്രതികാരം ചെയ്യാൻ വേണ്ടി മാത്രം സഹപ്രവർത്തകനെ പ്രണയിച്ചാലോ എന്നാലോചിച്ചതിനെപ്പറ്റി നിങ്ങൾ പറഞ്ഞിരുന്നല്ലോ. അതു വിഡ്ഢിത്തമാണ്. സ്ത്രീകളെന്തു കൊണ്ട് ജാരന്മാരെ ഇഷ്ടപ്പെടുന്നു എന്നതിനെക്കുറിച്ച് ഉറങ്ങാതിരുന്ന ഒരു രാത്രി നിങ്ങൾ കവിത പോലൊരു കുറിപ്പെഴുതിയെന്നും അതിനെ കവിതയെന്നു വിളിക്കാൻ നിങ്ങൾക്കു മടിയായിരുന്നു ,ഞാൻ ആവശ്യപ്പെട്ടപ്പോൾ അതെനിക്കു മെയിൽ ചെയ്യുകയും ചെയ്തിരുന്നു. അതു കവിതയാണെന്ന് ഞാനും പറയുന്നില്ല. .വിശേഷിച്ച് സാഹിത്യാഭിരുചിയോ പാരമ്പര്യമോ ഒന്നുമില്ലാത്ത സ്ത്രീകൾ ഈ പ്രായത്തിൽ കവിത

**പ്രേമിക്കാൻ കൊള്ളാവുന്ന ആണുങ്ങൾ തന്നെ ലോകത്തു കുറവാണ്. പ്രത്യേകിച്ച് ഒരു നാല്പത്തഞ്ചിനു ശേഷം പൊതുവേ പുരുഷന്മാർ വൈവിധ്യമുള്ള പ്രണയങ്ങൾക്കു വേണ്ടി ദാഹിക്കുന്നുവെന്ന് എനിക്കു മനസിലായിട്ടുണ്ട്. ഒരു കാമുകിയിൽ ഒതുങ്ങാനവർക്കു കഴിഞ്ഞെന്നു വരില്ല..ഒരു സമയം ഒന്നു മാത്രം എന്ന എത്തിക്സ് ചിലപ്പോൾ പ്രകടിപ്പിച്ചേക്കും ,അതും സംശയമാണ്. ഒരു പ്രണയം ഉണ്ടാക്കിയെടുക്കുന്നതും അതു സുരക്ഷിതമായി കിടപ്പുമുറി വരെ എത്തിക്കുന്നതും ഇന്നത്തെക്കാലത്ത് ഒട്ടും പ്രയാസമുള്ള കാര്യമല്ലെന്നു നിങ്ങൾക്കു മനസിലാവുമല്ലോ.**

എഴുതുകയുമില്ല. പക്ഷേ അവർ ജീവിതം എഴുതും. നിങ്ങളുടെ ചില വരികൾ ഞാനോർമ്മിക്കുന്നു. ജാരൻ ഒരിക്കലും ഇന്നും ഉപ്പുമാവോ എന്നു പ്രഭാതങ്ങളിൽ മുഖം വീർപ്പിക്കില്ല. രാത്രി ചപ്പാത്തി കിട്ടാത്തതിന് കയർക്കില്ല, സഹപ്രവർത്തകരോടു കൂട്ടുചേർന്ന് കളിയാക്കില്ല. കൃത്യമായി പ്രവർത്തിക്കുന്ന യന്ത്രത്തോടു കാട്ടുന്ന അവഗണന കൊണ്ടു കിടപ്പറയിൽ അവളെ അപമാനിക്കില്ല. വികാരങ്ങളില്ലാതെ തന്നെ അലിയുന്നവളാണവൾ. പക്ഷേ അടുക്കളയും കഴിഞ്ഞു പോയ വർഷങ്ങളും ഊറ്റിയെടുത്ത ഊർജ്ജങ്ങൾക്കു ശേഷവും അവളിൽ ആകർഷകമായ ചിലതുണ്ടെന്നു കണ്ടെത്താൻ ജാരനേ കഴിയൂ. സത്യമാണ്. പക്ഷേ അത്തരമൊരു ബന്ധത്തിന്റെ അപകട സാധ്യതയെക്കുറിച്ചു ഞാൻ പറഞ്ഞു കഴിഞ്ഞു. കൂടാതെ ഈ ജാരൻ അഥവാ കാമുകൻ ആൺകൂട്ടങ്ങളിലെ വീമ്പു പറച്ചിലുകളിൽ എത്ര തവണ നിങ്ങളുടെ പേരു പരാമർശിക്കുന്നുണ്ടാവുമെന്നു നിങ്ങൾക്കു സങ്കല്പിക്കാൻ പോലുമാവില്ല. പ്രേമിക്കാൻ കൊള്ളാവുന്ന ആണുങ്ങൾ തന്നെ ലോകത്തു കുറവാണ്. പ്രത്യേകിച്ച് ഒരു നാല്പത്തഞ്ചിനു ശേഷം പൊതുവേ പുരുഷന്മാർ വൈവിധ്യമുള്ള പ്രണയങ്ങൾക്കു വേണ്ടി ദാഹിക്കുന്നുവെന്ന് എനിക്കു മനസിലായിട്ടുണ്ട്. ഒരു കാമുകിയിൽ ഒതുങ്ങാനവർക്കു കഴിഞ്ഞെന്നു വരില്ല..ഒരു സമയം ഒന്നു മാത്രം എന്ന എത്തിക്സ് ചിലപ്പോൾ പ്രകടിപ്പിച്ചേക്കും ,അതും സംശയമാണ്. ഒരു പ്രണയം ഉണ്ടാക്കിയെടുക്കുന്നതും അതു സു രക്ഷിതമായി കിടപ്പുമുറി വരെ എത്തിക്കുന്നതും ഇന്നത്തെക്കാലത്ത് ഒട്ടും പ്രയാസമുള്ള കാര്യമല്ലെന്നു നിങ്ങൾക്കു മനസ്സിലാവുമല്ലോ. നമ്മുടെ വിഷയം അതല്ലാത്തതു കൊണ്ട് ആൺ പ്രണയങ്ങളുടെ മനഃശാസ്ത്രത്തിലേക്കു ഞാൻ പോവുന്നില്ല. ദിവസങ്ങളോളം പറയാൻ മാത്രമുണ്ടത്. ഉറപ്പായ ഒരു കാര്യം, സ്വന്തം ഭർത്താവ് ഒരു ജാരനാവുന്നത് പൊതുവേ സ്ത്രീകൾക്കു താല്പര്യമില്ല, രഹസ്യമായി അവരൊരു ജാരനെ പ്രതീക്ഷിക്കുന്നുവെങ്കിലും

നമുക്കു തിരിച്ചു വരാം. ഭർത്താവിന്റെ എക്സ്ട്രാ മാരിറ്റൽ അഫയറാണ് ഉറക്കം കളയുന്നതെന്ന് ഏതാണ്ടുറപ്പിച്ചിരിക്കുന്നു നിങ്ങൾ. അവളൊരു ചിത്രകാരിയോ ചിത്രകലാസ്വാദകയോ ആണെന്നും നിങ്ങൾ വിശ്വസിക്കുന്നു. അതിനു കാരണം ആ വിവാഹവാർഷിക ദിവസം കിട്ടിയ സമ്മാനം മാത്രമല്ല. അന്ന് പെയിന്റിംഗ് തൂക്കുന്നതിനിടയിൽ അയാൾ ചിത്രം വരയിലേക്കു തിരിച്ചു വന്നാലോയെന്നാലോചിക്കുന്നതായി നിങ്ങളോടു പറഞ്ഞു .ഐ വാണ്ട് ടു ബി എ പെയിന്റർ . ഒരുപാടു വർഷങ്ങൾ വെറുതെ കളഞ്ഞു. അന്ന് കളർ കോമ്പിനേഷനെക്കുറിച്ചു പോലും ഒരു ധാരണേം ഇല്ലാതിരുന്ന പലരും ഇപ്പോൾ

**'ഓ ഇനി അടുത്ത ഒരു ഭ്രാന്ത് 'എന്ന് അയാളുടെ മോഹത്തെ അലക്ഷ്യമായി തള്ളിപ്പറഞ്ഞു കൊണ്ട് മറ്റെന്തോ ചെയ്യുന്ന നിങ്ങളുടെ തോളത്തു തട്ടി അയാൾ അസാധാരണമായി ചിരിച്ചു കൊണ്ട് 'നിനക്കതിനു പെയിന്റിങ്ങിനെക്കുറിച്ചു വല്ലതു മറിയോ ,വിഡ്ഢി 'എന്നു കളിയാക്കിയപ്പോഴാണ് ഇടിവെട്ടിയതുപോലെ നിങ്ങൾ തരിച്ചു പോയത്. അയാളുടെ കാമുകി ചിത്രകാരിയാണെന്നും കിടപ്പറയിൽ വന്ന ചിത്രത്തിന്റെ രഹസ്യമെന്തെന്നും നിങ്ങൾക്കു വെളിപ്പെട്ടു.**

പ്രശസ്തരായി. അപ്പോൾ എത്രയോ ഭാവനയും ഐഡിയാസും ഉണ്ടായിരുന്ന ഞാൻ എവിടെത്തേണ്ടതായിരുന്നു! അലസതകൊണ്ട് ഒന്നും ചെയ്യാതിരിക്കുന്ന, എല്ലാ അവസരങ്ങളും പാഴാക്കുന്ന മനുഷ്യരെല്ലാം ഒരു മധ്യവയസ്സൊക്കെ എത്തുമ്പോൾ സ്ഥിരം പറയുന്ന അതേ വാക്കുകൾ. പെട്ടന്ന് നിങ്ങൾക്കുണ്ടായത് അയാളിനി പെയിന്റും ബ്രഷും വാങ്ങിക്കളയാൻ പോവുന്ന പൈസയെത്രയാവും എന്ന ആന്തലാണ്. പിന്നെ ചിത്രം വരയുടെ സാധനങ്ങളെല്ലാം ചിതറിക്കിടക്കാനിടയുള്ള ഓഫീസ് മുറിയെക്കുറിച്ചു സങ്കല്പിച്ചപ്പോൾ തന്നെ നിങ്ങൾക്കു കലിയും വന്നു. ചിത്രകാരന്മാരുടെ അത്തരം മുറികൾ നിങ്ങൾ സിനിമയിൽ മാത്രമല്ല കണ്ടിട്ടുള്ളത്. ,കല്യാണം കഴിച്ചു വന്നപ്പോൾ അയാളുടെ മുറിയും ഏതാണ്ടങ്ങനെത്തന്നെയായിരുന്നു. . ഇപ്പോഴും ചിലപ്പോൾ നിങ്ങളഭിമാനിക്കാറുമുണ്ട് അയാളുടെ വലിച്ചു വാരിയിടൽ ശീലം തിരുത്തിയതിലും പെയിന്റും കാൻവാസുമൊക്കെ മുറിയിൽ നിന്ന് ഒഴിവാക്കിയതിലും. 'ഓ ഇനി അടുത്ത ഒരു ഭ്രാന്ത് 'എന്ന് അയാളുടെ മോഹത്തെ അലക്ഷ്യമായി തള്ളിപ്പറഞ്ഞു കൊണ്ട് മറ്റെന്തോ ചെയ്യുന്ന നിങ്ങളുടെ തോളത്തു തട്ടി അയാൾ അസാധാരണമായി ചിരിച്ചു കൊണ്ട് നിനക്കതിനു പെയിന്റിങ്ങിനെക്കുറിച്ചു വല്ലതുമറിയോ, വിഡ്ഢി എന്നു കളിയാക്കിയപ്പോഴാണ് ഇടിവെട്ടിയതുപോലെ നിങ്ങൾ തരിച്ചു പോയത്. അയാളുടെ കാമുകി ചിത്രകാരിയാണെന്നും കിടപ്പറയിൽ വന്ന ചിത്രത്തിന്റെ രഹസ്യമെന്തെന്നും നിങ്ങൾക്കു വെളിപ്പെട്ടു. അതിലേക്ക് നിങ്ങളെ ക്കൂടി

**ഉറക്കമില്ലായ്മ ഒരു രോഗമല്ലെന്നും രോഗത്തിന്റെ തുടക്കം മാത്രമാണെന്നും നിങ്ങൾ മാസികകളിലെ ആരോഗ്യ പംക്തികളിൽ നിന്നു മനസിലാക്കിയിട്ടുണ്ട്. പക്ഷേ ഞാൻ പറയുക അതൊരു രോഗം തന്നെയാണ്. സ്വതന്ത്രമായ അസ്തിത്വമുള്ള രോഗം. പലപ്പോഴും മനസ് അസ്വസ്ഥമാവുമ്പോഴാണ് ഉറക്കം പോവുന്നതെന്നതും തെറ്റിദ്ധാരണയാണ്. ശ്രദ്ധിച്ചിട്ടുണ്ടോ ഏറ്റവും അസ്വസ്ഥതയുള്ള ദിവസം നിങ്ങൾ ബോധം കെട്ടുറങ്ങും. ഉണർന്നാൽ വീണ്ടും പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതുകൊണ്ട് ആ ഉറക്കത്തിൽ മരിച്ചു പോവാൻ പോലും നിങ്ങൾക്കിഷ്ടമാണ്.**

വലിച്ചിഴച്ചതിൽ കഠിനമായി നീരസപ്പെട്ടു. രാത്രി ലാപ് ടോപ്പിൽ ഗൂഗിൾ പരതി. അന്നും തുടർ രാത്രികളിലും ഒരു തുള്ളി കണ്ണടക്കാതെ നിങ്ങൾ ചെവി മുറിഞ്ഞ ഭർത്താവിനെ സ്വപ്നം കണ്ടു. സ്വപ്നങ്ങളെക്കുറിച്ച് എനിക്കു മനസിലായിട്ടുള്ള ചില കാര്യങ്ങളുണ്ട്. സപ്പോസ് തുടർച്ചയായി പാമ്പിനെ സ്വപ്നം കാണുന്നു നിങ്ങളെന്നിരിക്കട്ടെ നിങ്ങൾക്ക് പാമ്പിനെ പേടിയുണ്ടെന്നു മാത്രമാണതിന്റെ അർത്ഥം. അതിന്റെ ഫ്രോയ് ഡിയൻ വ്യാഖ്യാനമൊക്കെ ചുമ്മാതാണ്. അടുക്കളച്ചുവരിലോ നിങ്ങളേറ്റവും ഇടപെടുന്ന സ്ഥലത്തെവിടെയോ നിങ്ങൾ പാമ്പിനെക്കണ്ടിട്ടുണ്ട്. നിങ്ങൾ പാമ്പു കൊത്തിച്ചാവുമെന്നൊന്നും ഞാൻ പറയില്ല. നാടുനീളെ ആശുപത്രിയും ആന്റിവെനവുമൊക്കെ സുലഭമായ കാലത്ത് അതിനുള്ള സാധ്യത വിരളമായിരിക്കും. പക്ഷേ നിങ്ങളെ ഒരു മഞ്ഞച്ചേരയെങ്കിലും കൊത്താതിരിക്കില്ല. അതങ്ങനാണ്. നമ്മൾ ഭയക്കുന്നതെന്തിനെയാണോ അതിനെത്തന്നെ നമ്മൾ തേടിച്ചെല്ലും. അല്ലെങ്കിൽ ഭയം നമ്മളെയും കൊണ്ട് അങ്ങോട്ടു ചെല്ലും .ഇവിടെ സംഭവിക്കുന്നതും അതുതന്നെയാണ്. ഭർത്താവിന്റെ ആ ബന്ധം നിങ്ങളെ ഭയപ്പെടുത്തുന്നു. എത്രത്തോളം ഭയപ്പെടുന്നോ അത്രത്തോളം നിങ്ങളതിനെ വലിച്ചടുപ്പിക്കുന്നു. ഒരവ്യക്തമായ സംശയം ,അല്ലെങ്കിൽ അവഗണിക്കാവുന്നത്ര നിസാരമായ യാഥാർത്ഥ്യം നിങ്ങളെ സംബന്ധിച്ച് ഏറ്റവും വലിയ പ്രതിസന്ധിയാവുന്നു.

നിങ്ങളുടെ ശരീരമിപ്പോൾ സുതാര്യമായൊരു മീഡിയമാവുന്നതു നിങ്ങൾ തിരിച്ചറിയുന്നു. അതിൽ നിങ്ങളില്ല. വേറൊരുവൾക്ക് ആവേശിക്കാനുള്ള ഉപകരണം മാത്രം. .ഏതാണ്ട് നമ്മൾ കാണുന്ന മലയാളത്തിലെ നാലാംകിട പ്രേത സിനിമകളും സീരിയലുകളും പോലെ. അവധി ദിവസം ഉച്ചയ്ക്ക് കർട്ടനുകൾ വലിച്ചിട്ട് ഇരുട്ടുണ്ടാക്കി ഇണചേരുമ്പോൾ നിങ്ങൾക്കു മനസിലാവുന്നു ,അയാൾ പ്രാപിക്കുന്നതു വേറൊരാളെയാണ്. ആ പ്രധാനപ്പെട്ട അവസാന നിമിഷങ്ങളിൽ അയാളുരുവിടാൻ സാധ്യതയുള്ള ഒരു പേരിനു വേണ്ടി അപസർപ്പക ബുദ്ധിയോടെ കാതോർത്ത് നിങ്ങളതിന്റെ മുഴുവൻ രസവും കളയുന്നു. അയാളാവട്ടെ എപ്പോഴത്തെയും പോലെ തേനേ പാലേ എന്നൊക്കെ മാത്രമേ പിറുപിറുക്കുകയുള്ളു, നിങ്ങൾക്കു നീറിപ്പുകയും.സെക്സിൽ നിന്ന് ഒരാനന്ദവും കിട്ടുന്നില്ലെന്നും അത് അറപ്പിക്കുന്നുവെന്നാണ് നിങ്ങളുടെ പരാതി. ജന്മദിനത്തിന് ഒരു പട്ടുസാരി നിങ്ങളാവശ്യപ്പെടുന്നു. .പണ്ടത്തെപ്പോലെ അയാളതു വാങ്ങിത്തരാൻ മടി കാണിക്കില്ല .പ്യുവർ സിൽക്കിനു പകരം ആർട് സിൽക്ക് പോരെയെന്നു പിശുക്കനാവില്ല. പക്ഷേ ഇഷ്ടപ്പെട്ട ചുവപ്പുസാരി നിങ്ങൾ സെലക്ടു ചെയ്തു കഴിഞ്ഞിട്ടും അയാളാ കടും പച്ച സാരിയിൽ വിരലോടിച്ചു നിൽക്കുന്നുണ്ടെങ്കിൽ വേറൊരു ശരീരമതണിഞ്ഞാലെങ്ങനെയെന്ന യാൾ സങ്കല്പിക്കുകയാണ്. അയാളത് അവൾക്കു വാങ്ങിക്കൊടുക്കുമെന്നൊന്നും നിങ്ങൾ ഭയപ്പെടുന്നില്ല.ജന്മനാ പിശുക്കനായതു കൊണ്ട് പണച്ചെലവുള്ള പ്രണയങ്ങളയാളൊഴിവാക്കുമെന്നു നിങ്ങൾക്കുറപ്പുണ്ട്. പക്ഷേ ആ രാത്രി വാട്സ്ആപ്പിൽ അയാളാ സാരിയെക്കുറിച്ച് അവളോടു പറയും. അതു ചുറ്റിയാൽ നീയൊരു തിളങ്ങുന്ന പച്ചമരമാവും. കടയുടെ പേരും ചിലപ്പോൾ ആ വൃത്തികെട്ടവൻ അതിന്റെ വിലയും കൂടി അവൾക്ക് വാട്സ് ആപ് ചെയ്യും. അവളോ പിറ്റേന്നു തന്നെ സ്വന്തം ഭർത്താവിനോടു വാശി പിടിച്ചോ അല്ലെങ്കിൽ അയാളറിയാതെയോ അതു സ്വന്തമാക്കിയെന്നും വരും. അടുത്ത ദിവസങ്ങളിൽ ഒരു പച്ചമരത്തിനു വേണ്ടി നിങ്ങളുടെ കണ്ണുകൾ എല്ലാ പെൺകൂട്ടങ്ങളിലും പകയോടെ തിരയും. പരമാവധി അയാൾ ചെയ്യാനിടയുള്ളത് അവൾക്കു പ്രണയ ഗാനങ്ങളയച്ചു കൊടുക്കുകയാണ്. വേണമെങ്കിൽ സ്വയം പാടിയും അയച്ചുകൊടുക്കും. നിനക്കുറക്കം വരുന്നില്ലേ ഓമനേ, ഞാനടുത്തിരുന്നു പാടിത്തരട്ടെ.അയാളുടെ പാട്ടുകേട്ട് അവളുടെ ഉള്ള

ഉറക്കം കൂടി പോവാനേ ഇടയുള്ളു. നിങ്ങളും ഒരിക്കലും ,മധുവിധു കാലത്തുപോലും കേൾക്കാൻ ക്ഷമ കാണിച്ചിട്ടില്ലാത്ത അയാളുടെ പാട്ട്. ഓ തുടങ്ങി! എന്ന് അവജ്ഞ കലർന്ന അക്ഷമയോടെ അയാളുടെ ശബ്ദത്തിൽ നിന്നകന്നിട്ടേയുള്ളു എന്നും നിങ്ങൾ . പക്ഷേ മറ്റവൾ അങ്ങനെയായിരിക്കില്ല എന്നു നിങ്ങളൂഹിക്കുന്നു. ആദ്യത്തെ വരി കേട്ടിട്ട് ഡിലീറ്റ് ചെയ്തു കളഞ്ഞിട്ട് അല്ലെങ്കിൽ ഡൗൺലോഡ് ചെയ്യാൻ പോലും ശ്രമിക്കാതെ അവൾ ടൈപ് ചെയ്യും ,എന്തൊരു ശബ്ദം, ഗിഫ്റ്റഡ് വോയിസ് ,റിയലി ഇംപ്രസ്ഡ്. എപ്പോഴും കേക്കണമെന്നു തോന്നുന്നു. സുഖകരമായ ആ നുണകൾ അയാളെ ഉന്മാദിയാക്കുന്നത് നിങ്ങൾ കാണുന്നു.

ഉറക്കമില്ലായ്മ ഒരു രോഗമല്ലെന്നും രോഗത്തിന്റെ തുടക്കം മാത്രമാണെന്നും നിങ്ങൾ മാസികകളിലെ ആരോഗ്യ പംക്തികളിൽ നിന്നു മനസിലാക്കിയിട്ടുണ്ട്. പക്ഷേ ഞാൻ പറയുക അതൊരു രോഗം തന്നെയാണ്. സ്വതന്ത്രമായ അസ്തിത്വമുള്ള രോഗം. പലപ്പോഴും മനസ് അസ്വസ്ഥമാവുമ്പോഴാണ് ഉറക്കം പോവുന്നതെന്നതും തെറ്റിദ്ധാരണയാണ്. ശ്രദ്ധിച്ചിട്ടുണ്ടോ ,ഏറ്റവും അസ്വസ്ഥതയുള്ള ദിവസം നിങ്ങൾ ബോധം കെട്ടുറങ്ങും. ഉണർന്നാൽ വീണ്ടും പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതുകൊണ്ട് ആ ഉറക്കത്തിൽ മരിച്ചു പോവാൻ പോലും നിങ്ങൾക്കിഷ്ടമാണ്. അതു കൊണ്ടു തന്നെ നിങ്ങൾ തലയ്ക്കടിയേറ്റതു പോലെ ഉറങ്ങിക്കളയും. എന്നാൽ എനിക്കെന്തോ പ്രശ്നമുണ്ട് ,ഉണ്ടാവാൻ പോണു എന്ന വ്യാജപ്രതീതി ഉണ്ടാവുമ്പോഴാണ് നിങ്ങളുടെ ഉറക്കം പോവുക. ഇപ്പോൾത്തന്നെ നിങ്ങൾക്കൊരു സംശയമുണ്ട് ,ആ സംശയം ഒരു ദിവസം മൂർത്തമാവട്ടെ.അവരിരുവരെയും ഒരു ഹോട്ടൽ മുറിയിൽ നിന്നു പോലീസ് പിടിക്കട്ടെ ,നിങ്ങളുടെ കിടപ്പറയിൽത്തന്നെ അവരെ ഒരുമിച്ചു കാണട്ടെ. അല്ലെങ്കിൽ അവരുടെ ഹോട്ട്ദൃശ്യങ്ങൾ വാട്സ്ആപ്പിൽ പ്രചരിക്കട്ടെ ,അന്നു രാത്രിയാണ് നിങ്ങൾ ഏറ്റവും സ്വസ്ഥമായുറങ്ങുക എന്നെനിക്കുറപ്പു പറയാൻ കഴിയും. പക്ഷേ അങ്ങനെ സംഭവിക്കുന്നത് എത്ര ദുരന്തമായിരിക്കുമെന്നു എനിക്കൂഹിക്കാം. നിങ്ങളുടെ സോഷ്യൽ സ്റ്റാറ്റസ് ,കുടുംബം ,കുഞ്ഞുങ്ങൾ .. എന്തെല്ലാം കാര്യങ്ങളെ അതു തകിടം മറിക്കും. ഒരു രാത്രിയിലെ ഉറക്കത്തിനു വേണ്ടി അത്രയും ഭീകരമായ തകർച്ച നേരിടാൻ നിങ്ങളെന്നല്ല ആരും തയ്യാറാവില്ല. നിങ്ങൾക്ക് ദേഷ്യവും സങ്കടവും വന്നത് ഞാൻ കാണാതിരുന്നിട്ടില്ല. തീർച്ചയായും അസഹ്യമായ കോപം. നിങ്ങൾ പല്ലു ഞെരിക്കുകയും കൈകൾ കൂട്ടിത്തിരുമ്മുകയും ചെയ്തു. ഇപ്പോഴും നിങ്ങൾ അയഞ്ഞിട്ടുമില്ല. റിലാക്സ്. ഇതൊരു ചികിൽസാപദ്ധതിയുടെ ഭാഗമാണെന്നു മാത്രം വിചാരിക്കൂ

അപ്പോൾ ചിത്രകാരനാവാനാഗ്രഹിക്കുന്ന നിങ്ങളുടെ ഭർത്താവും അയാളുടെ ചിത്രകാരിയെന്നു നിങ്ങൾ പ്രതീക്ഷിക്കുന്ന ആ അദൃശ്യകാമുകിയുമാണ് യഥാർത്ഥ പ്രശ്നങ്ങൾ. അവളെ അയാളുടെ മനസിൽ നിന്നു വേരടക്കം പറിച്ചു കളയണമെന്നതാണ് നിങ്ങളുടെ ആവശ്യം. അതോടെ നിങ്ങൾക്കുറക്കവും കിട്ടും. അങ്ങനെയെങ്കിൽ അയാളെയാണ് എന്റെ മുമ്പിൽ കൊണ്ടുവരേണ്ടതെന്ന ലോജിക് പോലും നിങ്ങൾക്കു കൈമോശം വന്നിരിക്കുന്നു. ഇവിടെയില്ലാത്ത, ഞാനറിയാത്ത ഒരാളുടെ മനസ്സിലെ നമ്മൾ രണ്ടു പേർക്കുമറിയാത്ത വേറൊരാളെ പിഴുതുമാറ്റുക . ഇംപോസിബിൾ .പ്രത്യേകിച്ച് നിങ്ങൾ എന്നെ വിശ്വസിച്ച് ഇവിടെ വന്നിരിക്കുന്നത് ഞാനൊരു മായാജാലക്കാരൻ അതും വാനിഷിങ്ങ് ബ്യൂട്ടി പോലുള്ള എക്സ്ക്ലൂസീവ് മാജിക് ചെയ്യുന്ന ആൾ എന്നു വിചാരിച്ചിട്ടൊന്നുമല്ലല്ലോ? ആദ്യവും അവസാനവും അയാം എ ഡോക്ടർ. വേണ്ട,നിങ്ങൾ സങ്കടപ്പെട്ട് ആ കസേരയിൽ നിന്നെഴുന്നേല്ക്കരുത്. ചില കാര്യങ്ങൾ കൂടി എനിക്കു പറയാനുണ്ട്. മറ്റുള്ളവരുടെ ജീവിതം പോലെ നമ്മളെ

**മുൻകൂട്ടിയെഴുതിയ ഒരു തിരക്കഥയുടെ ചട്ടക്കൂട്ടിനുള്ളിലേക്ക് നിങ്ങളയാളെ ഒതുക്കാൻ ശ്രമിക്കുന്നു. അയാളുടെ എല്ലാ പ്രതിരോധങ്ങളെയും തകർക്കാനുള്ള യുക്തികൾ നിങ്ങൾക്കുണ്ട് , അവ മുൻകൂട്ടിത്തന്നെ നിങ്ങൾ സൃഷ്ടിച്ചെടുക്കുന്നുമുണ്ട്. ഒരു മുഴം മുമ്പേ. വാൻഗോഗിന്റെ പെയിന്റിങ്ങ് കിടപ്പുമുറിയിലെത്തും മുമ്പ് തന്നെ നിങ്ങൾ ചെവി മുറിഞ്ഞ ഭർത്താവിനെ സ്വപ്നം കാണുന്നു. ആ ചിത്രകാരന്റെ ജീവിതത്തെക്കുറിച്ചൊന്നും അറിയും മുമ്പേ അതേ സ്വപ്നം ആവർത്തിച്ചു കാണുന്നു. അതും ഉറക്കമില്ലാത്ത നിങ്ങൾ ഉണർന്നിരുന്നു കാണുന്ന സ്വപ്നം.**

ഭ്രമിപ്പിക്കുന്ന ഒന്നുമില്ലെന്ന് നിങ്ങൾക്കു തോന്നിയിട്ടില്ലേ? എന്റെ പേഷ്യന്റ്സിന്റെ കഥകൾ ഒരു മനുഷ്യൻ എന്ന നിലയിൽ എന്നെ വിസ്മയിപ്പിക്കും.പിന്നെ പിന്നെ... എന്ന് ആകാംക്ഷപ്പെടുത്തും. മതിലിനപ്പുറത്തെ വീട്ടിൽ ഒച്ചയും ബഹളമുണ്ടാവുന്ന ദിവസങ്ങളിൽ മുറിയിലെ ലൈറ്റണച്ച് നിങ്ങളും ഭർത്താവും അങ്ങോട്ടു തന്നെ ചെവിയോർത്തു നിൽക്കാറുണ്ട്. എല്ലാവരും ചെവിയോർക്കും. വഴക്കിനിടയിൽ ചിതറിത്തെറിക്കുന്ന വാക്കുകൾ പിടിച്ചെടുത്ത് ഒരു കഥ മെനഞ്ഞുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യും. അതൊരു പദപ്രശ്നം പൂരിപ്പിക്കുന്നതു പോലെയാണ്. കൃത്യമായ വാക്കുകൾ കിട്ടില്ല. തലങ്ങും വിലങ്ങുമുള്ള കള്ളികൾ ഒഴിഞ്ഞുകിടക്കും. പക്ഷേ കളി ഉപേക്ഷിക്കാനും തോന്നില്ല. എന്നെങ്കിലുമൊക്കെയായി വീണു കിട്ടുന്ന വാക്കുകൾ കൊണ്ട് വെട്ടിയും തിരുത്തിയുമുള്ള പൂരണങ്ങൾ. നമ്മുടെ കള്ളികൾക്കുള്ളിൽ മറ്റുള്ളവരുടെ ജീവിതം വരച്ചെടുക്കാനുള്ള നാണം കെട്ട വ്യഗ്രത .പക്ഷേ അതു മനുഷ്യ സാധാരണവുമാണ്. നിങ്ങൾ ചെയ്യുന്നതും അതുതന്നെയല്ലേ എന്നു ഞാൻ സംശയിക്കുന്നു. മുൻകൂട്ടിയെഴുതിയ ഒരു തിരക്കഥയുടെ ചട്ടക്കൂട്ടിനുള്ളിലേക്ക് നിങ്ങളയാളെ ഒതുക്കാൻ ശ്രമിക്കുന്നു. അയാളുടെ എല്ലാ പ്രതിരോധങ്ങളെയും തകർക്കാനുള്ള യുക്തികൾ നിങ്ങൾക്കുണ്ട് , അവ മുൻകൂട്ടിത്തന്നെ നിങ്ങൾ സൃഷ്ടിച്ചെടുക്കുന്നുമുണ്ട്. ഒരു മുഴം മുമ്പേ. വാൻഗോഗിന്റെ പെയിന്റിങ്ങ് കിടപ്പുമുറിയിലെത്തും മുമ്പ് തന്നെ നിങ്ങൾ ചെവി മുറിഞ്ഞ ഭർത്താവിനെ സ്വപ്നം കാണുന്നു. ആ ചിത്രകാരന്റെ ജീവിതത്തെക്കുറിച്ചൊന്നും അറിയും മുമ്പേ അതേ സ്വപ്നം ആവർത്തിച്ചു കാണുന്നു. അതും ഉറക്കമില്ലാത്ത നിങ്ങൾ ഉണർന്നിരുന്നു കാണുന്ന സ്വപ്നം. നിങ്ങൾ വളരെ ഭാവനാശാലിനിയെന്ന് എനിക്ക് ആദ്യത്തെ മെയിലിൽ തന്നെ മനസിലാവുകയുണ്ടായി. നാല്പതുകൾ ടീനേജു പോലെ അപകടം പിടിച്ചതാണെന്നും എല്ലായിടത്തും പ്രലോഭനങ്ങളെന്നും സാന്ദർഭികമായി പറഞ്ഞ നിങ്ങൾ ,മുമ്പ് പുഴയിലെ മണൽപ്പരപ്പുപോലെ തെളിഞ്ഞ വഴികളായിരുന്നു മക്കളുടെയും ഭർത്താവിന്റെയും മനസിലേക്ക് എന്നും എഴുതി. ഏതിരുട്ടത്തും കണ്ണടച്ചു നടക്കാവുന്നത്ര തെളിഞ്ഞത്. ഇപ്പോൾ മുൾപ്പടർപ്പുകളിൽ കാലു കുരുങ്ങി പാതിവഴിയിൽ നിങ്ങൾക്കു തിരിച്ചു പോരേണ്ടി വരുന്നു. ഒരു മനസിലേക്കും അത്തരം എളുപ്പവഴികൾ ഒരു കാലത്തുമില്ലെന്ന സത്യം നിങ്ങൾ സൗകര്യപൂർവ്വം വിസ്മരിക്കുന്നു. നിങ്ങളുടെ മനസിലേക്ക് അത്തരമൊരു നടത്തം നിങ്ങളനുവദിക്കുമോ? എന്റെ ചോദ്യങ്ങളെയും ഇടപെടലുകളെയും എത്രവട്ടം നിങ്ങൾ പ്രതിരോധിച്ചുവെന്നു എനിക്കു വ്യക്തമായ ധാരണയുണ്ട്.ഞാൻ നിങ്ങളുടെ ഡോക്ടറായിരുന്നിട്ടും അബോധമായി നിങ്ങളെന്നെ തടയുകയായിരുന്നു. ചില ഇരുൾപ്പടർപ്പുകൾ ,ചില വഴുക്കലുകൾ ,ആരും കാണരുതാത്ത ചില ഇടങ്ങൾ നിങ്ങളുടെ മനസിലുമുണ്ട്.എന്തിനു മറ്റൊരാൾ അതു കാണണം ? സുതാര്യമായ, ,സുന്ദരമായ എത്രയോ ഇടം വേറെയുള്ളപ്പോൾ. നിങ്ങൾ അസ്വസ്ഥയാവരുത്. കുറച്ചു മുമ്പു വരെ നിങ്ങളുടെ കണ്ണുകളിലിരമ്പിയ പകയുടെ തിരകൾ ഇപ്പോൾ ഉൾവലിഞ്ഞിരിക്കുന്നു. വാൻഗോഗിന്റെ ജീവചരിത്രം വായിക്കുമ്പോൾ നിങ്ങൾ മനസിലാക്കിയതുപോലെ അയാൾ ചെവി മുറിച്ചു കൊടുത്തത് സ്വന്തം കാമുകിക്കു പോലുമല്ല. പണത്തിനു വേണ്ടി മോഡലിംഗ് ചെയ്യുന്ന പണത്തിനു വേണ്ടി വേശ്യാവൃത്തി ചെയ്യുന്ന ഒരു കൊച്ചു പെൺകിടാവിന്. അവളതു തമാശക്കു ചോദിച്ചതായിരുന്നു. അയാളാവട്ടെ ഭ്രാന്തമാം വിധം ആത്മാർത്ഥതയുള്ളവനും. അതൊരു കഥയാവാം. അല്ലെങ്കിൽ തകർന്നു തരിപ്പണമായ ഒരു മനുഷ്യന്റെ ഉന്മാദത്തിന്റെ അങ്ങേയറ്റം. പ്രായോഗിക വാദികളായ സാധാരണക്കാരുടെ ലോകത്ത് ഒരിക്കലും നടക്കാത്തത്.നിങ്ങളുടെ ഭർത്താവിനൊരു കാമുകിയുണ്ടെങ്കിൽത്തന്നെ അവൾക്ക് അയാളുടെ ചെവിയൊന്നും ആവശ്യമില്ല. അല്ലെങ്കിൽത്തന്നെ എന്തിനാണത് ഉപ്പിലിട്ടു വെയ്ക്കാനോ? .ലീവ് ഇറ്റ്.

**സുതാര്യമായ ,സുന്ദരമായ എത്രയോ ഇടം വേറെയുള്ളപ്പോൾ. നിങ്ങൾ അസ്വസ്ഥയാവരുത്. കുറച്ചു മുമ്പു വരെ നിങ്ങളുടെ കണ്ണുകളിലിരമ്പിയ പകയുടെ തിരകൾ ഇപ്പോൾ ഉൾവലിഞ്ഞിരിക്കുന്നു. വാൻഗോഗിന്റെ ജീവചരിത്രം വായിക്കുമ്പോൾ നിങ്ങൾ മനസിലാക്കിയതുപോലെ അയാൾ ചെവി മുറിച്ചു കൊടുത്തത് സ്വന്തം കാമുകിക്കു പോലുമല്ല. പണത്തിനു വേണ്ടി മോഡലിംഗ് ചെയ്യുന്ന പണത്തിനു വേണ്ടി വേശ്യാവൃത്തി ചെയ്യുന്ന ഒരു കൊച്ചു പെൺകിടാവിന്.**

നിങ്ങളാ സ്വപ്നം ആവർത്തിച്ചു കാണുന്നതിനെ ഒരു സൈക്യാട്രിസ്റ്റിന്റെ ഭാഷയിൽ എനിക്ക് വ്യാഖ്യാനിക്കാനാവും. പക്ഷേ ഞാനതു ചെയ്ത് നിങ്ങളെ പ്രതിസന്ധിയിലാക്കുകയില്ല. ഒരു സദാചാരവാദിയെപ്പോലെ ധാർമ്മിക മൂല്യങ്ങളെക്കുറിച്ച് ഗിരിപ്രഭാഷണം നടത്തുകയുമില്ല. ആനന്ദത്തിന്റെ അനവധിയായ മാർഗ്ഗങ്ങളെക്കുറിച്ച് നമ്മളെന്തിന് അജ്ഞത ഭാവിക്കണം. അത്തരം വഴികളിലൂടെ യാത്ര ചെയ്യാനും മടിക്കേണ്ടതില്ല. സന്തോഷത്തിനു വേണ്ടിയുള്ള തീരാത്ത അന്വേഷണമാണു ജീവിതമെന്നിരിക്കേ പ്രത്യേകിച്ചും. കുറ്റബോധവും അനാവശ്യമാണ്. അതൊക്കെ വ്യക്തിപരമായ സ്വാതന്ത്ര്യവും തെരഞ്ഞെടുപ്പും മാത്രം. അതിലെ ചില അപകടങ്ങൾ ഞാൻ മുമ്പേ സൂചിപ്പിച്ചിരുന്നുവെന്നതു ശരിയാണ്. പക്ഷേ അപകടമില്ലാത്ത എന്താണു മനുഷ്യജീവിതത്തിലുള്ളത്? നമ്മൾ ജീവിക്കുന്ന ഓരോ നിമിഷവും പലതരം റിസ്ക്കെടുക്കൽ മാത്രമാണ്.ഇന്നത്തെ ദിവസം എത്ര അപകട

**എന്റെ ജോലിയുടെ ഭാഗമായതുകൊണ്ടു മാത്രമാണ് നമുക്കിടയിൽ ഇത്രയും ദീർഘഭാഷണം നടന്നതും. അങ്ങനെ ക്ഷമയും സൗഹൃദവുമുള്ള ബന്ധങ്ങളൊന്നും നിങ്ങൾക്കില്ലാത്തതു കൊണ്ട് മറ്റാരും ഒന്നും ചൂഴ്ന്നെടുക്കുമെന്നു ഭയക്കേണ്ടതില്ല. പിന്നെ ഭർത്താവ് ,അയാൾ നിങ്ങളുടെ മുഖത്തു നോക്കും ,നിങ്ങളെ ചേർത്തു പിടിച്ചുറങ്ങും. പക്ഷേ അയാൾ നിങ്ങളെ കാണുന്നില്ല ,നിങ്ങളെ തൊടുന്നില്ല. നിങ്ങൾ തുറന്നു പറഞ്ഞാലല്ലാതെ ,അല്ലെങ്കിൽ അത്രയും പ്രകടമായ സൂചനകൾ നല്കിയാലല്ലാതെ ഒന്നും അയാൾ മനസിലാക്കുമെന്നും തോന്നുന്നില്ല.**

സാധ്യതകളെ മറികടന്നിട്ടാണ് നിങ്ങളിവിടെ എത്തിയത്. ഇപ്പോൾത്തന്നെ കാലം ഗണിക്കാനാവാത്തത്ര പഴക്കമുള്ള ഈ വീടിന്റെ മച്ച് നമ്മുടെ തലയിലേക്കടർന്നു വീണു കൂടായ്കയില്ല.

നമ്മുടെ വിഷയം നിങ്ങളുടെ ഉറക്കമില്ലായ്മ മാത്രമാണല്ലോ. അതിന്റെ കാരണങ്ങളെന്നു നിങ്ങൾ സങ്കല്പിക്കുന്നതൊന്നുമല്ല യഥാർത്ഥ കാരണമെന്ന് ഇത്രയും ദീർഘമായി സംസാരിച്ചതുകൊണ്ടു മാത്രമാണ് എനിക്കു വ്യക്തമായത്. എന്റെ ജോലിയുടെ ഭാഗമായതുകൊണ്ടു മാത്രമാണ് നമുക്കിടയിൽ ഇത്രയും ദീർഘഭാഷണം നടന്നതും. അങ്ങനെ ക്ഷമയും സൗഹൃദവുമുള്ള ബന്ധങ്ങളൊന്നും നിങ്ങൾക്കില്ലാത്തതു കൊണ്ട് മറ്റാരും ഒന്നും ചൂഴ്ന്നെടുക്കുമെന്നു ഭയക്കേണ്ടതില്ല. പിന്നെ ഭർത്താവ്, അയാൾ നിങ്ങളുടെ മുഖത്തു നോക്കും, നിങ്ങളെ ചേർത്തു പിടിച്ചുറങ്ങും. പക്ഷേ അയാൾ നിങ്ങളെ കാണുന്നില്ല, നിങ്ങളെ തൊടുന്നില്ല. നിങ്ങൾ തുറന്നു പറഞ്ഞാലല്ലാതെ ,അല്ലെങ്കിൽ അത്രയും പ്രകടമായ സൂചനകൾ നല്കിയാലല്ലാതെ ഒന്നും അയാൾ മനസ്സിലാക്കുമെന്നും തോന്നുന്നില്ല. ഇപ്പോഴെങ്കിലും നിങ്ങളുടെ ഉറക്കമില്ലായ്മയുടെ പ്രതിവിധി നിങ്ങൾക്കു തന്നെ വ്യക്തമായെന്നു ഞാൻ കരുതുന്നു. അത് ലളിതമായി പറഞ്ഞാൽ ഇത്രയേ ഉള്ളൂ. ഇന്നു രാത്രി മുതൽ നിങ്ങൾ ഉറങ്ങാൻ തീരുമാനിക്കുന്നു. ഒന്നു മാത്രം ഓർത്താൽ മതി. റെഡ് പോപ്പീസ് ആൻഡ് ഡെയ്സീസിന്റെ കടുംനിറക്കൂട്ട് വെളുത്ത കിടപ്പറച്ചുവരുകൾക്ക് നല്ലൊരലങ്കാരമാണ്. ഏറ്റവും പൊയറ്റിക്കായി, താളാത്മകമായി വൈകാരികമായി പെയിന്റും ബ്രഷും ഉപയോഗിച്ച ചിത്രകാരന്റെ സന്തോഷകരമായ ചിത്രങ്ങളിലൊന്ന് . പറ്റുമെങ്കിൽ ഭർത്താവിന് മെച്ചപ്പെട്ട ഒരു സെറ്റ് ബ്രഷുകളും പെയിന്റുകളും സമ്മാനിക്കൂ. ഞാനതു ഓർഡർ ചെയ്യാനുള്ള മികച്ച സൈറ്റുകൾ നിങ്ങൾക്കു മെയിൽ ചെയ്യാം. അയാൾ നിങ്ങൾക്കു ബുദ്ധിമുട്ടുണ്ടാക്കാതെ അയാളുടെ ആനന്ദങ്ങളിൽ മുഴുകിക്കോട്ടെ. ഞാൻ നിങ്ങൾക്ക് നിറ്റ്റെസ്റ്റിന്റെ ഒരു ചെറിയ ഡോസ് കുറിക്കുന്നുണ്ട്. അത് ആവശ്യം വരില്ല. പക്ഷേ അതു കൈയ്യിൽ സൂക്ഷിക്കണം. നമുക്ക് ഒരിക്കൽക്കൂടി നേരിൽ കാണേണ്ടി വരുമെന്നു ഞാൻ പ്രതീക്ഷിക്കുന്നുമില്ല. ഒന്നുകിൽ നിങ്ങൾ ഉറങ്ങാൻ തുടങ്ങും. . അല്ലെങ്കിൽ നിങ്ങൾക്കെന്നോടുള്ള വിശ്വാസം നഷ്ടപ്പെടുകയും നിങ്ങൾ മറ്റൊരു ഡോക്ടറെ തിരയുകയും ചെയ്യും. പക്ഷേ തീർച്ചയായും ബ്രഷുകൾക്കും പെയിന്റുകൾക്കുള്ള ആ ഓൺലൈൻ സൈറ്റുകൾ ഞാൻ പറഞ്ഞു തന്നിരിക്കും. കഴിയുന്നതും ഇന്നു രാത്രി തന്നെ.



# വാസ്തവം



ഡോ.ജാൻസി ജോസ്

കേരള ഭരണത്തിലും ചണ്ടി നിറയുന്നുണ്ടോ? അടിച്ചുവാരി വൃത്തിയാക്കാൻ ഇനിയുമുണ്ട് എന്നു തോന്നുന്നു. ഇല്ലെങ്കിൽ കായലെന്നല്ല , കടലും നികത്തി മുന്നേറുമെന്നുറപ്പാണ്. നമ്മുടെ മനസ്സിലും ചണ്ടി നിറയുമെന്നതിന് തെളിവാണ് കോഴിക്കോട് മുക്കത്തെ സമരക്കാരുടെ നേരെയുള്ള പോലീസ് നരനായാട്ട്. പ്രതീക്ഷയർപ്പിച്ച് അവകാശങ്ങൾ നേടാൻ, സംരക്ഷിക്കാൻ അധികാരത്തിലെത്തിച്ചിട്ടും പാവങ്ങളുടെ സർക്കാർ ഇതു ചെയ്യുമെന്നു കരുതുന്നില്ല. ഗെയിൽ പദ്ധതി നടപ്പാക്കണമെങ്കിൽ ജനങ്ങളുടെ സംരക്ഷണം ഉറപ്പാക്കിയിട്ടാകാമായിരുന്നു. വന്നു വന്ന് ജനങ്ങളെ തല്ലിയൊതുക്കാതെ വികസനമൊന്നും നടക്കില്ലാ എന്ന സ്ഥിതി വന്നിരിക്കുകയാണ്.

രണ്ടായിരത്തി ഇരുപത്തിരണ്ട് ആവുമ്പോഴേക്കും ഇന്ത്യയിൽ ദാരിദ്ര്യമുണ്ടാവില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയും കൂട്ടരും മുൻകൂട്ടിക്കണ്ടിരിക്കുന്നു. ഇങ്ങനെ പോയാൽ സംഭവിക്കാനിടയുള്ളത് അതു തന്നെയാണ്: പാവങ്ങൾക്കെന്നല്ല ആർക്കും ജീവിക്കാനാകാത്ത സാഹചര്യമാണ് ഇന്ത്യയിൽ സംജാതമായിക്കൊണ്ടിരിക്കുന്നത്. അന്താരാഷ്ട്ര വിപണിയിൽ അസംസ്കൃത എണ്ണയുടെ വില കുത്തനെ കുറഞ്ഞാലും നമ്മുടെ നാട്ടിൽ പെട്രോളിനും ഗ്യാസിനും ദിവസവും വില വർദ്ധിക്കുന്നുണ്ട്. അവശ്യ സാധനങ്ങളുടെ വിലക്കയറ്റം പറയാനില്ല. തൊഴിൽ, വ്യവസായ, കാർഷിക മേഖലകൾ കോർപ്പറേറ്റുകളുടെ കൈയിലായി. ബാക്കി വരുന്ന ആളുകളെ കുറെ പേരെ പശുവിന്റെ പേരിലും ജാതിയുടെ പേരിലും കൊന്നൊടുക്കിക്കൊണ്ടിരിക്കുന്നു . മതവും രാഷ്ട്രീയവും മറ്റു പ്രശ്നങ്ങളെല്ലാം ചേർന്ന് ആളുകളെ കൊന്നൊടുക്കിക്കൊണ്ടേയിരിക്കുന്നു. രണ്ടായിരത്തി ഇരുപത്തിരണ്ട് ആകുമ്പോഴേക്കും ഇന്ത്യൻ ജനസംഖ്യക്ക് ഗണ്യമായ കുറവുണ്ടാകാനാണ് സാധ്യത. ഇന്ന് ദരിദ്രരുടെനാടായ ഇന്ത്യ അന്ന് സമ്പന്നർ മാത്രമുള്ള നാടായിത്തീരും. പ്രധാനമന്ത്രി ക്രാന്തദർശി തന്നെ.

എല്ലാക്കാലവും എല്ലാവരേയും പറ്റിക്കാൻ കഴിയില്ല എന്നു പറയുന്നത് സത്യമാണ്.. പ്രമുഖ നടനും, പ്രമുഖ മന്ത്രിക്കും, പ്രമുഖ വക്കീലിനും, പ്രമുഖന്മാർക്കെല്ലാവർക്കും തന്നെ പണി കിട്ടിക്കൊണ്ടിരിക്കുന്ന കാലമാണിത്. സാമൂഹ്യ മാദ്ധ്യമങ്ങൾ ഇക്കാര്യത്തിൽ പ്രധാന പങ്കു വഹിക്കുന്നുണ്ട് എന്നത് സ്തുത്യർഹമാണ്. എന്തായാലും എല്ലാം എല്ലാവർക്കും മനസ്സിലായിക്കഴിഞ്ഞു. മാത്രമല്ല, മനസിലാക്കിയവർ പ്രതികരിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു .സമ്പത്തിലും പദവിയിലും രാഷ്ട്രീയത്തിലും പ്രബലരായവരോടാണ് ജനം ഏറ്റുമുട്ടേണ്ടി വരുന്നത്. അന്തിമ വിധി എന്താകുമെന്ന് കണ്ടറിയണം. എല്ലാം ജനം തീരുമാനിക്കട്ടെ.

സിനിമ

**സൗമ്യ പി.ആർ.**



# ഉദാഹരണമാണ് സുജാത

**'നീ**ൽ ബേട്ടെ സന്നാട്ട' എന്ന ഹിന്ദി ചിത്രത്തിന്റെ പുനരാവിഷ്കരണമാണ് 'ഉദാഹരണം സുജാത' എന്ന മലയാളസിനിമ. 'അമ്മക്കണക്ക്' എന്ന പേരിൽ ഈ സിനിമയ്ക്ക് തമിഴിലും പുനരാവിഷ്കരണമുണ്ടായിട്ടുണ്ട്. സിനിമ അവതരിപ്പിക്കുന്ന കഥ മുന്നോട്ടുവെയ്ക്കുന്ന പ്രശ്നവും പരിഹാരവും ആസ്വദിക്കുന്നതിനപ്പുറം ആ പ്രശ്നത്തിനുള്ള കാരണങ്ങൾകൂടി അറിഞ്ഞോ അറിയാതെയോ ഉൾക്കൊള്ളാൻ കഴിയുന്നു എന്നതിലാണ് തിരക്കഥയുടെ മേൻമ. വരികൾക്കിടയിലൂടെ വായിക്കണം എന്നതുപോലെ സിനിമ പ്രശ്നപരിഹാരം ചിത്രീകരിക്കുമ്പോൾത്തന്നെ ആ പ്രശ്നങ്ങൾക്കുള്ള കാരണങ്ങൾകൂടി ചിത്രീകരിച്ചിട്ടുള്ളത് തിരിച്ചറിയാനുള്ള ശ്രമം ആസ്വാദകന്റെ ഭാഗത്തുനിന്നുണ്ടാകണം. എങ്കിൽ മാത്രമേ അഭിനയം, സംവിധാനം, ഗാനരചന, സംഗീതസംവിധാനം, ആലാപനം, ചിത്രീകരണം

**സിനിമ അവതരിപ്പിക്കുന്ന കഥ മുന്നോട്ടുവെയ്ക്കുന്ന പ്രശ്നവും പരിഹാരവും ആസ്വദിക്കുന്നതിനപ്പുറം ആ പ്രശ്നത്തിനുള്ള കാരണങ്ങൾകൂടി അറിഞ്ഞോ അറിയാതെയോ ഉൾക്കൊള്ളാൻ കഴിയുന്നു എന്നതിലാണ് തിരക്കഥയുടെ മേൻമ.**

എന്നിങ്ങനെ ഓരോ മേഖലയിലും മികവ് പുലർത്തുന്ന ഈ സിനിമ ആസ്വാദകന്റെ ജീവിതത്തെ സ്വാധീനിക്കുന്ന പാഠമാവുകയുള്ളൂ.

തിരുവനന്തപുരം ചെങ്കൽച്ചൂള കോളനി നിവാസിയായ-ഭർത്താവിന്റെയോ ബന്ധുക്കളുടെയോ തുണയില്ലാത്ത- വെറുമൊരു സാധാരണക്കാരിയായ സ്ത്രീ, അവളാണ് സുജാത. അവൾ വീട്ടുവേലക്കാരിയായും അച്ചാറുകമ്പനി ജീവനക്കാരിയായും നെയ്ത്തുകാരിയായും പേപ്പർബാഗ് നിർമ്മാണകമ്പനി ജീവനക്കാരിയായുമൊക്കെ പകർന്നാടുന്നത് മകളായ ആതിരകൃഷ്ണൻ അവളെപ്പോലെ വേലക്കാരിയായി മാറാതിരിക്കാനാണ്- ഉയർന്ന വിദ്യാഭ്യാസവും നല്ല ജോലിയും സമ്പാദിക്കുന്നതു കാണാനാണ്. എന്നാൽ താൻ മകളെപ്പറ്റി കാണുന്ന നിറമുള്ള സ്വപ്നമല്ല അവൾക്ക് അവളുടെ സ്വന്തം ഭാവിയെപ്പറ്റിയുള്ളത് എന്ന് സുജാത മനസ്സിലാക്കുന്നത്: 'എഞ്ചിനീയർമാരുടെ മക്കൾ എഞ്ചിനീയറും ഡോക്ടർമാരുടെ മക്കൾ ഡോക്ടറും ആകും. അതുപോലെ ഞാൻ അമ്മയെപ്പോലെ ഒരു വേലക്കാരിയാകും.' എന്നിങ്ങനെയുള്ള മകളുടെതന്നെ സാന്ദർഭികമായ സംഭാഷണത്തിൽനിന്നാണ്. പഠിക്കാൻ കഴിവുണ്ടായിട്ടും അവൾ പഠനകാര്യങ്ങളിൽ പിന്നാക്കം പോകുന്നതും ഈ ലക്ഷ്യബോധമില്ലായ്മകൊണ്ടുതന്നെയാണ് എന്ന് സുജാത തിരിച്ചറിയുന്നു. അഭിമാനബോധത്തോടുകൂടി ജീവിക്കാൻ അനുവദിക്കാത്ത-താൻ അങ്ങേയറ്റം വെറുക്കുന്ന വേലക്കാരിജീവിതം തന്റെ മകൾ സ്വപ്നം കാണുന്നു എന്ന തിരിച്ചറിവ് സുജാതയെ സ്തബ്ധയാക്കുന്നു. അവളെ ലക്ഷ്യബോധമുള്ളവളാക്കിത്തീർക്കാൻ വേണ്ടിയുള്ള സുജാതയുടെ പരിശ്രമങ്ങൾ പരിഹാസ്യമായിത്തീരുന്നുണ്ടെങ്കിലും ഒടുവിൽ അവൾ ആ ലക്ഷ്യം സാക്ഷാത്കരിക്കുകതന്നെ ചെയ്യുന്നു. ഇതാണ് സിനിമയുടെ ഇതിവൃത്തം.

സിനിമയിൽ സുജാത മകളിൽനിന്നും നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും അറിഞ്ഞോ അറിയാതെയോ അവൾ തന്നെയാണ് ഉത്തരവാദി എന്ന് സൂക്ഷ്മമായ വിശകലനത്തിൽ ബോധ്യമാകും. എന്നാൽ, ആ പ്രശ്നങ്ങളെ തരണം ചെയ്യാൻ സുജാത കണ്ടെത്തുന്ന മാർഗ്ഗങ്ങൾ അസാധാരണമാണ്. അതിൽ അവൾ വിജയിക്കുന്നു എന്നത് സിനിമാറ്റിക് ആയ അവതരണവും. സിനിമയിൽ അത് പ്രായോഗികമായേക്കുമെങ്കിലും യഥാർത്ഥജീവിതത്തിൽ അത് പ്രായോഗികമാകണം എന്നില്ല. അതിനുവേണ്ടത് സുജാത എന്ന കഥാപാത്രത്തിന്റെ-അതേ സാഹചര്യങ്ങളിൽ ജീവിക്കുന്ന സാധാരണ മനുഷ്യന്റെ വീഴ്ചകൾ കണ്ടെത്തി തിരുത്തുക എന്നതാണ്. ആതിര കൃഷ്ണൻ ഒരു കുട്ടിയാണ്. അവൾ തെറ്റു




**'എഞ്ചിനീയർമാരുടെ മക്കൾ എഞ്ചിനീയറും ഡോക്ടർമാരുടെ മക്കൾ ഡോക്ടറും ആകും. അതുപോലെ ഞാൻ അമ്മയെപ്പോലെ ഒരു വേലക്കാരിയാകും.' എന്നിങ്ങനെയുള്ള മകളുടെതന്നെ സാന്ദർഭികമായ സംഭാഷണത്തിൽനിന്നാണ്. പഠിക്കാൻ കഴിവുണ്ടായിട്ടും അവൾ പഠനകാര്യങ്ങളിൽ പിന്നാക്കം പോകുന്നതും ഈ ലക്ഷ്യബോധമില്ലായ്മ കൊണ്ടുതന്നെയാണ് എന്ന് സുജാത തിരിച്ചറിയുന്നു.**



**മകൾക്കൊപ്പം ഷോപ്പിംഗിനു പോകുമ്പോൾ അവൾക്ക് ആഗ്രഹിക്കുന്നതൊക്കെ വാങ്ങിക്കൊടുക്കുകയും സ്വന്തം ആവശ്യങ്ങൾ അവഗണിക്കുകയും ചെയ്യുന്നു. മക്കൾക്ക് എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുകയും അല്ലൽ അറിയാതെ വളർത്തുകയും ചെയ്താൽ അവർ വലിയവരാകും എന്ന സാധാരണക്കാരായ എല്ലാ മാതാപിതാക്കളുടെയും അബദ്ധധാരണ തന്നെയാണ് സുജാതയും വെച്ചുപുലർത്തുന്നത്.**

ചെയ്താൽ അതിനും ശരി ചെയ്താൽ അതിനും അവളുടെ മാതാപിതാക്കളും സമൂഹവുമാണ് ഉത്തരവാദി. ആ ഉത്തരവാദിത്തം നിറവേറ്റുന്നതിൽ വന്ന പോരായ്മകളാണ് പഠനവിധേയമാക്കേണ്ടത്.

ഈ സിനിമ നമ്മെ പഠിപ്പിക്കുന്ന പാഠങ്ങൾ പലതാണ്. അതിൽ ഒന്നാമത്തേത്, പണത്തിന്റെ മൂല്യമറിയാത്ത കുട്ടികളും അവരെ അപ്രകാരം വളർത്തുന്ന മാതാപിതാക്കളും തമ്മിലുണ്ടാകുന്ന സംഘർഷമാണ്. ദുരന്തപൂർണ്ണമെന്ന് പറയാവുന്ന ജീവിതം നയിക്കുന്ന എല്ലാ മാതാപിതാക്കളെയുമെന്നപോലെ സുജാതയും തന്റെ മകളെ ഒരു കഷ്ടപ്പാടും അറിയിക്കാതെ-പണത്തിന്റെ വില അറിയിക്കാതെയാണ് വളർത്തുന്നത്. പത്താം ക്ലാസ് വിദ്യാർത്ഥിനിയായ മകളെ സുജാത വീട്ടുജോലികളിൽ സഹായിക്കാൻ കൂടെ കൂട്ടുന്നില്ല. താൻ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ അവധിക്കാലത്തുപോലും ഒപ്പം കൊണ്ടുപോവുകയോ താൻ ചെയ്യുന്ന ജോലിയുടെ ബുദ്ധിമുട്ട് മനസ്സിലാക്കിക്കൊടുക്കുകയോ ചെയ്യുന്നില്ല. അമ്മയെ സഹായിക്കുന്നതാരെന്നോ അമ്മയുടെ സുഹൃത്തുക്കളാരെന്നോ കുട്ടിയോട് പറയുന്നില്ല. ഒരിക്കൽ, മകൾ അമ്മയെ സംശയിക്കാനിടയാകുന്ന സാഹചര്യവും ഇങ്ങനെയുണ്ടാകുന്നതാണ്. വീട്ടിലേക്ക് സാധനങ്ങൾ വാങ്ങാൻ പോകുമ്പോൾ ഒപ്പം കൂട്ടുകയോ ഓരോ സാധനങ്ങളുടെയും വിലനിലവാരവും ജീവിതച്ചെലവുകളും കടബാധ്യതകളും ബോധ്യപ്പെടുത്തിക്കൊടുക്കുകയോ ചെയ്യുന്നില്ല. പകരം അവൾക്ക് സ്കൂളിൽ പോകുമ്പോൾ അല്ലറചില്ലറ ചെലവിലേക്കായി നിത്യവും പത്തും ഇരുപതും രൂപാ വീതം നൽകുന്നു. മകൾക്കൊപ്പം ഷോപ്പിംഗിനു പോകുമ്പോൾ അവൾക്ക് ആഗ്രഹിക്കുന്നതൊക്കെ വാങ്ങിക്കൊടുക്കുകയും സ്വന്തം ആവശ്യങ്ങൾ അവഗണിക്കുകയും ചെയ്യുന്നു. മക്കൾക്ക് എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുകയും അല്ലൽ അറിയാതെ വളർത്തുകയും ചെയ്താൽ അവർ വലിയവരാകും എന്ന സാധാരണക്കാരായ എല്ലാ മാതാപിതാക്കളുടെയും അബദ്ധധാരണ തന്നെയാണ് സുജാതയും വെച്ചുപുലർത്തുന്നത്. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം അസംബന്ധമായിത്തീരുന്നതും സംഘർഷങ്ങൾ ഉടലെടുക്കുന്നതും ഇങ്ങനെയാണ്.

ന്യൂഡിൽസ് അല്ലാതെ മറ്റൊന്നും ഉണ്ടാക്കിത്തിന്നാൻ അറിയാത്ത-അമ്മ അസുഖബാധിതയായി കിടക്കുമ്പോൾ അവരെ ശുശ്രൂഷിക്കണമെന്നറിയാത്ത പതിനഞ്ച് വയസ്സുകാരിയായ മകളെ സൃഷ്ടിച്ചത് ആ അമ്മതന്നെയാണ്. ക്രൂരമെന്നു തോന്നാവുന്ന

വാക്കുകളിലൂടെ മകൾ വിമർശിക്കുമ്പോൾ അവൾക്കുവേണ്ടി മാത്രം ജീവിക്കുന്ന സുജാതയ്ക്ക് അത് സഹിക്കാനാകുന്നില്ല; എന്നാൽ അവൾ എന്തൊക്കെ സഹിക്കുന്നു എന്നറിയാത്ത കുട്ടിക്ക് അവളുടെ തേങ്ങൽ തിരിച്ചറിയാനാകാത്തത് സ്വാഭാവികം മാത്രമാണ്. ആതിരയുടെ ക്ലാസിൽ കണക്കിന് എന്നും ഒന്നാമനാകുന്ന ആൺകുട്ടിക്ക് ലക്ഷ്യബോധമുണ്ടാകുന്നത് താങ്ങും തണലുമില്ലാതെ വളരുന്നതിന്റെ ബുദ്ധിമുട്ട് അനുഭവിക്കുന്നതുകൊണ്ടാണ്. അദ്ധ്വാനത്തിന്റെ വിലയറിയുന്നവൻ ആയതുകൊണ്ടാണ് അവൻ സമപ്രായക്കാരായ കുട്ടികളെപ്പോലെ ധൂർത്തൻ ആകാത്തത്. ഒരേ സിനിമയിൽത്തന്നെ ഈ വൈരുദ്ധ്യം മനഃപൂർവമോ അല്ലാതെയോ ചിത്രീകരിക്കപ്പെടുന്നുണ്ട്. മാതാപിതാക്കൾ തങ്ങൾക്കുവേണ്ടി എന്തൊക്കെ ത്യാഗങ്ങൾ സഹിക്കുന്നു എന്ന് സ്വയം ബോധ്യപ്പെട്ടാൽ മാത്രമേ അവർ ആ അദ്ധ്വാനത്തെ അംഗീകരിക്കുകയുള്ളൂ. അല്ലാത്തപക്ഷം അവർ തന്റെ സമപ്രായക്കാരിൽ എല്ലാ സൗഭാഗ്യങ്ങളും ഉള്ളവരുമായി സ്വന്തം അവസ്ഥ താരതമ്യം ചെയ്യുകയും തനിക്ക് ഇല്ലാത്തതിനെചൊല്ലി വിലപിക്കുകയും അതൊന്നും തനിക്ക് നേടിത്തരാൻ കഴിയാത്ത സ്വന്തം മാതാപിതാക്കളോട് കലഹിക്കുകയും ചെയ്യും. എന്തുണ്ട് എന്നതല്ല എന്തില്ല എന്നതിന്റെ കണക്കെടുപ്പ് മാത്രമാകും അവർ നടത്തുക. തത്ഫലമായി കുട്ടികളിൽ അപകർഷതാബോധം വളരുകയും മാതാപിതാക്കൾ ശത്രുക്കളായിത്തീരുകയും അവർ ലക്ഷ്യബോധം നശിച്ചവരായിത്തീരുകയും ചെയ്യും. ഇതൊക്കെ മാതാപിതാക്കളുടെ സ്ഥാനത്ത് എത്തിയശേഷം അവർ തിരിച്ചറിഞ്ഞോളും എന്ന വാദത്തിൽ ന്യായമില്ല; അതുകൊണ്ട് പ്രയോജനവുമില്ല. സ്വയമറിയാതെയാണെങ്കിൽപ്പോലും മാതാപിതാക്കൾ തന്നെയായിരിക്കും അവരുടെ ദുരവസ്ഥയ്ക്ക് കാരണക്കാരാവുക.

സിനിമ മുന്നോട്ടുവെയ്ക്കുന്ന രണ്ടാമത്തെ പാഠം കുട്ടികളുടെ ലക്ഷ്യബോധമില്ലായ്മയാണ്. പാഠപുസ്തകങ്ങൾ യാന്ത്രികമായി പഠിക്കുകയും പരീക്ഷ എഴുതുകയും ജയിക്കുകയോ തോൽക്കുകയോ ചെയ്യുന്നതിനുമപ്പുറം തന്റെ ലക്ഷ്യമെന്താണെന്നതിനെപ്പറ്റിയുള്ള ബോധ്യം കുട്ടികളിൽ ഉണ്ടാക്കിയെടുക്കാൻ നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിനാകുന്നില്ല എന്നത് അതിന്റെ പോരായ്മ തന്നെയാണ്. പഠിക്കുന്നത് ജോലി കിട്ടാനാണെന്ന് പറയുന്നതിനപ്പുറം- വലുതാകുമ്പോൾ ആരായിത്തീരണമെന്ന ചോദ്യത്തിന് ഡോക്ടർ, എഞ്ചിനീയർ, പോലീസ്, കളക്ടർ, ടീച്ചർ എന്നിങ്ങനെഎണ്ണിച്ചുട്ട അപ്പം കണക്കിനുള്ള ഏതാനും മറുപടികളിൽ അത് ഒതുങ്ങും. എന്നാൽ ഇത്രയൊക്കെയേ ഉള്ളോ

**സിനിമ മുന്നോട്ടുവെയ്ക്കുന്ന രണ്ടാമത്തെ പാഠം കുട്ടികളുടെ ലക്ഷ്യബോധമില്ലായ്മയാണ്. പാഠപുസ്തകങ്ങൾ യാന്ത്രികമായി പഠിക്കുകയും പരീക്ഷ എഴുതുകയും ജയിക്കുകയോ തോൽക്കുകയോ ചെയ്യുന്നതിനുമപ്പുറം തന്റെ ലക്ഷ്യമെന്താണെന്നതിനെപ്പറ്റിയുള്ള ബോധ്യം കുട്ടികളിൽ ഉണ്ടാക്കിയെടുക്കാൻ നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിനാകുന്നില്ല എന്നത് അതിന്റെ പോരായ്മ തന്നെയാണ്.**

തൊഴിൽ സാധ്യതകൾ? കുട്ടികളുടെ ആഗ്രഹങ്ങൾ ഇത്രമാത്രം സങ്കുചിതമാകുന്നത് മുതിർന്നവരുടെ പരിമിതികളുള്ള കാഴ്ചപ്പാടുകൾ കുട്ടികളിലൂടെ പുറത്തേക്ക് വരുന്നു എന്നതുകൊണ്ടാണ്. കുട്ടി പറയുന്ന ആഗ്രഹം കുട്ടിയുടേതല്ല; മുതിർന്നവരുടേതാണ് എന്നർത്ഥം. വലുതാകുമ്പോൾ താത്പര്യം തോന്നുന്ന ഒരു മേഖലയിൽ പ്രതിഭ തെളിയിക്കണമെന്നാണ് ആഗ്രഹം എന്ന് നമ്മുടെ നാട്ടിലെ ഏതെങ്കിലും കുട്ടികൾ പറയുമെന്ന് പ്രതീക്ഷിക്കുക വയ്യ! കലാ-കായിക-ശാസ്ത്ര-സാങ്കേതിക-സൗന്ദര്യാദിയായ വിഷയങ്ങളിൽ എത്രയോ സങ്കീർണ്ണമായ മേഖലകളും അതിൽത്തന്നെ പ്രതിഭയുള്ളവരും ഉണ്ടായിവരേണ്ടത് രാജ്യത്തിന്റെതന്നെ അഭിവൃദ്ധിക്ക് ആവശ്യമാണ്. പേരും പ്രശസ്തിയും കിട്ടുന്ന ഏതെങ്കിലും ഒരു തൊഴിലിൽ മാത്രം വിദഗ്ദ്ധരായ ആയിരക്കണക്കിനോ ലക്ഷക്കണക്കിനോ വരുന്ന കുട്ടികൾക്ക് പരിശീലനം നൽകുന്നതിലല്ല കാര്യം. പേരും പ്രശസ്തിയുമൊന്നുമില്ലാത്ത ഒരു മേഖലയിൽ പ്രതിഭ തെളിയിക്കാൻ കഴിയുന്ന മിടുക്കരായ വിദ്യാർത്ഥികളെ വാർത്തെടുക്കാൻ കഴിയുന്നതിലൂടെ എല്ലാ മേഖലകളെയും പ്രശസ്തമാക്കിത്തീർക്കണം. അതിന് ബഹുമുഖമായ കഴിവുകളുള്ള കുട്ടികളെ അവരുടെ താത്പര്യങ്ങൾ അറിഞ്ഞ് പ്രോത്സാഹിപ്പിക്കാനുള്ള മനസ്സും ശ്രദ്ധയും മുതിർന്നവർ ഉണ്ടാക്കിയെടുക്കണം. അതിനുള്ള ബോധവത്കരണം മുതിർന്ന ആളുകളെ

കേന്ദ്രീകരിച്ചാണ് സംഘടിപ്പിക്കേണ്ടത്.

മറ്റൊരു പ്രധാനപ്രശ്നം മാതാപിതാക്കളുടെയും കുട്ടികളുടെയും അപകർഷതാബോധമാണ്. സിനിമയുടെ ആദ്യഭാഗത്ത് സുജാതയെ സ്വന്തം അമ്മയാണെന്നു പറഞ്ഞ് കൂട്ടുകാരോട് പരിചയപ്പെടുത്താൻ മടി കാണിക്കുന്ന വിദ്യാർത്ഥിനിയാണ് ആതിര. സ്വന്തം മക്കൾ പഠിക്കുന്ന വിദ്യാലയത്തിൽ അവരുടെ സഹപാഠികൾ ആരൊക്കെ? അവരുടെ ചുറ്റുപാടുകൾ എന്തൊക്കെ? എന്നൊക്കെ അന്വേഷിക്കുന്നതുകൂടി മാതാപിതാക്കളുടെ ശ്രദ്ധയിൽ വരേണ്ട കാര്യമാണ്. കുട്ടിയെ എല്ലാവിധ ഭൗതിക സൗകര്യങ്ങളും ഒരുക്കിക്കൊടുത്ത് സ്കൂളിലേക്ക് പറഞ്ഞുവിട്ടാൽ എല്ലാമായി എന്ന വിചാരം അവരെ കൊണ്ടെത്തിക്കുന്ന ചതിക്കുഴികൾ ഈ സിനിമയുടെ വിഷയമല്ലെങ്കിലും മാതാപിതാക്കളുടെ വിഷയമാകേണ്ടതാണ്. ആതിരയുടെ വീട്ടിലേക്ക് ഒരിക്കൽപ്പോലും സുഹൃത്തുക്കൾ കടന്നുവരികയോ അവൾ മറ്റുള്ളവരുടെ വീടുകളിൽ പോവുകയോ ചെയ്യുന്നില്ല. അവളെ കുറച്ച് സമയത്തേക്ക് കാണാതാകുമ്പോൾ സുജാതയ്ക്ക് ആരോടും വിളിച്ച് അന്വേഷിക്കാൻ ഇല്ലാതെ പോകുന്നതും അതുകൊണ്ടാണ്. ആതിര പതിവിലധികം പണം കൊണ്ടുവരികയും ചെലവഴിക്കുകയും ചെയ്യുമ്പോൾ കൂട്ടുകാർക്ക് സംശയം തോന്നാതിരിക്കുന്നതും അവളുടെ വീട്ടിലെ സാഹചര്യങ്ങൾ അറിയാത്തതുകൊണ്ടാണ്. മിക്കവാറും പാവപ്പെട്ടവരായ മാതാപിതാക്കൾ മക്കളെ ഏറ്റവും കൂടുതൽ ഫീസുള്ള മികച്ച സ്കൂളുകളിൽ പഠിക്കാൻ ആക്കുകയും അവരുടെ സഹപാഠികൾക്കു മുന്നിൽ താൻ വിലകുറഞ്ഞവനാണെന്നത് സ്വന്തം കുട്ടിക്ക് അപമാനമാകും എന്നുകരുതി മറഞ്ഞുനിൽക്കുകയും ചെയ്യാറുണ്ട്. മുതിർന്നവരുടെ ഈ അപകർഷതാബോധം കുട്ടികളിലേക്ക് പകരുന്നത് സ്വാഭാവികമായിട്ടായിരിക്കും. ഇത്തരം അപകർഷതകൾ ഇല്ലാതെ ഇടപെടാൻ മുതിർന്നവർ തയ്യാറായാൽ കുട്ടികളിലും അപകർഷതാബോധം വളരുകയില്ല.

സിനിമയിലെ സുജാത എന്ന കഥാപാത്രം, മകളുടെ ലക്ഷ്യബോധമില്ലായ്മ ഒരു പ്രശ്നമാണെന്ന് തിരിച്ചറിയുകയും അതിനു പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യുന്ന വ്യക്തിയാണ്. സുജാത എന്ന സ്ത്രീ പ്രതിനിധാനം ചെയ്യുന്ന ശരാശരിയിലും തഴെമാത്രം വരുമാനമുള്ള സാധാരണക്കാരനാണ് മക്കളെപ്പറ്റി സ്വപ്നങ്ങൾ മെനയുന്നത്. അല്ലലില്ലാതെ ജീവിച്ചുപോകാൻ കഴിയുന്നത്ര സാമ്പത്തിക ചുറ്റുപാടുകളുള്ള വീട്ടമ്മമാരായ ഭൂരിപക്ഷവും കുട്ടികളെ പഠിക്കാനയക്കുന്നത് ഒരു നിശ്ചിതപ്രായം വരെ എന്തെങ്കിലുമൊക്കെ പഠിപ്പിച്ച് ആൺകുട്ടികളാണെങ്കിൽ ജോലിക്ക് വിടാനും പെൺകുട്ടികളാണെങ്കിൽ വിവാഹം കഴിപ്പിച്ചയക്കാനും വേണ്ടി മാത്രമാണ്. അത്തരക്കാരെ സംബന്ധിച്ച് ജീവിതത്തെ സംബന്ധിച്ച് വലിയ സ്വപ്നങ്ങളൊന്നുമില്ല. അങ്ങനെയൊക്കെയങ്ങ് ജീവിച്ചു പോകണം എന്ന മട്ടിലുള്ള ഒരു ഒഴുക്കൻ സമീപനമാണ് അവർക്ക് കുട്ടികളുടെ കാര്യത്തിലുള്ളത്. അതുകൊണ്ടുതന്നെ, അത്തരം സമീപനം പുലർത്തുന്ന വീടുകളിൽ ജനിക്കുന്ന കുട്ടികളും സങ്കുചിതമനസ്കരായിത്തീരുന്നു. പ്രതിഭയുള്ള കുഞ്ഞുങ്ങൾ അത്തരം സാഹചര്യങ്ങളിൽ വന്നുപിറന്നാലും ആവശ്യമായ പ്രോത്സാഹനങ്ങൾ ലഭിക്കാതെ മുരടിക്കുകയേ ഉള്ളൂ. അതുകൊണ്ട് കുട്ടികൾക്ക് മാത്രമല്ല അവരുടെ മാതാപിതാക്കൾക്കും മക്കളെപ്പറ്റി സ്വപ്നങ്ങളും പ്രതീക്ഷകളും ഉണ്ടാകണം. കുട്ടികൾ സ്വന്തമായി ആഗ്രഹങ്ങളുള്ളവരാണെങ്കിൽ അവരെ അതിലേക്ക് എത്തിക്കാൻ വേണ്ട സഹായം നൽകുക എന്നതാകണം മുതിർന്നവരുടെ ലക്ഷ്യം. അത്തരം സ്വപ്നങ്ങളില്ലാത്ത കുട്ടികൾക്ക് ലക്ഷ്യബോധമുണ്ടാക്കിക്കൊടുക്കുക എന്നതും മാതാപിതാക്കളുടെ ഉത്തരവാദിത്തമാണ്. ജീവിതത്തോട് ഉദാസീനമനോഭാവം കാണിക്കുന്നത് കുട്ടികളായാലും മുതിർന്നവരായാലും അക്ഷന്തവ്യമാണ്. മാതാപിതാക്കൾ, തങ്ങളുടെ അത്യാഗ്രഹങ്ങൾ ആഗ്രഹങ്ങളെന്ന പേരിൽ കുട്ടികളിൽ അടിച്ചേൽപ്പിക്കുന്ന പ്രവണതയും അംഗീകരിക്കാൻ കഴിയില്ല. വിദ്യാഭ്യാസം എന്നത് ഒരു പ്രത്യേകപ്രായം കഴിഞ്ഞാൽ അല്ലെങ്കിൽ തൊഴിൽ കിട്ടിക്കഴിഞ്ഞാൽ അവസാനിപ്പിക്കേണ്ട

**സിനിമയിലെ സുജാത എന്ന കഥാപാത്രം, മകളുടെ ലക്ഷ്യബോധമില്ലായ്മ ഒരു പ്രശ്നമാണെന്ന് തിരിച്ചറിയുകയും അതിനു പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യുന്ന വ്യക്തിയാണ്. സുജാത എന്ന സ്ത്രീ പ്രതിനിധാനം ചെയ്യുന്ന ശരാശരിയിലും തഴെമാത്രം വരുമാനമുള്ള സാധാരണക്കാരനാണ് മക്കളെപ്പറ്റി സ്വപ്നങ്ങൾ മെനയുന്നത്.**

**സ്വന്തം താത്പര്യം ഏതേതുമേഖലയിലാണെന്നത് ഓരോ കുട്ടിയും തിരിച്ചറിയുന്നത് വ്യത്യസ്ത പ്രായത്തിലായിരിക്കും. അതുകൊണ്ട്, എന്തായിത്തീരണം എന്നതിനൊരു മറുപടി ഇല്ലെങ്കിലും എന്തായിത്തീരരുത് എന്നതിനെങ്കിലും കുട്ടികൾ മറുപടി ഉള്ളവരായിരിക്കണം. മാതാപിതാക്കളും കുട്ടിയും തമ്മിലുള്ള ബന്ധം കുറെക്കൂടി സുതാര്യമാകണം.**

സുതാര്യമാകണം.അതിന് മാതാപിതാക്കളുടെ സന്തോഷം മാത്രമല്ല സങ്കടങ്ങളും കുട്ടികളുമായി പങ്കുവെയ്ക്കണം. 'അമ്മയാണ് അല്ലെങ്കിൽ അച്ഛനാണ് അതോർമ്മവേണം' എന്ന പറച്ചിലിലൂടെ അകലം സൃഷ്ടിക്കുന്നതുകൊണ്ട് ഗുണമില്ല. കുടുംബത്തിലെ ഇല്ലായ്മകളും വല്ലായ്മകളും കുട്ടികൾ അറിയണം; അതേസമയം ആ ഇല്ലായ്മകൾ അവരുടെ പരിമിതികളല്ല എന്ന് ബോധ്യപ്പെടുത്താനും സാധിക്കണം. ചെറുപ്രായം മുതൽതന്നെ സ്വന്തം കാര്യങ്ങളിൽ സ്വയം പര്യാപ്തരായിരിക്കാൻ അവരെ ആൺ-പെൺഭേദമില്ലാതെ പരിശീലിപ്പിക്കണം. എല്ലാം ചെയ്തുകൊടുക്കുന്നതിലല്ല മഹത്വം കാണേണ്ടത്; മറിച്ച് ചെയ്തുകൊടുക്കാൻ ആളില്ലാതായാലും ചെയ്യാൻ അവർ പ്രാപ്തരായിരിക്കണം എന്ന്



ഒന്നാണെന്ന ബോധ്യവും തിരുത്തേണ്ടതാണ്. ഇങ്ങനെപരസ്പരബന്ധിതമായിരിക്കുന്ന നിരവധി പ്രശ്നങ്ങൾ ഈ സിനിമ ആന്തരികമായി ഉൾക്കൊള്ളുന്നു.

സ്വന്തം താത്പര്യം ഏതേതുമേഖലയിലാണെന്നത് ഓരോ കുട്ടിയും തിരിച്ചറിയുന്നത് വ്യത്യസ്ത പ്രായത്തിലായിരിക്കും. അതുകൊണ്ട്, എന്തായിത്തീരണം എന്നതിനൊരു മറുപടി ഇല്ലെങ്കിലും എന്തായിത്തീരരുത് എന്നതിനെങ്കിലും കുട്ടികൾ മറുപടി ഉള്ളവരായിരിക്കണം. മാതാപിതാക്കളും കുട്ടിയും തമ്മിലുള്ള ബന്ധം കുറെക്കൂടി

ബോധ്യപ്പെടുത്തിവേണം അവരെ ഓരോ നിസ്സാരകാര്യങ്ങളിൽപ്പോലും പങ്കാളികളാക്കേണ്ടത്. സിനിമയിലെ സുജാതയെപ്പോലെ പ്രശ്നങ്ങൾ ഉണ്ടായാൽ നേരിടുകതന്നെവേണം. എന്നാൽ, അതിനേക്കാൾ നല്ലത് പ്രശ്നങ്ങൾ ഇല്ലാതിരിക്കാൻ എന്തുചെയ്യണം എന്ന് സുജാതയുടെ വീഴ്ചകളിൽ നിന്ന് പഠിക്കുന്നതാണ്. ആ അർത്ഥത്തിൽ സിനിമ ആന്തരികമായി ഉൾക്കൊള്ളുന്ന സുജാതയുടെ വീഴ്ചകൾ നമ്മുടെ വീഴ്ചകൾ ആകാതിരിക്കുന്നതിനും ബാഹ്യമായി അവർ അതിനെനേരിടുന്നവിധം പ്രശ്നപരിഹാരത്തിനും നമുക്കുമുന്നിൽ ഉദാഹരണം തന്നെയാണ്..

സീമ ശ്രീലയം



# ഈ ജീവിതം ഒരു പാഠപുസ്തകം

ശാസ്ത്രപഠനമൊന്നും പെൺകുട്ടികൾക്ക് പറഞ്ഞിട്ടുള്ളതല്ലെന്ന് ഉറച്ചു വിശ്വസിക്കപ്പെട്ടിരുന്ന ഒരു കാലത്ത്, എന്തിന് പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്ന കാലത്ത് പ്രതിസന്ധികളോടും അവഗണനകളോടും വിവേചനങ്ങളോടും പടവെട്ടി ശാസ്ത്ര വിസ്മയങ്ങളുടെ ആകാശം കൈയെത്തിപ്പിടിച്ച വനിത , യാതൊരു ആധുനിക സൗകര്യങ്ങളും ഇല്ലാതിരുന്ന ഒരു കുഞ്ഞുപരീക്ഷണശാലയിൽ നടത്തിയ പരീക്ഷണങ്ങളിലൂടെ രണ്ടു തവണ നൊബേൽ സമ്മാനത്തിനർഹയായ വ്യക്തി...പറഞ്ഞുവരുന്നത് മാഡം ക്യൂറിയെക്കുറിച്ചു തന്നെ. ശാസ്ത്രം തന്നെ ജീവിതം എന്നു തെളിയിച്ച ഈ ശാസ്ത്രജ്ഞയുടെ നൂറ്റി അൻപതാം ജന്മവാർഷികം ഈ വർഷം ലോകമെങ്ങും കൊണ്ടാടുകയാണ് . മാഡം ക്യൂറിക്ക് രസതന്ത്ര നൊബേൽ ലഭിച്ചതിന്റെ നൂറാം വാർഷികമായ 2011 യു.എൻ രാജ്യാന്തര രസതന്ത്ര വർഷമായാണ് ആചരിച്ചത്.

1867 നവംബർ 7 ന് പോളണ്ടിലെ വാഴ്സായിൽ വ്ലാഡിസ്ലാവ് സ്ക്ലോഡോവ്സ്കയുടെയും ബ്രോണിസ്ലാവയുടെയും അഞ്ചു മക്കളിൽ ഇളയ കുട്ടിയായാണ്  വീട്ടിൽ മന്യ എന്നു വിളിപ്പേരുണ്ടായിരുന്ന മാഡം ക്യൂറിയുടെ ജനനം. സാർ ചക്രവർത്തിമാരുടെ അധിനിവേശവും അടിച്ചമർത്തലുകളുമൊക്കെ കുട്ടിക്കാലത്തിന്റെയും വിദ്യാലയാന്തരീക്ഷത്തിന്റെയും നിറപ്പകിട്ടില്ലാതാക്കി. പല സ്ഥലങ്ങളിൽ മാറി മാറി രഹസ്യമായി നടത്തപ്പെട്ടുകൊണ്ടിരുന്ന സ്ക്കൂളുകൾ ഫ്ലൈയിങ് സ്ക്കൂളുകൾ എന്നാണറിയപ്പെട്ടിരുന്നത്. അധ്യാപകരായ മന്യയുടെ മാതാപിതാക്കൾ മക്കളുടെ പഠനത്തെ പ്രോൽസാഹിപ്പിച്ചു. പോളിഷ് ഭാഷയെയും സംസ ്കാരത്തെയും അടിച്ചമർത്തുന്നതിനെതിരെ പ്രതികരിച്ചതിന്റെ പേരിൽ മന്യയുടെ പിതാവിന് ജോലി നഷ്ടമായി. കടുത്ത സാമ്പത്തിക പ്രതിസന്ധി, മന്യക്ക്  വെറും പതിനൊന്നു വയസ്സുള്ളപ്പോൾ അമ്മയുടെ മരണം, അതിനും മുൻപേ വിടപറഞ്ഞ മൂത്ത സഹോദരി ഇതെല്ലാം ആ പെൺകുട്ടിയെ ഏറെ തളർത്തുകയും വിഷാദരോഗത്തിന്റെ വക്കിലെത്തിക്കുകയും ചെയ്തു. എങ്കിലും ക്രമേണ പഠനത്തിൽ മുഴുകി നല്ല നിലയിൽത്തന്നെ ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർ വിദ്യാഭ്യാസം ,പ്രത്യേകിച്ചും പെൺകുട്ടികൾക്ക് ഒരു പ്രശ്നം തന്നെയായിരുന്നു. പെൺകുട്ടികൾക്ക് പ്രവേശനം നൽകാൻ പോലും മിക്ക സർവ്വകലാശാലകളും തയ്യാറായിരുന്നില്ല. പിന്നെ പാരീസിൽ സോർബോൺ സർവ്വകലാശാലയിൽ പോയി പഠിക്കാൻ മന്യയും ചേച്ചിയും ആഗ്രഹിച്ചെങ്കിലും സാമ്പത്തിക പ്രതിസന്ധി ആ മോഹത്തിനു വിലങ്ങുതടിയായി. അതിനും ആ പെൺകുട്ടി പോംവഴി കണ്ടെത്തി. ചേച്ചി ബ്രോണിയ ആദ്യം പാരീസിൽ പോയി വൈദ്യശാസ്ത്രം പഠിക്കട്ടെ. പിന്നെ താൻ പോവാം. അതിനിടയിൽ വീട്ടുജോലികൾ ചെയ്തും ട്യൂഷനെടുത്തും പ്സ്ണം സ്വരുക്കൂട്ടാനും തുടങ്ങി. അക്കാലത്തുണ്ടായ പ്രണയ പരാജയം ആ പെൺകുട്ടിയെ ഉലച്ചെങ്കിലും ഉന്നതവിദ്യാഭ്യാസം എന്ന സ്വപ്നം നിറവേറ്റാൻ ശ്രമങ്ങൾ തുടർന്നു. ഒടുവിൽ 1891 ൽ സോർബോൺ സർവ്വകലാശാലയിൽ ഊർജതന്ത്രവും ഗണിതവും പഠിക്കാൻ  ചേർന്നതോടെ അവളുടെ ലോകം വിശാലമായി. കടുത്ത ദാരിദ്ര്യത്തെയും വിശപ്പിനെയും  അതിജീവിച്ച് ബിരുദവും ബിരുദാനന്തര ബിരുദവും റാങ്കോടെ പാസ്സായി. അവിടെ വച്ചു തന്നെ ജീവിത പങ്കാളിയായി പിയറി ക്യൂറിയെ തെരഞ്ഞെടുക്കുകയും ചെയ്തു.

സോർബോൺ സർവ്വകലാശാലയിലെ ഉപയോഗശൂന്യമായ ഒരു മുറി, അതായിരുന്നു അവരുടെ പരീക്ഷണശാല. ഗവേഷണമാവട്ടെ റേഡിയോആക്റ്റീവത സംബന്ധിച്ചുള്ളതും. പിച്ച് ബ്ലെൻഡ് എന്ന ധാതുവിൽ യുറേനിയത്തിനു പുറമെ ഒളിഞ്ഞിരിക്കുന്ന മൂലകങ്ങളെ തേടിയായിരുന്നു ഗവേഷണം. പിച്ച് ബ്ലെൻഡ് ഇടിക്കൽ, പൊടിക്കൽ, വലിയ പാത്രങ്ങളിലിട്ട് ഇളക്കൽ എന്നിങ്ങനെ കഠിനമായ അധ്വാനത്തിന്റെ

ദിനങ്ങളായിരുന്നു അത്. ഒടുവിൽ ക്യൂറി ദമ്പതികൾ 1898 ൽ പൊളോണിയം എന്ന റേഡിയോ ആക്റ്റീവ് മൂലകം വേർതിരിച്ചെടുത്തു. ഒരു ടൺ അയിരിൽ നിന്നും ഏതാനും മില്ലിഗ്രാം മൂലകം ! ആ വർഷാവസാനം റേഡിയവും കണ്ടുപിടിച്ചു.1903 ലെ ഊർജതന്ത്ര നൊബേൽ ഹെന്രി ബെക്വറലിനൊപ്പം ക്യൂറി ദമ്പതികൾ പങ്കിട്ടു. സ്ത്രീയായതുകൊണ്ടു തന്നെ മാഡം ക്യൂറിയെ നൊബേൽ പട്ടികയിൽ പരിഗണിക്കാതിരിക്കാനുള്ള ശ്രമം പോലും നടന്നിരുന്നു !

നൊബേൽ ലബ്ധിയോടെ ഇവരുടെ പ്രശസ്തി വാനോളം ഉയർന്നു. അപ്പോഴും തന്റെ കണ്ടുപിടിത്തങ്ങൾക്ക് പേറ്റന്റ് എടുക്കാനോ പണമുണ്ടാക്കാനോ ശ്രമിച്ചില്ല. ലളിത ജീവിതമായിരുന്നു മുഖമുദ്ര. ക്യൂറി ദമ്പതികൾക്ക് രണ്ട് പെൺകുട്ടികളും പിറന്നു. ഐറീനും ഈവും. അമ്മയായിട്ടും മാഡം ക്യൂറി ഗവേഷണങ്ങൾക്ക് അവധി നൽകിയില്ല. എന്നാൽ പിയറിയുടെ വിയോഗം ആ കുടുംബത്തെ വല്ലാതെ ഉലച്ചു. 1906 ൽ റോഡ് മുറിച്ചുകടക്കുമ്പോൾ ഒരു കുതിരവണ്ടിച്ചക്രത്തിന്റെ ഇടയിൽപ്പെട്ടായിരുന്നു ദാരുണാന്ത്യം. എങ്കിലും ക്രമേണ ഗവേഷണത്തിലേക്ക് തിരിച്ചുവന്ന മാഡം ക്യൂറി ഊർജതന്ത്ര പ്രഫസറായും റേഡിയം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്റ്ററായും പ്രവർത്തിച്ചു. 1911 ൽ രസതന്ത്ര നൊബേൽ ഈ ശാസ്ത്രജ്ഞയെ തേടിയെത്തി. ഒന്നാം ലോകമഹായുദ്ധകാലത്ത് ഫ്രാൻസിൽ സൈനികരെ സഹായിക്കാനായി എക്സ് റേ യൂണിറ്റുകൾ സജ്ജമാക്കാൻ മുന്നിട്ടിറങ്ങാനും അവർ മടിച്ചില്ല. തന്റെ മകൾ ഐറീനെപ്പോലെ ഒരുപാടു പെൺകുട്ടികളെ ശാസ്ത്രഗവേഷണത്തിലേക്ക് കൊണ്ടുവരാനും മാഡം ക്യൂറിക്ക് സാധിച്ചു.

രണ്ട് നൊബേൽ സമ്മാനം ലഭിച്ചിട്ടും സ്ത്രീയെന്ന നിലയിൽ നേരിടേണ്ടി വന്ന വിവേചനങ്ങൾക്ക് അവസാനമുണ്ടായിരുന്നില്ല. പോളണ്ടിൽ നിന്ന് ഫ്രാൻസിലേക്ക് വന്ന ഒരു വനിത ശാസ്ത്രത്തിൽ വിസ്മയങ്ങൾ വിരിയിക്കുന്നത് പല ശാസ്ത്രജ്ഞർക്കും സഹിക്കാൻ കഴിഞ്ഞിരുന്നില്ല. ഫ്രഞ്ച് അക്കാദമി ഓഫ് സയൻസസിക് അംഗമാവാൻ മൽസരിച്ചപ്പോൾ മാഡം ക്യൂറിക്കെതിരെ ആസൂത്രിതമായ നീക്കങ്ങൾ ചിലർ നടത്തുകയും അവർക്കെതിരെ മൽസരിച്ച എഡ്വേർഡ് ബ്രാൻലിയെ ജയിപ്പിക്കുകയും ചെയ്തു. രണ്ടു തവണ നൊബേൽ നേടിയ വനിതയോട് അക്കാദമിയിൽ സ്ത്രീകൾ ആവശ്യമില്ല എന്നു പറഞ്ഞ ശാസ്ത്രജ്ഞർ പോലുമുണ്ടായിരുന്നു. പോൾ ലാംഗ്വിൻ എന്ന ശാസ്ത്രജ്ഞനെയും മാഡം ക്യൂറിയെയും ചേർത്ത് നിറം പിടിപ്പിച്ച കഥകൾ പോലും പ്രചരിപ്പിക്കപ്പെട്ടു.

റേഡിയോ ആക്റ്റീവ് വികിരണങ്ങളുടെ ഭവിഷ്യത്തുകളെക്കുറിച്ച് വലിയ ധാരണയില്ലാതിരുന്ന അക്കാലത്ത് സുരക്ഷാ സംവിധാനങ്ങളൊന്നുമില്ലാതെ കൈകൊണ്ടാണ് ഇത്തരം പദാർഥങ്ങൾ കൈകാര്യം ചെയ്തിരുന്നത്. അതിന്റെ ഫലമായി ബാധിച്ച അപ്ലാസ്റ്റിക് അനീമിയ രോഗം ശരീരത്തെ കാർന്നുതി ന്നുമ്പോഴും മാഡം ക്യൂറി ഗവേഷണങ്ങളിൽ മുഴുകി. ഒടുവിൽ 1934 ജൂലൈ 4 ന് ഫ്രാൻസിൽ വച്ച് ,ശാസ്ത്രത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ആ ശാസ്ത്ര വിസ്മയം നമ്മോടു വിടപറഞ്ഞു. നമുക്ക് എന്നുമൊരു പാഠപുസ്തകം തന്നെയാണ് ഈ വനിതയുടെ ജീവിതം.

**അനുശ്രീ എസ്.എസ്**
**പ്ലസ്ടു, ജി.എച്ച്.എസ്.എസ്.മാടങ്കാവ്**

# കാർട്ടൂൺ






Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara



വര : ആർച്ച
൭൦ം ക്ലാസ്സ്, ഭവൻസ് വിദ്യാമന്ദിർ, തൃശൂർ

# പെൺകുട്ടി



വര : അർത്ഥന
൭ാം ക്ലാസ്സ്, ഭവൻസ് വിദ്യാമന്ദിർ, തൃശൂർ

# ചിത്രങ്ങൾ



വര : അർത്ഥന

൯ാം ക്ലാസ്സ്, ഭവൻസ് വിദ്യാമന്ദിർ, തൃശൂർ



**വര : ആർച്ച**
**൯ാം ക്ലാസ്സ്, ഭവൻസ് വിദ്യാമന്ദിർ, തൃശൂർ**